Date of publication: 9 സെപ്തംബർ 2015
വോള്യം 10 / ലക്കം 3 / വില 20₹
ISSN 2319 – 9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത

## സ്ത്രീയുടെ സ്വത്തെന്ന സങ്കല്പവും സ്വത്തവകാശവും





Painting the Women's Movement
by Radhaben Garva, Zubaan, 2013.

# സംഘടിത

സെപ്തംബർ 2015 |വോള്യം 10 |ലക്കം 3

## ഉള്ളടക്കം


6 മേരിറോയിയുടെ നിയമയുദ്ധം - **ശ്രീരേഖ**

16 ആദിവാസികളിലെ പുതിയ തലമുറയ്ക്ക് പറയാനുള്ളത് - വിനീത എ.വി

20 സ്ത്രീ- സ്വത്ത്, തൊഴിൽ, അധികാരം - **ജെന്നി സുൽഫത്ത്**

25 വിശ്വാസികളായ സ്ത്രീകളുടെ സ്വത്തിനുവേണ്ടിയുള്ള സമരം
- **മഞ്ജു കുളപ്പുറം**

27. അവർ തമ്മിൽ (കവിത)രാധാമണി അയിങ്കലത്ത്

39 പെൺപക്ഷം - **അജിത കെ.**

40 വാസ്തവം - **ഡോ. ജാൻസി ജോസ്**

41 രാഷ്ട്രീയനിരീക്ഷണം - **ജ്യോതിനാരായണൻ**

43 പെൺമയുടെ ഉടലെഴുത്ത് പാപത്തറ മുൻനിർത്തി ഒരു വിചിന്തനം-
**ഡോ. ഗായത്രി കെ. പി.**

50 പുനർജ്ജനി (കഥ) - **ചാരുലത**

52 ലേഡീസ് കൂപ്പെ :
സ്ത്രൈണാനുഭവങ്ങളുടെ പെൺമുറി -**സോണി ജി.**

55 നിർഭയം ഈ യാത്ര - **ഹൈഫ**

58 ശാസ്ത്രം - **സീമ ശ്രീലയം**





11

ഭൂമിയെ സ്വത്തായിക്കണ്ടാൽ -
**വിനീത എ. വി/സി. കെ. ജാനു**





33

മുസ്ലിം സ്ത്രീകളുടെ അനന്ത
രാവകാശം : ചില വായനകൾ
-ദിൽഷാദ് ലില്ലി





28

സ്വത്തും
ദളിത് സ്ത്രീകളും
- പ്രിയ ചന്ദ്രൻ



| | | |
|---|---|---|
| എഡിറ്റർ | : | ഷീബ കെ.എം. |
| മാനേജിംഗ് എഡിറ്റർ | : | കെ. അജിത |
| എക്സി.എഡിറ്റർ | : | രാജലക്ഷ്മി കെ.എം. |
| ഗസ്റ്റ് എഡിറ്റർ | : | ശ്രീരേഖ എം.എസ്. |
| പത്രാധിപ സമിതി | : | ഡോ. ജാൻസി ജോസ്, ഗിരിജ പി. പാതേക്കര, ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത ടി.വി., അഡ്വ.കെ. കെ.പ്രീത, ഷീബാ ദിവാകരൻ, ഷംഷാദ് ഹുസൈൻ, കുസുമം ജോസഫ്, സുൽഫത്ത് |
| സർക്കുലേഷൻ മാനേജർ | : | ചാരുലത എ.എസ്. |
| ഉപദേശകസമിതി | : | സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ |
| ലേഔട്ട് & കവർ | : | സുവിജ |
| പ്രിന്റിംഗ് | : | ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934 |

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com

www.anweshi.org www.sanghaditha.com

# പത്രാധിപക്കുറിപ്പ്



ഷീബ കെ.എം.

അന്ധവിശ്വാസത്തിനും മതഫാഷിസത്തിനുമെതിരെ പോരാടിയ ഒരു ധീരപടയാളിയുടെ കൂടി ജീവൻ അതിക്രൂരമായി കവർന്നെടുക്കപ്പെട്ടു. മുമ്പ് നരേന്ദ്ര ദാബോൽക്കർക്കും ഗോവിന്ദ് പൻസാരെയ്ക്കും നേരിടേണ്ടി വന്ന വിധി പോലെ ഇപ്പോൾ എം.എം. കൽബുർഗിയ്ക്കും അന്ധവിശ്വാസത്തിനും വിഗ്രഹാരാധനയ്ക്കുമെതിരെ താൻ നടത്തിയ പോരാട്ടങ്ങൾക്ക് സ്വന്തം ജീവിതം കൊണ്ടാണ് വിലനൽകേണ്ടി വന്നത്. ഹിന്ദു ഫാഷിസ്റ്റുകൾക്ക് ഇവരുടെ പ്രവർത്തനങ്ങളെ ഹിംസകൊണ്ടു മാത്രമേ നേരിടാൻ കഴിഞ്ഞുള്ളൂ എന്ന കഠിന യാഥാർത്ഥ്യം ജനാധിപത്യത്തിനും മതനിരപേക്ഷതയ്ക്കും വേണ്ടിയുള്ള പ്രക്ഷോഭങ്ങൾക്ക് ആക്കം കൂട്ടാൻ നമ്മെ പ്രേരിപ്പിക്കേണ്ടതാണ്.

ഒരു വ്യക്തിക്ക് ചേർന്ന തൊഴിൽ തെരഞ്ഞെടുപ്പ് എന്നതിലപ്പുറം ഒരു ലിംഗപദവിക്ക് ചേർന്ന തൊഴിൽ എന്ന യുക്തിയാണ് നാം പലപ്പോഴും പിന്തുടരാറുള്ളത്. സ്ത്രീകൾക്ക് പറ്റിയ പണി, പറ്റാത്ത പണി എന്നിങ്ങനെയുള്ള ലിംഗഭേദവേർതിരിവുകൾ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തെ തന്നെ തടസ്സപ്പെടുത്തുന്നു. സ്വാതന്ത്ര്യാനന്തരം ജവഹർലാൽ നെഹ്റു കൽക്കരി ഖനികളിലെ തൊഴിലിൽ നിന്നും സ്ത്രീകളെ വിലക്കിയിരുന്നു. അപകടകരമായ തൊഴിലിൽ നിന്നും സ്ത്രീകൾ സംരക്ഷിക്കപ്പെടണമെന്നതായിരുന്നു ന്യായം. ഖനികൾ സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ അപകടകരമാണെന്ന യാഥാർത്ഥ്യം നിലനിൽക്കെ സ്ത്രീയെ സംരക്ഷണപട്ടികയിൽ ചേർക്കുന്നതിന്റെ ആൺകോയ്മയുക്തികളാണിവിടെ പ്രവർത്തിച്ചതെന്ന് കാണാം. രാത്രിതൊഴിലുകളിൽ സ്ത്രീകൾ ഏർപ്പെടണമോ എന്ന ചോദ്യത്തിനും സമാനതകളുണ്ട്. ബാറിൽ മദ്യം എടുക്കുന്ന ജോലിയിൽ സ്ത്രീകൾക്ക് വിലക്ക് കൽപിക്കാനാവില്ലെന്ന് ഹൈക്കോടതി ഇപ്പോൾ വിധി പുറപ്പെടുവിച്ചിരിക്കുകയാണ് എന്നത് ശ്രദ്ധേയവും സ്വാഗതാർഹവുമാണ്. തൊഴിലിലെ ലിംഗവിഭജനമല്ല മറിച്ച് ഏത് തൊഴിലും മാന്യമായും സ്വസ്ഥമായും ചെയ്യാൻ സ്ത്രീകൾക്ക് അന്തരീക്ഷമൊരുക്കുകയാണ് അത്യാവശ്യം എന്നതാണ് ആശാസ്യമായ നിലപാട്.

പതിനെട്ടാംവയസ്സിൽ വിവാഹിതയായി പതിമൂന്ന് വർഷത്തെ ദാമ്പത്യത്തിൽ മൂന്നുകുഞ്ഞുങ്ങളുണ്ടാവുകയും ചെയ്തശേഷം ഭർത്താവിനു മറ്റൊരു വിവാഹം ചെയ്യാനായി തലാക്ക് ചെയ്യപ്പെടുകയായിരുന്നു സൗദ. തന്റെ സ്വർണ്ണം വിറ്റും തന്റെ വീട്ടുകാരുടെ സഹായങ്ങൾ കൈപ്പറ്റിയും ഭർത്താവ് പുതിയ വീട് പണിത് സ്വന്തം ജീവിതം കരുപ്പിടിപ്പിച്ചു. അഞ്ചാംക്ലാസ്സുവരെ മാത്രം പഠിക്കാൻ കഴിഞ്ഞ സൗദയ്ക്കു മുന്നിൽ ഇരുളടഞ്ഞ ഭാവിയിലേക്ക് പ്രത്യാശയുടെ കിരണങ്ങൾ വീശുന്നതായിരുന്നു ജൂലൈ 2015ൽ ഹൈക്കോടതിയിൽ ജസ്റ്റിസ് കമാൽ പാഷ പുറപ്പെടുവിച്ച ചരിത്രപ്രധാന വിധി. ഭർത്താവിൽ നിന്നും പത്തു വർഷത്തെ ജീവനാംശത്തിനു പുറമെ ചരിത്രത്തിലാദ്യമായി ചികിത്സാചെലവുകളും (കിഡ്നി രോഗ ചികിത്സക്കു ചെലവായ മൂന്ന് ലക്ഷത്തോളം രൂപ) അനുവദിച്ചുകൊണ്ടുള്ളതായിരുന്നു ഈ സുപ്രധാന വിധി.

വിവാഹമെന്ന സ്ഥാപനം തികഞ്ഞ അധികാരപ്രയോഗത്തിന്റേയും ചൂഷണത്തിന്റേയും വേദിയായി ചുരുങ്ങാതിരിക്കാൻ ഈ ഇടപെടൽ സഹായിക്കുമെന്നതിൽ തർക്കമില്ല. ഈ ഭൂമിയുടെ അവകാശികൾ ആരെന്ന ചോദ്യം വൈക്കം മുഹമ്മദ് ബഷീറിനു മുമ്പേ ഉയർത്തപ്പെട്ടതാണ്. എന്നാൽ മനുഷ്യരിൽ ഈ അവകാശം ആർക്കാവണം എന്ന ചോദ്യമാണ് ഇവിടെ പ്രസക്തമാകുന്നത്. സ്ത്രീക്ക് സ്വന്തമായ ഒരു മുറി ഉണ്ടാവേണ്ടതിനെക്കുറിച്ച് വെർജീനിയ വൂൾഫിന്റെ പ്രശസ്തമായ പുസ്തക ശീർഷകം സൂചിപ്പിക്കുമ്പോൾ സ്ത്രീക്ക് സ്വന്തമായ ഒരു കൃഷിയിടം എന്ന ആശയം മുന്നോട്ട് വെക്കുകയാണ് ബീന അഗർവാൾ A field of One'S Own എന്ന തന്റെ പുസ്തകത്തിലൂടെ. അധികാരമണ്ഡലങ്ങളുടെ അരികുകളിലേക്ക് ഒതുക്കപ്പെടുന്ന ജനതയ്ക്ക് - സ്ത്രീ, ദളിത്, ആദിവാസി, ട്രാൻസ്ജെൻഡർ, കുടിയൊഴിപ്പിക്കപ്പെട്ടവർ, ന്യൂനപക്ഷങ്ങൾ ഒക്കെയും- ഭൂമിക്കുമേലുള്ള അവകാശം എത്രമേൽ നിർണ്ണായകമാണെന്ന് വ്യക്തമാണ്. സ്ത്രീ സ്വത്തവകാശസങ്കല്പങ്ങളും അവസ്ഥകളും അവതരിപ്പിക്കുകയാണ് ശ്രീരേഖ സമ്പാദകയായ ഈ ലക്കം സംഘടിത. വായനക്കാരുടെ ഗൗരവശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

## ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്



എം.എസ്.ശ്രീരേഖ

സ്ത്രീകളുടെ സ്വത്തവകാശം വളരെ അപൂർവ്വമായി മാത്രം ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. അതോടൊപ്പം തന്നെ സ്വത്തവകാശവും അതിനെച്ചുറ്റിപ്പറ്റിയുള്ള നിയമങ്ങൾക്കപ്പുറം, എന്താണ് സ്ത്രീക്ക് സ്വത്ത്, സ്വത്തെന്ന സങ്കല്പം, എന്തിനെയാണ് ഒരു സ്ത്രീ സ്വന്തം സ്വത്തായിക്കാണാനാഗ്രഹിക്കുക, താത്പര്യപ്പെടുക എന്നത് ഒട്ടും ചർച്ച ചെയ്യപ്പെട്ടിട്ടില്ലാത്ത മറ്റൊരു വിഷയമാണ്. സ്വകാര്യസ്വത്തിന്റെ ഉറവിടത്തെയും ചരിത്രത്തെയും അതിന്റെ രാഷ്ട്രീയത്തെയും കുറിച്ചുള്ള മുൻകാലപഠനങ്ങൾ, അത് മാർക്സിസത്തിന്റെയോ ഫെമിനിസത്തിന്റെയോ അല്ലെങ്കിൽ മറ്റേതെങ്കിലും സിദ്ധാന്തങ്ങളുടെ പിൻബലത്തോടെയായാലും അതിന് കുടുംബം, എതിർലിംഗ വിവാഹം, ഏകദാമ്പത്യം തുടങ്ങിയവയുമായും മുതലാളിത്തവും ആൺകോയ്മവ്യവസ്ഥിതിയുമായുള്ള ബന്ധത്തെയും അടിവരയിട്ട് കാണിച്ചിട്ടുണ്ട്. ലിംഗഭേദത്തിലധിഷ്ഠിതമായ തൊഴിൽ വിഭജനം അതിന്റെ അടിസ്ഥാന ഉറവിടമായ കുടുംബം, കുടുംബത്തിന്റെ നടത്തിപ്പ്, വീട്ടുജോലികൾ, കുടുംബബന്ധങ്ങളുടേയും വിവാഹത്തേയും ചുറ്റിപ്പറ്റിയുള്ള നിയമങ്ങൾ എന്നിവയ്ക്ക് സ്ത്രീകളുടെ സ്വത്തവകാശത്തെ കുറിച്ചുള്ള നിലപാടുകളിലും രാഷ്ട്രീയത്തിലും സുപ്രധാനമായ പങ്കുണ്ട്. ലിംഗത്വവും അതിന്റെ രാഷ്ട്രീയവും ചേർന്ന് ഒരു വ്യക്തിയെ നിർമ്മിക്കുന്നതിലപ്പുറം, ആ വ്യക്തിയുടെ മതം, ലൈംഗികത, അവർ ജീവിക്കുന്ന കാലഘട്ടത്തിലെ ഭരണകൂടം, അതിന്റെ രാഷ്ട്രീയം തുടങ്ങിയവ കൂടി അവരെ രൂപപ്പെടുത്തിയെടുക്കുന്നു എന്നതാണ് ശരി. മേൽപ്പറഞ്ഞ സാമൂഹികരാഷ്ട്രീയാവസ്ഥകളെല്ലാം കൂടിച്ചേർന്നു രൂപപ്പെടുത്തിയ സ്ത്രീയെന്ന വ്യക്തിയേയും അവരുടെ അവകാശങ്ങളേയും ഈ അവസ്ഥകൾക്കും വിശ്വാസങ്ങൾക്കും വ്യവസ്ഥകൾക്കുമുള്ളിൽ നിന്ന് തന്നെ വേണം കണ്ടെത്താൻ. അങ്ങനെ ദളിതരും ആദിവാസികളും മുസ്ലിംങ്ങളും ക്രിസ്ത്യാനികളുമൊക്കെയായി ജീവിക്കുന്ന സ്ത്രീകൾ, അല്ലെങ്കിൽ ലൈംഗികത്തൊഴിലാളികളായോ, കന്യാസ്ത്രീകളായോ ജീവിക്കുന്ന സ്ത്രീകൾ, ഒറ്റയ്ക്ക് ജീവിക്കുന്ന സ്ത്രീകൾ, വികലാംഗരായ സ്ത്രീകൾ ഈ വിഭാഗങ്ങളുടെയൊക്കെ സ്വകാര്യസ്വത്തവകാശങ്ങളും അതിനെച്ചുറ്റിപ്പറ്റിയുള്ള അവരുടെ അനുഭവങ്ങളും വ്യത്യസ്തങ്ങളാണ്.

ആദിവാസിസ്ത്രീക്ക് ഇന്ന് സ്വന്തമായി ഭൂമി എന്നത് എങ്ങിനെ ഒരു പ്രധാന സ്വത്തായി മാറി എന്നതിന് ഒരു ചരിത്രമുണ്ട്. പുതിയതലമുറയിലെ ഒരു ആദിവാസി പെൺകുട്ടിക്ക് വീട്, വിദ്യാഭ്യാസം എന്നത് പോയിട്ട് നല്ല ആഹാരം പോലും അപ്രാപ്യമായ ഒരു സ്വത്തായി മാറുന്ന ഒരു സാഹചര്യം നിലവിൽവന്നിരിക്കുന്നു. 'അഭിമാനബോധമെന്ന സ്വത്ത്' ആദിവാസിക്കും ദളിതർക്കുമൊക്കെ ഇന്ന് വിലയേറിയ ഒന്നായി മാറിയിട്ടുണ്ടാകാം. സ്വകാര്യസ്വത്ത് എന്ന സങ്കല്പത്തെ അവർക്കു പലർക്കും അറിവിനും ആരോഗ്യത്തിനുമപ്പുറം കാണാൻ കഴിയാത്തത് ഇന്നത്തെ 'പൊതുസമൂഹ'ത്തിന് മനസ്സിലാക്കാൻ കഴിയാത്ത ഒരു സ്വത്തെന്ന സങ്കല്പമാണ്.

സ്ത്രീയുടെ സ്വത്ത് എന്തിനൊക്കെ, ആർക്കൊക്കെ ഉപയോഗിക്കാം എന്നതും മറ്റൊരു പ്രധാനവിഷയമാണ്. അത് അവരുടെ പെൺമക്കളെ വിവാഹം ചെയ്തയക്കാനുള്ളതാണോ, അതോ അവർക്ക് അതിൽ അതിലപ്പുറം നിയന്ത്രണമുണ്ടോ? സ്ത്രീയുടെ സ്വകാര്യസ്വത്തിന്റെ അടിത്തറ വിവരവും വിദ്യാഭ്യാസവും പ്രാഥമികാവശ്യങ്ങളും മറ്റ് സാമൂഹ്യ മൂലധനങ്ങളും ആയിത്തീരുമെന്ന അവസ്ഥയിലാണോ ഇന്ന് നമ്മളെത്തിനിൽക്കുന്നത്? ഒരു തരി സ്വർണ്ണം കാലാകാലങ്ങളായുള്ള അദ്ധ്വാനത്തിന്റെ ഫലമായി സ്വരൂപിക്കാൻ ശ്രമിക്കുന്ന ദരിദ്രയായ ഒരു സ്ത്രീക്ക് സ്വത്ത് സ്വർണ്ണത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നതെങ്ങിനെയാണ് നാം വിലയിരുത്തുക? പട്ടണിയിച്ച ദേവീ വിഗ്രഹത്തോട് അദ്ധ്വാനിച്ച് ജീവിക്കുന്ന ഒരു ദളിത്സ്ത്രീയ്ക്ക് തോന്നുന്ന അറപ്പ് സ്വത്തിനെക്കുറിച്ചുള്ള അവരുടെ സങ്കല്പത്തിന്റെ ഒരു പ്രതിഫലനമാകാം. ലഭിക്കപ്പെടേണ്ട സ്വത്തിൽ തുല്യവകാശം എന്നത് തന്നെയാണ് തീർച്ചയായും സ്ത്രീകളുടെ സ്വത്തവകാശമെന്ന വിഷയത്തിൽ അടിയുറപ്പിക്കേണ്ട നിലപാട്. എന്നിരുന്നാലും സ്ത്രീകളെ സംബന്ധിച്ചിടത്തോളം സ്വത്തിന്റെ രൂപം, സ്വത്തിലുള്ള നിയന്ത്രണം, അധികാരം എന്നിവ പുനർചിന്തനം ആവശ്യപ്പെടേണ്ട വിഷയം തന്നെ.

കവർസ്റ്റോറി





ശ്രീരേഖ

# മേരിറോയിയുടെ നിയമയുദ്ധം

എന്റെ സ്വന്തം അനുഭവം തന്നെ കാണിക്കുന്നത് കുടുംബത്തിലെ ആണുങ്ങൾ കുടുംബസ്വത്തിൽ സ്ത്രീകൾക്കുള്ള പിന്തുടർച്ചാവകാശത്തിലും അതിന്റെ കൈവശാവകാശത്തിലും  കാലതാമസം വരുത്താൻ എവിടം വരെയും പോകുമെന്നുള്ളതാണ്.”

ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ സ്വത്തവകാശത്തെ പിന്തുണച്ചുകൊണ്ട് 1986ൽ ഇന്ത്യൻസുപ്രീംകോടതി ഒരു സുപ്രധാനമായ വിധി പ്രഖ്യാപിക്കുകയുണ്ടായി. സ്ത്രീകളുടെ സ്വത്തവകാശത്തിന്റെ ചരിത്രത്തിൽ ഒരു നാഴികക്കല്ലായി വിശേഷിപ്പിക്കുന്ന ഈ വിധിക്കു പിന്നിൽ കേരളത്തിലെ ഒരു സുറിയാനി ക്രിസ്ത്യാനി കുടുംബത്തിൽ ജനിച്ച മേരിറോയ് ആയിരുന്നു. കേരളത്തിന് സുപരിചിതമാണ് മേരിറോയിയുടെ സമരകഥ. എന്നിരുന്നാലും ഇന്നത്തെ കാലഘട്ടത്തിൽ തിരിഞ്ഞുനോക്കിയാൽ ഈ സമരകഥയിൽ നിന്ന് ചിലത് പഠിക്കാനുണ്ട്.

1986ലെ സുപ്രീംകോടതി വിധി തിരുവിതാംകൂർ-കൊച്ചി ഭാഗങ്ങളിലുള്ള ക്രിസ്ത്യാനികൾക്ക് 1925 ലെ ഇന്ത്യൻ പിന്തുടർച്ചാവകാശ നിയമമനുസരിച്ചുള്ള ആനുകൂല്യങ്ങൾ 1951 മുതൽ മുൻകാല പ്രാബല്യത്തിൽ അനുവദിച്ചുകൊണ്ടുള്ളതായിരുന്നു. ഇന്ത്യൻ പിന്തുടർച്ചാവകാശനിയമപ്രകാരം കുടുംബത്തിൽ സ്ത്രീക്കും പുരുഷനും തുല്യാവകാശമാണു നൽകിയിരിക്കുന്നത്. ഈ നിയമം തിരുവിതാംകൂർ- കൊച്ചിയിലെ ക്രിസ്ത്യാനികൾക്ക് ബാധകമാക്കിക്കൊണ്ടാണ് 1986ലെ സുപ്രീംകോടതിവിധി. അതുവരെ ഈ വിഭാഗങ്ങളിൽ ഇരുപതാംനൂറ്റാണ്ടിൽ അടിച്ചേൽപ്പിക്കപ്പെട്ട ലിംഗ അസമത്വങ്ങളുള്ള നിയമങ്ങൾ ആണ് നിലനിന്നിരുന്നത്. 1916 ലെ തിരുവിതാംകൂർ ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമം അന്നത്തെ ആൺകോയ്മാസ്വഭാവമുള്ള ബ്രിട്ടീഷ് നിയമങ്ങളെ പിന്തുടർന്ന് പടച്ചുണ്ടാക്കിയതാണ്. ഈ നിയമം സ്വത്ത് അന്യാധീനപ്പെടാതിരിക്കാനും നിയമയുദ്ധങ്ങൾ ഒഴിവാക്കാനുമായി സ്ത്രീകൾക്ക് സ്വത്ത് പൂർണ്ണമായി നിഷേധിക്കുക എന്ന ആശയത്തി

ലൂന്നിയതായിരുന്നു. പ്രസ്തുത തിരുവിതാംകൂർ ക്രിസ്ത്യൻപിന്തുടർച്ചാവകാശനിയപ്രകാരം സ്ത്രീകൾക്ക് ആൺമക്കളുടെ ഓഹരിയുടെ നാലിലൊന്നോ, അല്ലെങ്കിൽ 5000 രൂപയോ (ഏതാണ് കുറവെന്ന് വെച്ചാൽ അത്) സ്ത്രീധനമായി കൊടുക്കുക എന്നതോടെ സ്വത്തിൽ പൂർണ്ണമായും അവകാശമില്ലാതാവുകയും ചെയ്തു.

1916ലെ ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമത്തിനു മുൻപ് വിവിധ ക്രിസ്ത്യൻ സഭകളുടെ ആചാരങ്ങൾക്കനുസൃതമായിട്ടായിരുന്നു കുടുംബനിയമങ്ങൾ നിലനിന്നിരുന്നത്. ഈ ആചാരങ്ങൾ പിന്നീട് ഓരോ മതചട്ടക്കൂടുകളിലേക്ക് വരുകയും അതിനാനുപാതികമായി നിയമങ്ങൾ ഉണ്ടാക്കപ്പെടുകയും ചെയ്തു. വിവിധ ക്രിസ്ത്യൻ വിഭാഗങ്ങളിലെ പിന്തുടർച്ചാവകാശ നിയമങ്ങളിൽ ഒരു സമത്വരൂപവും വ്യക്തതയും കൊണ്ടുവരാൻ 1911–ൽ തിരുവിതാംകൂർ ഗവൺമെന്റ് ശ്രമിച്ചതിന്റെ ഫലമായാണ് 1916ലെ പിന്തുടർച്ചാവകാശനിയമം ഉരുത്തിരിഞ്ഞത്. ഈ നിയമം സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ ഒരു പരിധി വരെ നിയമത്തെക്കുറിച്ചുള്ള അവ്യക്തതയെ തടയാൻ സഹായിച്ചുവെങ്കിലും നേരത്തെ സൂചിപ്പിച്ചതുപോലെ സ്ത്രീകളുടെ സ്വത്തവകാശത്തെ പൂർണ്ണമായിട്ടും ബലി കൊടുത്തുകൊണ്ടായിരുന്നു ഇത് നിലവിൽവന്നത്. സ്ത്രീകൾക്ക് 5000രൂപയോ അല്ലെങ്കിൽ ആൺമക്കൾക്ക് കിട്ടുന്നതിന്റെ നാലിലൊന്ന് ഓഹരി മാത്രം സ്ത്രീധനമായി വിവാഹ

കോട്ടയത്ത് ഒരു സുറിയാനി ക്രിസ്ത്യാനി കുടുംബത്തിലാണ് മേരിറോയിയുടെ ജനനം. ഊട്ടിയിലായിരുന്നു മേരിറോയിയുടെ ചെറുപ്പകാലവും പഠനവും. കലഹങ്ങൾ നിറഞ്ഞതായിരുന്നു മാതാപിതാക്കളുടെ കുടുംബജീവിതം. ഇക്കാരണത്താൽ മേരിയുൾപ്പടെയുള്ള നാലുമക്കളുടേയും സംരക്ഷണം പിൽക്കാലത്ത് അമ്മയുടെ പിതാവ് ഏറ്റെടുത്തിരുന്നു. മദ്രാസിൽ ബി.എ പഠനത്തിനു ശേഷം മേരിറോയ് ഭർത്താവിൽ നിന്ന് പിരിഞ്ഞു താമസിക്കുന്ന അമ്മയോടൊപ്പം കോട്ടയത്തെ വീട്ടിൽ താമസമായി. തികഞ്ഞ സാമ്പത്തിക ഞെരുക്കം മൂലം മറ്റ് പഠന പരിപാടികളൊന്നും സാധ്യമല്ലാത്ത അവസ്ഥയിൽ മേരിയുടെ വിവാഹവും ഒരു സാമ്പത്തിക പ്രശ്നമായിരുന്നു. സ്ത്രീധനം കൊടുത്ത് ഒരു വിവാഹത്തിന് പണമില്ലെന്നതിലേറെ, താത്പര്യവുമില്ലായിരുന്നു. ഇതിനിടയിൽ മേരി തന്റെ സഹോദരൻ ജോർജ്ജിനൊപ്പം കൽക്കത്തയിൽ പോയി നിന്നുകൊണ്ട് ടൈപ്പിംഗും ഷോർട്ട് ഹാൻഡും പഠിച്ചു. അന്നത്തെ കാലത്ത് ഇത്രയും വിദ്യാഭ്യാസം നേടിയിട്ടും ഒന്നും ചെയ്യാനാകാതെ കുറച്ചുനാൾ ടൈപ്പിസ്റ്റായി കൽക്കത്തയിലെ ഒരു സ്വകാര്യകമ്പനിയിൽ ജോലി നോക്കി. ആയിടെയുള്ള ഒരു പരിചയവും പ്രണയവുമാണ് പിന്നീട് മേരിയുടെ വിവാഹത്തിലെത്തിയത്. സ്ത്രീധനം ഒട്ടുമില്ലാതെ നടന്ന ഒരു വിവാഹമാണത്. പക്ഷേ, അധികം താമസിയാതെ ഭർത്താവ് മദ്യപാനത്തിന് അടിമയാണെന്ന് അവർ മനസ്സിലാക്കി. മുപ്പതാം വയസ്സിൽ തന്റെ രണ്ട് കുട്ടികളുമായി (അഞ്ചുവയസ്സുള്ള മകനും മൂന്നുവയസ്സുള്ള മകളും) മേരി ആ ബന്ധം അവസാനിപ്പിച്ചിറങ്ങി. മേരിറോയിയുടെ ഭർത്താവ് പിന്നീട് പല വിവാഹങ്ങൾ കഴിച്ചെങ്കിലും നിയമപരമായി അവരുടെ വിവാഹമോചനം നടന്നിട്ടില്ല. കുട്ടികളുമായി മേരിറോയ് അച്ഛന്റെ പേരിലുണ്ടായിരുന്ന ഊട്ടിയിലെ ഒരു കോട്ടേജിൽ താമസം മാറ്റിയിരുന്നു. കുട്ടികളുടെ പരിചരണത്തിനും സ്വന്തം ചിലവിനുമായി പണം സ്വരൂപിക്കാൻ മേരിറോയിക്ക് ഒരു തൊഴിൽ ആവശ്യമായിരുന്നു. അദ്ധ്യാപകജോലിയാണ് ഉചിതമെന്ന് അവർക്ക് തോന്നി. സ്വന്തമായി ഒരു റസിഡൻഷ്യൽ സ്കൂൾ തുടങ്ങാൻ ആയിരുന്നു മേരിറോയിയുടെ തീരുമാനം. ഒരു നഴ്സറിയിൽ തുടങ്ങി 12ാം ക്ലാസ്സുവരെ വളർന്ന സ്കൂൾ മേരിറോയിയുടെ വളർച്ചയുടെ പ്രതീകമാണ്. ഇന്ന് ഈ സ്കൂൾ 'പള്ളിക്കൂടം' എന്ന പേരിൽ വളരെയധികം അറിയപ്പെടുന്ന ഒരു സ്ഥാപനമാണ്.

1957ൽ മേരിറോയിയുടെ പിതാവ് മരിച്ചു. വിൽപത്രമെഴുതാതെയുള്ള പിതാവിന്റെ മരണത്തിലൂടെ മേരിറോയിയുടെ വിവാഹിതരായ സഹോദരിയുടേയും മറ്റ് രണ്ട് സഹോദരന്മാരുടേയും സ്വത്തിലുള്ള അവകാശം പിന്നീട് ഒരു തർക്കവിഷയമായി. 1984ൽ തന്റെ 50–ാംവയസ്സിൽ തന്റെ കുടുംബസ്വത്തിന്റെ ഓഹരിക്കായി മേരിറോയ് ഒരു നിയമയുദ്ധത്തിന് തയ്യാറെടുത്തു. ഇതിന്റെ പിന്നിലുള്ള പ്രധാനകാരണം 25 വർഷങ്ങൾക്ക് മുമ്പ് കുടുംബത്തിൽ നിന്ന് തന്നെ അവർക്ക് നേരിടേണ്ടി വന്ന അനുഭവങ്ങളായിരുന്നു. മേരിറോയിയുടെ കുടുംബാംഗങ്ങൾ ഊട്ടിയിൽ അവർ താമസിച്ചിരുന്ന കോട്ടേജിൽ നിന്ന് ഗുണ്ടകളെ ഉപയോഗിച്ച് അവരെ ബലമായി ഉറക്കിവിട്ടു. ക്രിസ്ത്യൻ പിന്തുടർച്ചാവകാശ നിയമപ്രകാരം പെൺകുട്ടികൾക്ക് സ്വത്തിൽ അവകാശമില്ലെന്ന് മനസ്സിലാക്കിയ മേരിറോയ് കോട്ടേജ് വിട്ടുകൊടുക്കാൻ വിസമ്മതിക്കുകയും പകരം നിയമപരമായിത്തന്നെ ഇതിനെ നേരിടാൻ സുപ്രീം

കോടതിയെ സമീപിക്കാൻ തീരുമാനിക്കുകയും ചെയ്തു.

തുല്യമായ സ്വത്തവകാശം ഒരു മൗലികാവകാശമായിരിക്കാൻ ഈ നിയമയുദ്ധം അവർക്ക് അനിവാര്യമായി ത്തോന്നി. അങ്ങനെ മറ്റുള്ളവരുടെ പരിഹാസത്തിനു മുന്നിൽ പതറാതെയാണ് 1984ൽ മേരിറോയ് തിരുവിതാംകൂർ ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമത്തിനെതിരെ കോടതിയെ സമീപിച്ചത്.

സ്വന്തമായി ഒരു സ്കൂൾ നടത്തി സ്വന്തം കാലിൽ നിൽക്കാനുള്ള വരുമാനമുണ്ടാക്കിയെങ്കിലും സ്വന്തം അവകാശം നേടിയെടുക്കാനും ഈ നിയമത്തിലൂടെ സ്ത്രീകളുടെ സ്വത്തവകാശത്തിലെ വിവേചനത്തിനെതിരെ നിയമയുദ്ധം നടത്താനുമായിരുന്നു അവരുടെ തീരുമാനം. അങ്ങിനെയാണ് നിലനിൽക്കുന്ന പക്ഷപാതപരമായ അവസ്ഥയെ ചോദ്യം ചെയ്തു കൊണ്ട് അവർ കോടതിയെ സമീപിച്ചത്.

1986ൽ സുപ്രീംകോടതി തിരുവിതാംകൂർ ക്രിസ്ത്യൻ പിന്തുടർച്ചാവകാശ നിയമം ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവിറക്കി. ഈ നിയമഭേദഗതി കേരളത്തിലെ ക്രിസ്ത്യൻ കുടുംബങ്ങളിൽ നരകതുല്യമായ പ്രശ്നങ്ങളുണ്ടാക്കുമെന്നായിരുന്നു അന്ന് മാധ്യമങ്ങളിലൂടെ ഉരുത്തിരിഞ്ഞ അഭിപ്രായം. സ്വത്ത് വിൽപ്പനയ്ക്കുള്ള തടസ്സം, കന്യാസ്ത്രീകളുടെ സ്വത്തവകാശം തുടങ്ങി പലവിധ പ്രശ്നങ്ങൾ ഉയർന്നുവരുമെന്ന ഭയമായിരുന്നു പ്രധാനമായും ഈ അഭിപ്രായങ്ങൾക്ക് പിന്നിൽ. സുപ്രീംകോടതിവിധിയെ തുടർന്ന് 1989ൽ കോട്ടയം ജില്ലാകോടതിയിൽ മേരിറോയ് സ്വന്തം സ്വത്തവകാശത്തിനായി കേസ് ഫയൽ ചെയ്തു. പക്ഷേ കോടതിവിധി മേരിറോയിക്കെതിരായിരുന്നു. അമ്മ ജീവിച്ചിരിക്കുമ്പോൾ സ്വത്ത് വിഭജിക്കുന്നതിനെതിരായും കൂടാതെ ഊട്ടിയിൽ മേരിറോയ് കുടുംബസ്വത്തിൽപ്പെട്ട ക്വാട്ടേഴ്സിൽ താമസിച്ചുപോന്നതിനാലും ഇക്കാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് കോടതിവിധി അവർക്കെതിരായി വന്നത്. ഈ കോട്ടേജിന്റെ അവകാശം ഏറ്റെടുത്തതു മൂലം ഇത് സ്വത്തിന്റെ ആറിലൊന്നു ഭാഗമെന്ന അവകാശം നടപ്പിലാക്കപ്പെട്ടതിന് തുല്യമാണെന്ന് കണക്കാക്കപ്പെടുന്നതായിട്ടായിരുന്നു കോടതിയുടെ ന്യായം. മേരിറോയ് ഈ വിധിക്കെതിരെ പിന്നീട് ഹൈക്കോടതിയെ സമീപിച്ചു. ഇങ്ങനെ വർഷങ്ങൾ നീണ്ടുപോയ കോടതി കേസുകളിലൂടെ. നിയമങ്ങളുമായി വ്യക്തിപരമായതും നിരന്തരമായതുമായ ഒരു യുദ്ധത്തിലൂടെയാണ് മേരിറോയ് കടന്നുപോയത്.


സ്വന്തം കേസുകളിൽ മേരിറോയ് വിജയിച്ചു. അവർക്ക് സമ്മാനമായി നൽകപ്പെട്ട കോട്ടേജ് സമ്മാനമായതിനാൽത്തന്നെ കേസിന്റെ പരിധിയിൽ വരില്ലെന്നായിരുന്നു വിധി. ഒപ്പം മൊത്തം സ്വത്തിൽ മേരിറോയിക്കവകാശപ്പെട്ട ഷെയർ ലഭിക്കുകയും ചെയ്തു. എങ്കിലും ഇന്നും കുടുംബത്തിനുള്ളിൽ നിന്നും പ്രത്യേകിച്ചും സഹോദരനിലൂടെ മേരിറോയ് പലവിധ കോടതി കേസുകളിലൂടെയും കടന്നുപോയിക്കൊണ്ടിരിക്കുന്നു. ഈ കേസുകൾ മേരിക്കെതിരെ പുതിയ വാദങ്ങളും ആരോപണങ്ങളും ചുമത്തുകയും ചെയ്യുന്നു.

മേരിറോയിയുടെ അഭിപ്രായത്തിൽ ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമത്തിൽ സ്ത്രീകൾക്ക് സ്വത്താവകാശത്തിലുള്ള വിവേചനത്തിനെതിരെ എഴുപതുവർഷങ്ങളോളം ആരും പ്രതികരിച്ചില്ല. ഈ അവകാശസമരം മേരിറോയ് ഒറ്റയ്ക്ക് നടത്തുമ്പോഴും കോടതിയോ സർക്കാരോ മറ്റ് സാമൂഹ്യവിഭാഗങ്ങളോ ആരും തന്നെ അവരെ പിന്തുണച്ചില്ല. സുപ്രധാനമായ, സ്ത്രീകളുടെ തുല്യ സ്വത്തവകാശത്തെ പിന്തുണയ്ക്കുന്ന ഒരു സുപ്രീംകോടതി വിധിയെ നടപ്പിലാക്കാൻ വിരലിലെണ്ണാവുന്നവരിൽ നിന്നു മാത്രമാണ് പിന്തുണ ഉണ്ടായിട്ടുള്ളത്.

മേരിറോയിയുടെ നിയമയുദ്ധത്തിന് പിന്തുണച്ചില്ലെന്ന് മാത്രമല്ല, അവരുടെ പിതാവിന്റെ മരണശേഷം അദ്ദേഹത്തിന്റെ ഒരുകോടിയോളം വിലമതിക്കുന്ന സ്വത്തിൽ മേരിറോയ് കൈവശപ്പെടുത്തിയ സ്വത്തിന്റേതെന്ന പേരിൽ അവർക്ക് ഏഴ് ലക്ഷം വരെ നികുതി ചുമത്തിക്കൊണ്ട് പക തീർക്കാൻ അവരുടെ കുടുംബാംഗങ്ങൾ ശ്രമിച്ചു.

സ്വന്തം അനുഭവത്തിൽ നിന്ന് ഇന്ത്യയിൽ ഒറ്റയ്ക്ക് ജീവിക്കുന്ന സ്ത്രീകളുടെ ജീവിതം നരകതുല്യമാണെന്ന് മേരിറോയ് വിലയിരുത്തുന്നു. ഭർത്താവിൽ നിന്ന് വേർപിരിയുകയോ ഭർത്താവ് മരിച്ചുപോകുകയോ ചെയ്ത ഒരു സ്ത്രീ അവരുടെ കുട്ടികളുമായി ഒറ്റപ്പെടലും കഷ്ടപ്പാടുകളും നിറഞ്ഞ ഒരു ജീവിതത്തെ തനിയെ നേരിടേണ്ടി വരുന്നു. കുടുംബമോ കൂട്ടുകാരോ സമൂഹമോ ആരും തന്നെ അവരോടൊപ്പം നിൽക്കുന്നില്ല. പ്രത്യേകിച്ചും സ്വന്തം തീരുമാനങ്ങളും താത്പര്യങ്ങളുമായി ജീവിക്കുന്ന ഒരു സ്ത്രീയാണെങ്കിൽ.

Source : Indian Journal of Gender studies1999:6;203




**മേരിറോയിയുടെ സമരത്തെക്കുറിച്ച് സ്വയം തയ്യാറാക്കിയ ഒരു രേഖാചിത്രം**

സമയത്ത് കൊടുക്കുക, വിധവകൾക്ക് ഭർത്താവിന്റെ സ്വത്തിന്റെ ഒരു ചെറിയ ശതമാനം മാത്രം നൽകുക അതും പുനർവിവാഹിതയാകുകയാണെങ്കിൽ അതു തിരിച്ചു കൊടുക്കണമെന്നവ്യവസ്ഥയോടെ. ഇതെല്ലാം കാണിക്കുന്നത്, സ്വത്ത് വിഭജിക്കപ്പെടാതിരിക്കാനും അത് പുരുഷന്മാരുടെ കൈകളിലൂടെ തന്നെ കൈമാറ്റം ചെയ്യപ്പെടാനുള്ള ഒരു തീവ്രശ്രമം ഈ നിയമത്തിലൂടെ നിലനിർത്താൻ താല്പര്യപ്പെട്ടു എന്നാണ്. 1986ലെ സുപ്രീംകോടതി വിധിയെ ചോദ്യം ചെയ്യാനും അട്ടിമറിക്കാനും ഇന്നും കേരളത്തിലെ സ്വത്തുള്ള സുറിയാനി ക്രിസ്ത്യൻ കുടുംബങ്ങളിൽ നടക്കുന്ന ശ്രമങ്ങളും നിയമയുദ്ധങ്ങളും കാണിക്കുന്നത് ഈ പ്രാകൃതവും അനീതി നിറഞ്ഞതുമായ നിയമത്തെ വീണ്ടും പ്രാബല്യത്തിൽ കൊണ്ടുവരാനുള്ള ആൺകോയ്മാശ്രമങ്ങളെയാണ്. സ്വത്തുള്ള കുടുംബങ്ങളിൽ നിന്നുള്ള സ്ത്രീകൾക്ക്, ആ സ്വത്തിന്റെ സ്വന്തം വിഹിതം കൈവരിക്കാനാകാത്ത വിധം അത് ഇന്നത്തെകാലത്ത് വെറും അയ്യായിരം രൂപയിലൊതുക്കുന്നതിനുള്ള ശ്രമം. സ്ത്രീകളുടെ സ്വത്തവകാശത്തെ വീണ്ടും പൂർണ്ണമായി നിരാകരിക്കുന്നതിന് തുല്യമാണ്. വിവരവും വിദ്യാഭ്യാസവും അത്യാവശ്യത്തിന് സാമ്പത്തികാവസ്ഥയുമുള്ള സ്ത്രീകൾക്ക് പോലും കുടുംബത്തിനുള്ളിൽ നിന്നുമുള്ള സ്വത്തിന്റെ പേരിലുള്ള നിരന്തരമായ പീഡനങ്ങളും യുദ്ധങ്ങളും നേരിടുക പ്രയാസമേറിയ കാര്യമാണ്. ഇങ്ങനെയുള്ള ഒരു അവസ്ഥ നിലനിൽക്കുമ്പോഴാണ് മേരിറോയിയുടേതു പോലുള്ള ഒരു സമരത്തിന്റെ, നിയമയുദ്ധത്തിന്റെ അർത്ഥവും അതിന്റെ പ്രാധാന്യവും വീണ്ടും വീണ്ടും ചൂണ്ടിക്കാണിക്കപ്പെടേണ്ടതായി വരുന്നത്.

1986 മുതൽ ഇന്ന് വരെ പല ഘട്ടങ്ങളിലായി പലരും ഈ കോടതിവിധിയെ ചോദ്യം ചെയ്യാനും അട്ടിമറിക്കാനുമായി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഇതിൽ മറ്റ് പലരുടേയും നിയമയുദ്ധങ്ങൾ കൂടാതെ മേരി റോയിക്ക് സ്വന്തം കുടുംബത്തിൽ നിന്നും കാലാകാലങ്ങളിലായി നേരിടേണ്ടിവന്നിട്ടുള്ള നിയമയുദ്ധങ്ങളും പെടും. കേസ് വിജയിച്ച് സ്വന്തം സ്വത്ത് കൈവശം വന്നിരിക്കുമ്പോഴും കീഴ്കോടതികളിലും ഹൈക്കോടതികളിലുമായി തുടർന്നുകൊണ്ടേയിരുന്ന നിയമയുദ്ധങ്ങൾ കേരളത്തിലെ ക്രൈസ്തവസമൂഹത്തിൽ ഈ വിഷയത്തിന്റെ പ്രാധാന്യവും ഒപ്പം സാമ്പത്തികാടിത്തറയുള്ള ഒരു സ്ത്രീക്ക് സ്വത്തവകാശങ്ങൾ നേടിയെടുക്കുക എന്നത് എത്ര വലിയതും അവസാനമില്ലാത്തതുമായ ഒരു സമരവുമായിത്തുടരുന്നുവെന്നതുമാണ് കാണിക്കുന്നത്. കേസിന്റെ ഇന്നത്തെ പ്രാധാന്യത്തെയും അവസ്ഥയെയും കുറിച്ച് മേരിറോയ് ഇങ്ങനെ പറയുന്നു. “തിരുവിതാംകൂർ ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമം റദ്ദാക്കിയത് തീർച്ചയായും വലിയൊരു മാറ്റമുണ്ടാക്കി. ഇതിനു പിന്നിലെ ഒരു കാരണം പൊതുവേ പലരും വിൽപത്രം എഴുതിവെക്കാറില്ലെന്നതാണ്. ഇതിനർത്ഥം മരണശേഷം 1986ലെ സുപ്രീംകോടതി വിധി പ്രകാരം വിൽപത്രം നിലവിലില്ലാതിരിക്കുമ്പോൾ ഇന്ത്യൻ പിന്തുടർച്ചാവകാശനിയമം നടപ്പിലാക്കപ്പെടുമെന്നതാണ്. ഇന്ന് കോടതികൾ ഇത്തരം കേസുകൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. ക്രിസ്ത്യൻ പുരോഹിതന്മാർ ഈയവസ്ഥയിൽ തങ്ങളുടെ പള്ളി പ്രസംഗങ്ങളിൽ പ്രായമായ പുരുഷന്മാരോട് എത്രയും പെട്ടെന്ന് അവരവരുടെ വിൽപത്രമെഴുതിവയ്ക്കണമെന്ന് ആവശ്യപ്പെടുന്ന ഒരവസ്ഥയിലേക്ക് ഇന്ന് കാര്യങ്ങൾ എത്തപ്പെട്ടുകഴിഞ്ഞിരിക്കുന്നു. എന്നാൽ മധ്യവർഗ്ഗത്തിൽപ്പെട്ടവരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും ഈ മാറ്റങ്ങളെക്കുറിച്ചും സ്വത്തിനുവേണ്ടിയുള്ള നിയമയുദ്ധങ്ങളെക്കുറിച്ചും അത്ര ബോധവാന്മാരല്ല. മാത്രമല്ല, പല നിയമയുദ്ധങ്ങളിലും കുടുംബത്തിലെ സ്ത്രീകൾ തന്നെ ഒരു തർക്ക പരിഹാരത്തിന് സന്തോഷത്തോടെ തയ്യാറാകുന്ന അവസ്ഥ ഇന്നും നിലനിൽക്കുന്നു. ഒപ്പം തന്നെ ഇന്ന് പല ധനികരും മധ്യവർഗ്ഗത്തിലുള്ളവരും പുതിയനിയമ സാധ്യതകളെ സന്തോഷപൂർവ്വം സ്വീകരിക്കുന്നു. മാത്രമല്ല, പല വിവാഹങ്ങളും ഇന്ന് വീട്ടുകാർ പറഞ്ഞുറപ്പിച്ചിട്ടുള്ളവയല്ല. അവയിൽ സ്ത്രീധനം നൽകുകയോ വാങ്ങുകയോ ചെയ്യാറില്ല. ഇത്തരം വിവാഹങ്ങളിൽ ഏർപ്പെട്ടവർക്കാണ് 1986 ലെ വിധി ഏറ്റവും ഉപകാരപ്പെടുന്നത്. നിയമത്തിനു മുന്നിൽ, ഒരു വിൽപത്രമുള്ളിടത്ത്, ആ വിൽപത്രത്തിനു മാത്രമാണ് സാധുത. എന്റെ സ്വന്തം അനുഭവം തന്നെ കാണിക്കുന്നത് കുടുംബത്തിലെ ആണുങ്ങൾ കുടുംബസ്വത്തിൽ സ്ത്രീകൾക്കുള്ള പിന്തുടർച്ചാവകാശത്തിലും അതിന്റെ കൈവശാവകാശത്തിലും കാലതാമസം വരുത്താൻ എവിടം വരെയും പോകുമെന്നുള്ളതാണ്.” ●

കടപ്പാട് : പ്രവീണ കോടോത്ത്,
തിരുവനന്തപുരം
എലിസബത്ത് ഫിലിപ്പ്,
കോട്ടയം,
അമ്പിളി സുധീർ

*ജാമിയ മിലിയ ഇസ്ലാമിയ യൂണിവേഴ്സിറ്റിയിൽ അസി. പ്രൊഫസറാ(വുമൺ സ്റ്റഡീസ്)ണ് ശ്രീരേഖ.*



കവർസ്റ്റോറി / അഭിമുഖം

വിനീത എ.വി./സി.കെ.ജാനു

# ഭൂമിയെ സ്വത്തായിക്കണ്ടാൽ

ഭൂമി സ്വന്തമാക്കണമെന്നും പട്ടയമുണ്ടാകണമെന്നും ആദിവാസികൾ ആഗ്രഹിച്ചിട്ടില്ല. പക്ഷേ ഇപ്പോഴത്തെ സാഹചര്യത്തിൽ അങ്ങനെ ചെയ്താലേ ആദിവാസികൾക്ക് നിലനിൽക്കാനാകൂ

*1. ആദിവാസികളെ സംബന്ധിച്ചിടത്തോളം അവരുടെ സ്വത്ത് എന്തായിരുന്നു. ?*

മറ്റ് വിഭാഗങ്ങളിൽ നിന്നും വിപരീതമായി ആദിവാസികളെ സംബന്ധിച്ചിടത്തോളം സ്വത്തെന്ന് പറയുന്നത് അവരുടെ അറിവും ആരോഗ്യവുമാണ്. പ്രകൃതിവിഭവങ്ങൾ ശേഖരിച്ചും, കൃഷി ചെയ്തും അവർ ജീവിച്ചു. ആദിവാസിയെ സംബന്ധിച്ച് ഭൂമിയും പണവുമാണ് അവരുടെ സ്വത്ത്. ആദിവാസികളുടെ ഭൂമി കൈയ്യേറിയും കൊള്ളയടിച്ചും അവരെ ഒന്നിനും കൊള്ളാത്തവരാക്കി. അതുകൊണ്ട് തന്നെ ആദിവാസിക്ക് സ്വന്തമായി സ്വത്തെന്നു പറയാനുള്ളത് പ്രകൃതിയാൽ നേടിയെടുത്ത അറിവും ആരോഗ്യവും മാത്രമാണ്.

ആദിവാസികൾക്ക് ഭൂമി എന്നാൽ അതിര് നിർണ്ണയിക്കാത്തതാണ്. എല്ലാവരും ഭൂമിയിൽ താമസിക്കാൻ ഒരുപോലെ അവകാശമുള്ളവർ. ഭൂമി എല്ലാ ജീവജാലങ്ങളുടേയും കൂടിയാണ്. എല്ലാവർക്കും അച്ഛനും അമ്മയും ഉള്ളപോലെ ഉണ്ടാകേണ്ട, ഉള്ള ഒരു സംവിധാനമാണത്. ഭൂമിയും കാടുമൊക്കെ. ഭൂമി, അതിന്റെ നല്ല വായു, ഇതെല്ലാമുള്ളതുകൊണ്ടാണ് നമ്മളൊക്കെ ജീവിച്ചിരിക്കുന്നത്. അതുകൊണ്ട് ആദിവാസിയുടെ അഭിപ്രായത്തിൽ ഭൂമി ആരും വെട്ടിപ്പിടിക്കരുത്. സ്വന്തമാക്കാൻ ശ്രമിക്കരുത്. നമുക്ക് ജീവിയ്ക്കാനാവശ്യമായ വിഭവങ്ങൾ ഭൂമിയിൽ നിന്നെടുക്കാനുള്ള അവകാശം മാത്രമേ നമുക്ക് ഭൂമിയിലുള്ളൂ. അതുകൊണ്ട് ആദിവാസികൾ ഭൂമിയ്ക്ക് അതിര് നിർണ്ണയിച്ചിരുന്നില്ല.

*2. പക്ഷേ ഇനിയുള്ള കാലത്ത് ഭൂമിയെക്കുറിച്ച് ഇങ്ങനെയൊരു സങ്കല്പവുമായി ജീവിക്കാനാവുമോ?*

ഇല്ല ഇപ്പോഴത്തെ സാഹചര്യത്തിൽ ഭൂമി സ്വന്തമാക്കണം.

ഭൂമി സ്വന്തമാക്കണമെന്നും പട്ടയമുണ്ടാകണമെന്നും ആദിവാസികൾ ആഗ്രഹിച്ചിട്ടില്ല. പക്ഷേ ഇപ്പോഴത്തെ സാഹചര്യത്തിൽ അങ്ങനെ ചെയ്താലേ ആദിവാസികൾക്ക് നിലനിൽക്കാനാകൂ. അതുകൊണ്ട് അതിന്റെ ഭാഗമായിട്ട് ഇഷ്ടമില്ലാത്ത കുറേ കാര്യങ്ങൾ നമ്മൾക്ക് സ്വീകരിക്കേണ്ടി വരുന്നുണ്ട്. ഇന്നത്തെ അവസ്ഥ മറികടക്കാനായി തീർച്ചയായും ആദിവാസിയും ഭൂമി അവരുടെ പേരിലാക്കിയേ പറ്റൂ.

ഭൂമി ഉപജീവനമാർഗ്ഗത്തിനു മാത്രമുള്ളതും ആർക്കും സ്വന്തമല്ലെന്നുമുള്ള ആദിവാസി ചിന്ത

മറ്റ് വിഭാഗങ്ങളിൽ നിന്നും വിപരീതമായി ആദിവാസികളെ സംബന്ധിച്ചിടത്തോളം സ്വത്തെന്ന് പറയുന്നത് അവരുടെ അറിവും ആരോഗ്യവുമാണ്. പ്രകൃതിവിഭവങ്ങൾ ശേഖരിച്ചും, കൃഷി ചെയ്തും അവർ ജീവിച്ചു. ആദിവാസിയെ സംബന്ധിച്ച് ഭൂമിയും പണവുമാണ് അവരുടെ സ്വത്ത്. ആദിവാസികളുടെ ഭൂമി കൈയ്യേറിയും കൊള്ളയടിച്ചും അവരെ ഒന്നിനും കൊള്ളാത്തവരാക്കി. അതുകൊണ്ട് തന്നെ ആദിവാസിക്ക് സ്വന്തമായി സ്വത്തെന്ന് പറയാനുള്ളത് പ്രകൃതിയാൽ നേടിയെടുത്ത അറിവും ആരോഗ്യവും മാത്രമാണ്.




ശരിയായിരുന്നു എന്നാണെന്റെ അഭിപ്രായം. എന്റെ പേരിൽ ഒരു പത്തേക്കർ ഭൂമിയുണ്ടായാൽ എന്റെ പേരിലാകും അതിന്റെ പട്ടയം. എങ്കിലും ആ പ്രദേശത്ത് എത്രയൊക്കെ ജീവജാലങ്ങളുണ്ടോ അവരുടൊയൊക്കെ ജീവിതം കഴിയുന്നവരും അവർക്കു കൂടി ഉപയോഗിക്കാനുള്ളതുമാകും ആ ഭൂമി. ഒരേക്കർ ഭൂമി തന്നെ മക്കൾക്ക് വീതിച്ചു നൽകി അത് കുറഞ്ഞു വരുമ്പോഴും ആദിവാസികൾ ഭൂമിയെ ഒരു ബിസിനസ്സ് മൈൻഡിൽ കാണാൻ പഠിച്ചിട്ടില്ല. അതുകൊണ്ടാണ് അത് കുറഞ്ഞ് വരുമ്പോഴും അവർ അതിര് നിർണ്ണയിക്കാൻ ശ്രമിക്കാത്തത്.

മുൻകാലത്ത് ഇതെന്റെ ഭൂമിയാണ് എന്ന് പറഞ്ഞ് ആദിവാസികൽ വെട്ടിയെടുക്കാറില്ല. പുതിയ തലമുറയിൽ വരുന്നവർക്കൊക്കെ ഭൂമിയിൽ താമസിക്കാനുള്ള അവകാശമുണ്ട്. എല്ലാവരും ഭൂമി അവരുടെ സ്വന്തമാക്കുന്ന ഒരവസ്ഥയിൽ നമ്മൾ ആദിവാസിയ്ക്ക് ഭൂമി സ്വന്തം പേരിലാക്കേണ്ടിവന്നു. ഇന്നത്തെ ഈയവസ്ഥയെ മറികടക്കാനാണ് ഞങ്ങളൊക്കെ ഭൂമി സ്വന്തമാക്കാൻ തീരുമാനിച്ചത്.

പക്ഷേ, എങ്കിലും ഭൂമിയെക്കുറിച്ചുള്ള ആദിവാസികളുടെ മനോഭാവം അവരെ പൂർണ്ണമായും വിട്ടുപോവില്ല. അതുകൊണ്ടാണ് ഭൂമി സ്വന്തമാക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചപ്പോഴും അവിടെയും ആദിവാസികൾ ഒരു കൂട്ടായ്മ നിലനിർത്താൻ ശ്രമിച്ചിട്ടുള്ളത്. ഒരുപാട് സ്ഥലങ്ങളിൽ നമ്മൾ സമരം ചെയ്ത് ഭൂമി നേടിയിട്ടുണ്ട്. ഭാര്യാഭർത്താക്കന്മാർ പേരിന് ജോയിന്റ് പട്ടയമാണ്. നമ്മൾ ഉണ്ടാക്കിയിട്ടുള്ളത് ഒരു വ്യക്തിയുടെ പേരിലല്ല. ഭർത്താവ് മരിച്ച് കുട്ടികളും അമ്മയും മാത്രമാണെങ്കിൽ കുട്ടികളുടേയും അമ്മയുടേയും പേരിലാണ് ഭൂമി.

*3. ആദിവാസി സ്ത്രീകളുടെ സ്വത്തവകാശത്തെപ്പറ്റി എന്തുപറയുന്നു?*

സ്ത്രീ ഒരു കുടുംബത്തിന്റെ

അടിത്തറയാണ്. ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം അവർ കൂടുതൽ ശക്തി പ്രാപിക്കുന്നത് സ്വന്തമായി ചെറിയെ തുകയെങ്കിലും സമ്പാദിക്കുമ്പോഴാണ്. പുരുഷന്മാരിൽ അധികവും മദ്യത്തിനും മറ്റ് ദുശ്ശീലങ്ങൾക്കും അടിമകളായതിനാൽ കുടുംബത്തിലെ പല ആവശ്യങ്ങൾക്കും സ്ത്രീകളുടെ കൈകൾ എത്തേണ്ടതുണ്ട്. സ്വന്തമായി സ്വത്തുള്ള സ്ത്രീകൾക്ക് അനീതി എവിടെ കണ്ടാലും ശക്തമായി പ്രതികരിക്കാൻ കഴിയും. നീതിക്കുവേണ്ടി ഏതറ്റം വരെ പോകാനുമുള്ള ആത്മധൈര്യവും, മനുഷ്യന്റെ ജീവൻ നിലനിർത്തുന്നതിനുവേണ്ടി ശക്തമായി പ്രയത്നിക്കാനും സാധിക്കും. സ്വന്തമായ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും ഒറ്റക്കായാലും ജീവിക്കാനുള്ള തന്റേടവും അവർക്കുണ്ടാകും.

സ്വന്തമെന്നു പറയാൻ ആദിവാസി സ്ത്രീകളെ സംബന്ധിച്ച് ഒന്നുമില്ല. സ്വന്തമെന്നു പറയുന്ന ശരീരം പോലും ഇന്ന് മറ്റൊരാൾ ചൂഷണം ചെയ്യുന്ന ഉപകരണമായി മാറുന്ന സാഹചര്യമുണ്ട്. ഇതിന് കാരണം ഒരു നിലനിൽപ്പില്ലാത്തതുകൊണ്ടാണ്. അതുകൊണ്ട് സ്ത്രീകൾക്ക് സ്വന്തമായി സ്വത്ത് വേണം. എങ്കിൽ മാത്രമേ മനസ്സിന് കൂടുതൽ ശക്തി പ്രാപിക്കാനും സമൂഹത്തിലേക്ക് ഇറങ്ങി ചെല്ലാനും സാധിക്കുകയുള്ളൂ. ഭൂമി, വീട്, പണം തുടങ്ങിയ സ്വത്തുക്കൾ ഉണ്ടെങ്കിൽ മാതൃകാപരമായ ഒരു ജീവിതം നയിക്കാൻ ആദിവാസി സ്ത്രീകൾക്ക് സാധിക്കും.

*4. സ്വന്തമായി സ്വത്ത് സമ്പാദിക്കണമെന്ന് ആഗ്രഹിക്കുന്നവരാണോ ആദിവാസി സ്ത്രീകൾ ?*

ഇന്നത്തെ കാലത്ത് സ്വന്തമായി വീട്, ഭൂമി, സമ്പാദ്യം തുടങ്ങിയവ ഇല്ലെങ്കിൽ ജീവിച്ചു പോകാൻ ആദിവാസി സ്ത്രീകളെ സംബന്ധിച്ച് ബുദ്ധിമുട്ടാണ്. അതുകൊണ്ട് സ്വന്തമായി സമ്പാദിക്കാൻ ആഗ്രഹിക്കുന്നവരാണധികവും. പണ്ടത്തെക്കാലത്ത് സ്വത്ത് ആർക്കും

സ്വന്തമെന്നു പറയാൻ ആദിവാസി സ്ത്രീകളെ സംബന്ധിച്ച് ഒന്നുമില്ല. സ്വന്തമെന്നു പറയുന്ന ശരീരം പോലും ഇന്ന് മറ്റൊരാൾ ചൂഷണം ചെയ്യുന്ന ഉപകരണമായി മാറുന്ന സാഹചര്യമുണ്ട്. ഇതിന് കാരണം ഒരു നിലനിൽപ്പില്ലാത്തതുകൊണ്ടാണ്. അതുകൊണ്ട് സ്ത്രീകൾക്ക് സ്വന്തമായി സ്വത്ത് വേണം. എങ്കിൽ മാത്രമേ മനസ്സിന് കൂടുതൽ ശക്തി പ്രാപിക്കാനും സമൂഹത്തിലേക്ക് ഇറങ്ങി ചെല്ലാനും സാധിക്കുകയുള്ളൂ. ഭൂമി, വീട്, പണം തുടങ്ങിയ സ്വത്തുക്കൾ ഉണ്ടെങ്കിൽ മാതൃകാപരമായ ഒരു ജീവിതം നയിക്കാൻ ആദിവാസി സ്ത്രീകൾക്ക് സാധിക്കും.



വേണ്ടായിരുന്നു. ഇന്ന് പൊതു സമൂഹത്തിന്റെ ആശയം ആദിവാസികൾക്കിടയിൽ കടന്നു കൂടിയിട്ടുണ്ട്. ഒരുപാട് സ്ത്രീകൾ തായ്‌വഴി (അമ്മവഴി) യുള്ള ചെറിയ സ്വത്തിനെ ആശ്രയിക്കാതെ സ്വന്തമായി സ്വത്ത് സമ്പാദിക്കാൻ ആഗ്രഹിക്കുകയും അതിനുവേണ്ടി ശ്രമിക്കുകയും ചെയ്യുന്നുണ്ട്. ഈ ആധുനിക കാലഘട്ടത്തിൽ ജീവിക്കാൻ കൂലിവേല കൊണ്ട് ഒന്നുമാകില്ല. വിദ്യാഭ്യാസ കാര്യത്തിന് പണം അത്യാവശ്യഘടകമാണ്. വനവിഭവങ്ങളൊന്നും പണ്ടുള്ള പോലെ ലഭിക്കുന്നില്ല. കമ്പോളത്തെയാണ് എല്ലാവരും ആശ്രയിക്കുന്നത്. ജീവിച്ചു പോകാൻ സ്വത്ത് എന്ന സുരക്ഷിത വലയം അത്യാവശ്യമാണെന്ന ചിന്ത എല്ലാ സ്ത്രീകൾക്കിടയിലും എത്തിയിട്ടുണ്ട്.

*5. പണ്ട് 5 സെന്റിലും 10 സെന്റിലുമൊക്കെയായിരുന്നല്ലോ ആദിവസികൾ ജീവിച്ചിരുന്നത്. ആ സ്വത്തിൽ സ്ത്രീ/പുരുഷൻ ആരായിരുന്നു അവകാശി ?*

താഴ്‌വഴി (അമ്മവഴി) യുള്ള ആചാര രീതിയായിരുന്നു ഞങ്ങൾ പിന്തുടർന്നത്. പാരമ്പര്യമായി കിട്ടിയ സ്വത്തിന് സ്ത്രീകൾക്ക് തന്നെയായിരുന്നു അവകാശം. ഇന്ന് രണ്ടു പേർക്കും തുല്യ പങ്കാളിത്തമാണ്.

*6. ആദിവാസി സ്ത്രീകൾ 'സ്വത്ത്' എങ്ങനെ വിനിയോഗിക്കും.?*

ആദിവാസി സ്ത്രീകൾ സാമ്പത്തിക പുരോഗതി നേടുകയാണെങ്കിൽ അവരുടെ കുഞ്ഞുങ്ങൾക്ക് ഉയർന്ന വിദ്യാഭ്യാസവും നല്ല ഭക്ഷണവും, വസ്ത്രവും കിട്ടുകയും സ്വന്തമായി കൃഷിയിറക്കുകയും ചെയ്യും. സമൂഹത്തിൽ ഏതൊരു കാര്യത്തിനും മറ്റൊരാളെ ആശ്രയിക്കാതെ ഇറങ്ങി ചെല്ലാൻ സ്ത്രീകൾക്ക് സാധിക്കുന്നതോടൊപ്പം കൂട്ടായ പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും, സ്വന്തമായി നിക്ഷേപമുണ്ടാക്കുകയും ചെയ്യും. വികസന സമ്പ്രദായങ്ങൾക്ക് നേതൃത്വം നൽകുന്നതോടൊപ്പം സ്വയം പ്രാപ്തരാവുകയും മാതൃകാപരമായ ജീവിതം നയിച്ച് പരസ്പരം ആളുകളെ സഹായിക്കുകയും ഇനിയുള്ള തലമുറയ്ക്ക് സുരക്ഷിതമായ കെട്ടുറപ്പുണ്ടാക്കുകയും ചെയ്യാൻ സ്ത്രീകൾക്ക് സാധിക്കും.




*7. ആദിവാസി സ്ത്രീകൾ ഇന്നും പലവിധ ചൂഷണത്തിനിരകളാണ്. ഒരു സാമ്പത്തിക അടിത്തറയുണ്ടെങ്കിൽ ഇതിൽ നിന്നൊരു മോചനമുണ്ടാവുമോ?*

തീർച്ചയായും. പലപ്പോഴും ചൂഷണത്തിനിരകളാവുന്നത് സ്വന്തമായി നിലനിൽപ്പ് ഇല്ലാത്തതും സ്വാശ്രയരും സ്വതന്ത്രരുമല്ലാത്തതും കൊണ്ടാണ്. വിദ്യാഭ്യാസമില്ലായ്മയും മാതാപിതാക്കളുടെ ഉത്തരവാദിത്വമില്ലായ്മയും ആദിവാസികളെ ജാതി പരമായി വേർതിരിക്കുന്നതും മനുഷ്യരായി പരിഗണിക്കാത്തതും ചൂഷണത്തിന് കാരണമാണ്. നമ്മൾ മറ്റൊരാളുടെ ആശ്രിതരായി കഴിയുമ്പോൾ അവർ പറയുന്നതുപോലെ ജീവിക്കേണ്ടി വരും. നമ്മുടെ ചിന്തകളും പ്രവർത്തികളും അപ്പോൾ മുരടിച്ചുപോകും. സാമ്പത്തികമായുള്ള സുരക്ഷിതത്വമുണ്ടെങ്കിൽ സമൂഹത്തിലെ അനീതിക്കെതിരെ ശബ്ദിക്കാൻ സ്ത്രീകൾക്ക് സാധിക്കും. തൊഴിലില്ലായ്മ രൂക്ഷമാണ് ആദിവാസികൾക്കിടയിൽ.

ഈ ആധുനിക കാലഘട്ടത്തിൽ ജീവിക്കാൻ കൂലിവേല കൊണ്ട് ഒന്നുമാകില്ല. വിദ്യാഭ്യാസ കാര്യത്തിന് പണം അത്യാവശ്യഘടകമാണ്. വനവിഭവങ്ങളൊന്നും പണ്ടുള്ള പോലെ ലഭിക്കുന്നില്ല. കമ്പോളത്തെയാണ് എല്ലാവരും ആശ്രയിക്കുന്നത്. ജീവിച്ചു പോകാൻ സ്വത്ത് എന്ന സുരക്ഷിത വലയം അത്യാവശ്യമാണെന്ന ചിന്ത എല്ലാ സ്ത്രീകൾക്കിടയിലും എത്തിയിട്ടുണ്ട്.

സാമ്പത്തിക അടിത്തറയില്ലാത്തതാണ് അവിവാഹിതരായ അമ്മമാർ ആദിവാസികൾക്കിടയിൽ ഉണ്ടാകാൻ കാരണം.

*8. സ്വത്ത് എന്ന് പറയാൻ ഇന്ന് സ്വന്തമായി ഏക്കർ ഭൂമിയുണ്ട്. സ്ത്രീയെന്ന നിലയിൽ ഇതിൽ നിന്ന് എന്ത് നേട്ടമാണ് നേടിയത്. ?*

ഒരു സ്ത്രീയെന്ന നിലയിൽ സമരം ചെയ്ത് എനിക്കും എന്റെ ആളുകൾക്കും ഭൂമിയെന്ന അടിസ്ഥാന ആവശ്യം നേടിയെടുക്കാൻ സാധിച്ചതു തന്നെ ഒരു നേട്ടമാണ്. സുരക്ഷിതമായ വീടുവെച്ചു. എന്തൊക്കെ കൃഷി ചെയ്യാൻ പറ്റുമോ അതെല്ലാം കൃഷി ചെയ്തു. ആരേയും ആശ്രയിക്കാതെ ജീവിക്കാനും കൃഷി ചെയ്തുണ്ടാക്കിയ വരുമാനം കൊണ്ട് ഒരുപാട് ആളുകളെ സഹായിക്കാനും സാധിച്ചു. ഇന്ന് മരിച്ചാൽ കുഴിച്ചിടാൻ സ്വന്തം മണ്ണുണ്ടല്ലോ എന്നോർക്കുമ്പോൾ അഭിമാനമുണ്ട്.

*9. രേഖാമൂലം അല്ലെങ്കിലും ചരിത്രം പരിശോധിച്ചാൽ ഏറ്റവും കൂടുതൽ ഭൂ സ്വത്ത് ഉള്ളവരായിരുന്നു ആദിവാസികൾ. എന്നാൽ ഇന്ന് നിന്നുതിരിയാൻ ഒരു തുണ്ടു ഭൂമിപോലും ഇല്ലാത്തവരാണ്. സ്വത്ത് നഷ്ടമായതെങ്ങനെ ? അതെല്ലാം തിരിച്ചു കിട്ടാൻ ശ്രമിക്കുന്ന സ്ത്രീശക്തിയെന്ന നിലയിൽ എന്താണു പറയാനുള്ളത് ?*

മാറി മാറി വന്ന നിയമ വ്യവസ്ഥയുടേയും സജീവമായ കൈയ്യേറ്റത്തിന്റേയും ഭാഗമായി ആദിവാസികൾക്ക് ഭൂമിയുടെ മേലുള്ള അവകാശം നഷ്ടമായി. ജന്മിമാരുടേയും കുടിയേറ്റക്കാരുടേയും കീഴിൽ അടിമ വേല ചെയ്തു. വിദ്യാഭ്യാസമില്ലാത്തത് കൊണ്ട് ആദിവാസികളുടെ ഭൂമി ജന്മി-കുടിയാന്മാർ രേഖാമൂലം എഴുതിവാങ്ങി. അങ്ങനെ ആദിവാസികൾക്കു സ്വന്തമെന്നു പറയുന്നതെല്ലാം മേലാളർ ചൂഷണത്തിലൂടെ നേടിയെടുത്തു.

ഇന്ന് സമരങ്ങളിലൂടെ നഷ്ടമായതൊക്കെ നേടിയെടുക്കാൻ ഞങ്ങൾ ശ്രമിക്കുന്നു. ആദിവാസികൾ പ്രകൃതി വിഭവങ്ങളെ ആശ്രയിച്ച് പ്രകൃതിയുമായി ഇണങ്ങി കഴിയുന്നവരാണ്. അതിൽ നിന്നും പറിച്ചു മാറ്റപ്പെടുന്നത് ഞങ്ങളുടെ സംസ്കാരത്തെ തകർക്കുകയും വംശഹത്യയ്ക്ക് കാരണമാവുകയും



ചെയ്യുന്നു. നിലനിൽപ്പിനായി ഭൂമി തന്നെയാണ് ഞങ്ങൾക്ക് പ്രധാനം. അതിലൂടെ ഉപജീവനം നടത്താനും സ്വാശ്രയരും സ്വതന്ത്രരുമാകാൻ കഴിയും. ഞങ്ങളുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം നൽകി ഈ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരണം. വസ്ത്രം, പാർപ്പിടം, എല്ലാ പ്രാഥമികാവശ്യവും അവർക്ക് ലഭ്യമാക്കണം. ആദിവാസികൾക്ക് ഭരണഘടനയിൽ ഒരു നിയമമുണ്ടെങ്കിൽ ഉപയോഗപ്രദമായ രീതിയിൽ അത് നടപ്പിൽ വരണം. പരിമിതികൾ ഉണ്ടെങ്കിലും അതിനെയെല്ലാം മറികടന്ന് നീതിയ്ക്ക് വേണ്ടി പൊരുതുന്ന ഒരു സ്ത്രീയെന്ന നിലയിൽ എനിക്കഭിമാനമുണ്ട്. ഇപ്പോഴും താഴേ തട്ടിൽ തന്നെയാണ് ആദിവാസികൾ. കോടികൾ ചിലവഴിക്കുന്നുണ്ടെങ്കിലും ഒന്നും എവിടെയും എത്താതെ നിൽക്കുമ്പോൾ പ്രതികരിക്കാനും നേടാനും ഇനിയും സ്ത്രീ ശക്തികൾ മുന്നോട്ട് വരണം. ●



കവർസ്റ്റോറി



# ആദിവാസികളിലെ പുതിയ തലമുറയ്ക്ക് പറയാനുള്ളത്

അഭിമാനബോധമെന്ന 'സ്വത്ത്' ഞങ്ങളുടെ മനസ്സിൽ മുളച്ചിരിക്കുകയാണ്. വഞ്ചിതരായി ജീവിക്കാൻ ഞങ്ങൾക്കാഗ്രഹമില്ല.



വിനീത എ.വി.

ആദിവാസികൾക്ക് സ്വത്തെന്ന് പറഞ്ഞാൽ അവരുടെ അറിവും ആരോഗ്യവും വനവും വനവിഭവങ്ങളുമായിരുന്നെങ്കിൽ പുതിയ തലമുറയ്ക്ക് സ്വത്തെന്ന് പറഞ്ഞാൽ ഭൂമി, പണം, പാർപ്പിടം തുടങ്ങിയവയാണ്. എന്നാൽ ആർഭാട ജീവിതത്തിന് പ്രാധാന്യം കൽപ്പിക്കുന്നുമില്ല. ഇന്ന് ആദിവാസി പെൺകുട്ടികളെല്ലാം വിദ്യാഭ്യാസപരമായും സാമൂഹികമായും മാറ്റത്തിന് വിധേയരായി കൊണ്ടിരിക്കുകയാണ്. പൊതു സമൂഹത്തിന്റെ ആശയങ്ങൾ ഞങ്ങൾക്കിടയിൽ കടന്നു വന്നിരിക്കുന്നു. മറ്റുള്ളവരുടെ കീഴിൽ അടിമകളെപ്പോലെ ജീവിക്കാൻ ആഗ്രഹമില്ല. സുരക്ഷിതമായി ജീവിക്കാനും അത്യാവശ്യം വേണ്ട സാധനങ്ങൾ കൃഷി ചെയ്യാനും അതിലൂടെ വരുമാനം ഉണ്ടാക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നു. സ്വന്തം കാലിൽ നിൽക്കാൻ സ്വകാര്യമേഖലയെന്നോ സർക്കാർ മേഖലയെന്നോ നോക്കാതെ മാന്യമായി തൊഴിൽ ചെയ്യാനും പെൺകുട്ടികൾ ശ്രമിക്കുന്നു. സ്വത്തുണ്ടെങ്കിൽ ഞങ്ങളുടെ ഇഷ്ടങ്ങൾക്കനുസരിച്ച് ജീവിക്കാൻ കഴിയും. ആരുടെയും മുൻപിൽ കൈനീട്ടി നിൽക്കേണ്ടി വരില്ല. സമൂഹത്തിൽ ദുരിത മനുഭവിക്കുന്നവർക്ക് സ്വന്തമായി സ്വത്തുണ്ടെങ്കിൽ അത് വിനിയോഗപ്പെടുത്താൻ പുതുതലമുറയ്ക്ക് സാധിക്കും. അഭിമാനബോധമെന്ന 'സ്വത്ത്' ഞങ്ങളുടെ മനസ്സിൽ മുളച്ചിരിക്കുകയാണ്. വഞ്ചിതരായി ജീവി

ക്കാൻ ഞങ്ങൾക്കാഗ്രഹമില്ല. ഇന്ന് എന്തിനും ഏതിനും കമ്പോളത്തെ ആശ്രയിക്കേണ്ട തുണ്ട്. പ്രകൃതി വിഭവങ്ങ ളൊന്നും ഞങ്ങൾക്കങ്ങനെ ലഭി ക്കുന്നില്ല. സാമ്പത്തിക അടി ത്തറ ഒഴിച്ചു കൂടാനാവാത്ത സ്വത്തായി മാറികഴിഞ്ഞു. അന്ത സ്സോടെ ജീവിക്കാൻ ഞങ്ങൾക്ക് സ്വന്തമായി സ്വത്ത് വേണം. മറ്റു ള്ളവരെപ്പോലെ സ്വത്തിനോ ടുള്ള ആർത്തികൊണ്ടൊന്നുമല്ല സ്വത്ത് വേണമെന്ന് പറയുന്നത്. ഞങ്ങളുടെ കൊച്ചു കൊച്ചു ഇഷ്ടങ്ങൾ നിറവേറ്റാനും അത്യാവശ്യം വേണ്ട സാധന ങ്ങൾ കൃഷി ചെയ്യാനും, അടച്ചു റപ്പുള്ള വൃത്തിയുള്ള വീട് വെക്കാനും ഭൂമി വേണം. ഇന്ന് ജീവിക്കാൻ പണം അത്യാവശ്യ മാണല്ലോ. അത് ഞങ്ങൾക്ക് വളരെ കുറവാണ്. അച്ഛനമ്മ മാർക്ക് സ്വന്തമായി സ്വത്തോ, പണമോ ഇല്ലാത്തതിന്റെ ബുദ്ധി മുട്ട് ഞങ്ങൾ ഇന്ന് ശരിക്കും അനുഭവിക്കുന്നുണ്ട്. പണം ക്കൊണ്ടിരിക്കുന്നത്. കൃഷി ഇറ ക്കണ സമയത്തൊക്കെ നല്ല ആഘോഷമായിരിക്കുമെന്ന് പറഞ്ഞ് കേട്ടിട്ടുണ്ട്. ഭൂമിയാണ് അടിസ്ഥാന സ്വത്ത്. ആദി വാസി പെൺകുട്ടികൾക്ക് നിർബന്ധമായ് സ്വത്ത് വേണം. സ്വത്തെന്ന് പറഞ്ഞ് തരാൻ ഞങ്ങളുടെ അച്ഛനമ്മമാരുടെ കയ്യിൽ ഒന്നുംതന്നെയില്ല. അതു കൊണ്ട് വിദ്യാഭ്യാസം നേടി തൊഴിലും വരുമാനവുമൊക്കെ ഞങ്ങൾ തന്നെ കണ്ടെത്തണം.



വികസനത്തിന്റെ പേരിൽ പ്രകൃ തിയിൽ നിന്നും ഞങ്ങളെ അന്യരാക്കി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജീവിച്ചു പോകാൻ, നല്ല തലമുറയെ വാർത്തെടുക്കാൻ സ്വത്ത് അത്യാവശ്യമാണ്.

പണ്ട് കാലത്തെ ആദിവാ സികൾ സ്വത്തിന് അധികം പ്രാധാന്യം നൽകിയിരുന്നില്ല. അവർക്ക് വേണ്ടതെല്ലാം കാട് നൽകിയിരുന്നു. എന്തിന്റെ കുറ വാണോ ഞങ്ങൾ ഇന്നും താഴെ തട്ടിൽ തന്നെ നിൽക്കാൻ കാര ണം. ആ കുറവാണ് പുതിയ തലമുറയുടെ സ്വത്ത്. അത് ഭൂമിയും, പണവും തന്നെയാണ്. കൊടുക്കാനില്ലാതെ പഠനം നിർത്തിയ ധാരാളം കൂട്ടുകാർ എനിക്കുണ്ട്. ആശുപത്രി, വിദ്യാ ഭ്യാസം, വിവാഹം അങ്ങിനെ എന്തിനും ഏതിനും മറ്റുള്ളവരെ ആശ്രയിക്കേണ്ട ഗതികേടാണ്. ഇതിന് കാരണം സ്വന്തമായ തൊഴിലും വരുമാനവും ഇല്ലാ ത്തതാണ്. സ്വന്തമായി സമ്പാദ്യ മുണ്ടായാൽ തന്നെ മറ്റു വിഭാഗ ങ്ങളെ പോലെ മാന്യമായി ജീവിക്കാലോ. ഞങ്ങളുടെ വാക്കിനും അഭിപ്രായത്തിനും അപ്പോൾ എല്ലാവരും വില കൽപ്പിക്കും. ഭൂമി ഞങ്ങൾക്ക് നഷ്ടപ്പെട്ടത് കൊണ്ടാണ് ഗോത്രാചാരങ്ങൾ ഇല്ലാതായി അധികവും ചൂഷണങ്ങൾക്ക് വിധേയരാകുന്നത് ആദിവാസി പെൺകുട്ടികളാണ്. പലപ്പോഴും ഒന്നും ഇല്ലാത്തതുകൊണ്ട് മോശപ്പെട്ട രീതിയിൽ പലരും ജീവിക്കുന്നുണ്ട്. സ്വന്തമായി സ്വത്തുണ്ടെങ്കിൽ ആരേയും പേടിക്കണ്ടല്ലോ.
ഞങ്ങൾക്കൊന്നും ഇല്ല എന്ന തോന്നലുള്ളതുകൊണ്ടാണ് സമൂഹത്തിലേക്കിറങ്ങിചെല്ലാൻ സ്ത്രീകൾ മടിക്കുന്നത്.
സ്വന്തമായി ഒന്നും ഇല്ലാത്ത എന്റെ അമ്മയുടെ ജീവിതം തന്നെ എനിക്കൊരു പാഠമാണ്. എന്റെ ചെറുപ്പത്തിൽ തന്നെ അച്ഛൻ അമ്മയെ ഉപേക്ഷിച്ചു

പോയി. പിന്നീട് അമ്മ അടുത്ത മേലാളന്റെ വീട്ടിലും പറമ്പിലും പത്ത് രൂപ ദിവസവേതനത്തിൽ രാവിലെ മുതൽ വൈകുന്നേരം വരെ പണി എടുത്താണ് എന്നെയും ഏട്ടനേയും വളർത്തിയത്. അമ്മയ്ക്ക് പഠിപ്പൊന്നും ഇല്ലാത്തതുകൊണ്ട് വേറെ ജോലിക്കൊന്നും പോകാൻ പറ്റില്ലല്ലോ. അസുഖം ഉണ്ടെങ്കിൽ പോലും ജോലിക്ക് പോകണമായിരുന്നു. അവിടെ നിന്നും അമ്മയ്ക്ക് കൊടുക്കുന്ന നല്ല ആഹാരങ്ങൾ ഞങ്ങൾക്ക്



കൊണ്ടുത്തരുമായിരുന്നു. അച്ഛനില്ലാതെ അമ്മ ഞങ്ങളെ വളർത്തിയത് വളരെ കഷ്ടപ്പാടിലൂടെയാണ്. അന്ന് കൂലി പണിയൊക്കെ ഉണ്ടായിരുന്നു. ഇന്ന് പണിയൊക്കെ യന്ത്രങ്ങളല്ലേ ചെയ്യുന്നത്. അതോണ്ട് ഇന്നത്തെ തലമുറയ്ക്ക് സ്വന്തമായി എന്തെങ്കിലും വേണം. മറ്റുള്ള പെൺകുട്ടികളെ പോലെ നല്ല വിദ്യാഭ്യാസം നേടുകയും നല്ല തൊഴിലും വരുമാനവും ഉണ്ടാവുകയും വേണംയ വിവാഹ ജീവിതത്തിലേക്ക് കടക്കാനാകാതെ ഞങ്ങളും സ്വപ്നം കാണാറുണ്ട്. ഡ്രസ്സിന്റെയും പണത്തിന്റെയുമൊക്കെ കുറവ് ഹോസ്റ്റലിൽ മറ്റുള്ള പെൺകുട്ടികളോടൊപ്പം നിന്നപ്പോഴാണ് ഏറെ ബുദ്ധിമുട്ടിയത്. ബന്ധുവിന്റെ ഡ്രസ്സൊക്കെ എടുത്തോണ്ട് പോയി മാറി മാറി ഇടുമായിരുന്നു. മറ്റ് കുട്ടികളോടൊപ്പം അധികം കറങ്ങാനൊന്നും പോവില്ലായിരുന്നു. ആഗ്രഹമില്ലാഞ്ഞിട്ടല്ല പണത്തിന്റെ കുറവ് മൂലമാണ്. എന്നെ ഫീസ് കൊടുത്ത് പഠിപ്പിക്കാൻ ഗാർഡിയൻ ഉണ്ടായിരുന്നെങ്കിലും മറ്റൊരാളുടെ പണം കൊണ്ട് പഠിക്കാൻ എനിക്ക് ബുദ്ധിമുട്ടായിരുന്നു. ഞാൻ വീട്ടിലേക്കു തന്നെ തിരിച്ചു വന്നു. വീട്ടിലിരുന്ന് പഠിക്കുകയാണിപ്പോൾ. കുട്ടികൾക്ക് ടൂഷ്യൻ എടുത്തും സാക്ഷരത പഠിപ്പിച്ചും ഞാനിപ്പോൾ വീട്ടിലെ കാര്യങ്ങളൊക്കെ നോക്കുകയും ചെറിയ നിക്ഷേപം ബാങ്കിൽ ഇടുകയും ചെയ്യുന്നുണ്ട്. സ്വന്തം കാര്യത്തിന് മറ്റുള്ളവരെ ആശ്രയിക്കേണ്ടല്ലോ ?

ഇപ്പോഴത്തെ വിവാഹം പണ്ടത്തെപോലെയൊന്നുമല്ലല്ലോ. മറ്റുള്ള വിഭാഗക്കാരെ പോലെ തന്നെ ആഘോഷമാക്കുന്നുണ്ട്. ഞങ്ങളെക്കൂടാതെ പുറമെയുള്ളവരെയൊക്കെ ക്ഷണിക്കുന്നുണ്ട്. ഇപ്പോ പൊന്നണിയാനുള്ള ഭാഗ്യമൊന്നുമില്ല. ഉള്ളതു തന്നെ പണയത്തിലാണ്. അതോണ്ട് കല്യാണത്തിനെങ്കിലും മറ്റുള്ളവരെപ്പോലെ പൊന്നണിയണം അധികമൊന്നും വേണ്ട, പൊന്ന് കുറച്ചിട്ടാലും ഭംഗിയല്ലേ. പൊന്നൊക്കെ ഞങ്ങൾ

പെൺകുട്ടികളു തന്നെയുണ്ടാക്കണം. അതിന് നല്ല തൊഴിൽ തന്നെ വേണം. വിദ്യാഭ്യാസമുള്ള പെൺകുട്ടികൾ വരെ കൂലിപ്പണിയ്ക്ക് പോകുന്നത് കാണാം. പിന്നെ ആരെങ്കിലും കല്യാണം കഴിക്കും. ഭർത്താവിന്റെ കള്ളുകുടിച്ചുള്ള അടിയും വഴക്കും സ്ഥിരമായിരിക്കും. കുട്ടികളുടെ ആവശ്യങ്ങൾ പോലും നിറവേറ്റാൻ സാധിക്കാതെ കഷ്ടപ്പെടുന്നത് ഞാൻ കാണാറുണ്ട്. അതോണ്ട് സ്ഥിരമായൊരു തൊഴിലും വരുമാനവും ഉണ്ടായതിനു ശേഷം കല്യാണം കഴിക്കാനാണാഗ്രഹം. ഒരു തൊഴിലോ നല്ല വരുമാനമോ ഉണ്ടെങ്കിൽ കുടുംബ കാര്യങ്ങൾ തന്നെ തുല്യമായി നോക്കി നടത്താലോ. ഒരു തൊഴിൽ ലഭിച്ചതിനു ശേഷം വിവാഹം കഴിച്ചാൽ എന്റെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം നൽകാനും എനിക്ക് എന്തെല്ലാം ആഗ്രഹങ്ങളാണോ നഷ്ടമായത് അതെല്ലാം അവർക്ക് സാധിച്ചു കൊടുക്കാനും കഴിയും. നല്ല ആഹാരം, ഭക്ഷണം, മറ്റുള്ളവരെ സഹായിക്കാം. ഇതെല്ലാം സാധ്യമാവണമെങ്കിൽ പണം തന്നെ വേണം. സ്വന്തമായി കൃഷി ചെയ്യാനുള്ള ഭൂമിയുണ്ടെങ്കിൽ വേറെ സർക്കാർ ജോലിയോ, സ്വകാര്യ ജോലിയോ ഒന്നും വേണ്ട. കൃഷി തന്നെ ഒരു വരുമാനമാണല്ലോ. സ്വന്തം ഭൂമിയുണ്ടെങ്കിൽ അവിടെ നിന്നാരും ഇറക്കിവിടൂലാല്ലോ. അതോണ്ടാണ് ഭൂമിയ്ക്ക് വേണ്ടിയുള്ള സമരത്തിലൊക്കെ പങ്കെടുക്കുന്നത്. സ്വത്തുണ്ടെങ്കിൽ ഞങ്ങളുടെ പ്രദേശത്ത് മാറ്റങ്ങൾ വരുത്താൻ സാധിക്കും. ഞങ്ങൾ പെൺകുട്ടികളെല്ലാം ഒത്തുകൂടുമ്പോൾ ഞങ്ങളുടെ സ്വപ്നങ്ങളൊക്കെ പങ്കുവെക്കും. ഞങ്ങൾക്ക് ടൗണിലൊക്കെ എത്താൻ ഭയങ്കര ബുദ്ധിമുട്ടാണ് അതോണ്ട് ജോലി കിട്ടുമ്പോൾ കടവെക്കണം, ഓട്ടോറിക്ഷ വാങ്ങണം. വായനശാല കെട്ടണം. ഇവിടുത്തെ കുട്ടികളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന പരിപാടി നടത്തണം. പത്രം, പുസ്തകങ്ങൾ തുടങ്ങിയ കുട്ടികൾക്ക് വായിക്കാൻ എത്തിക്കണം. അമ്മമാർക്ക് സ്വയം തൊഴിൽ പരിശീലിപ്പിക്കണം. ഞങ്ങളുടെ ആളുകൾ അധികവും മറ്റുള്ളവർ നടത്തുന്ന പരിപാടികളിൽ പങ്കെടുക്കുകയാണ് ചെയ്യുന്നത്. ഓണം, വിഷു പോലുള്ള ദിവസങ്ങളിൽ ഞങ്ങളുടെ പ്രദേശത്ത് ആഘോഷങ്ങൾ നടത്തണം. ഇതിനൊക്കെ പണം വേണം ആണുങ്ങളേക്കാൾ ഉത്തവരാദിത്വത്തിൽ സ്ത്രീകൾ എല്ലാം നടത്തും. അതുകൊണ്ട് ആദിവാസി സ്ത്രീകൾക്ക് സ്വത്ത് നിർബന്ധമായി വേണം. പെൺകുട്ടികളെല്ലാം ഇപ്പോഴും മറ്റ് പുരുഷന്മാരുടെ പീഡനങ്ങൾക്ക് ഇരയാകുന്നത് തങ്ങൾക്ക് പണമോ, മറ്റ് സ്വത്തുക്കളോ ഒന്നുമില്ലാഞ്ഞിട്ടാണ്. ഇവരെ തൊട്ടാലൊന്നും ആരും ചോദിക്കാനും പറയാനും വരൂലാന്ന് ഇവർക്കറിയാം. കേസൊക്കെ കൊടുത്താൽ തന്നെ പണം കൊടുത്ത് എല്ലാം അവര് ഒതുക്കും. സ്വത്തുണ്ടെങ്കിൽ ആരോടും പ്രതികരിക്കാനുള്ള ധൈര്യമുണ്ടാവും. മറ്റുള്ള പെൺകുട്ടി



*ശേഷം പേജ് 38*

കവർസ്റ്റോറി



# സ്ത്രീ– സ്വത്ത്, തൊഴിൽ, അധികാരം



ജെന്നി സുൽഫത്ത്

സ്ത്രീകളുടെ സുരക്ഷിതത്വം, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, ജോലി ചെയ്യുവാനുള്ള അവകാശം, കുടുംബത്തിനകത്തെ മർദ്ദിതാവസ്ഥ തുടങ്ങി സ്ത്രീ-തൊഴിൽ-അധികാരം വരെ വ്യത്യസ്തരീതിയിലുള്ള ചർച്ചകൾ സമകാലീന കേരളത്തിൽ നടക്കുന്നുണ്ടെങ്കിലും, സ്ത്രീകളുടെ സാമൂഹിക സ്ഥാനത്തിന് ഏറ്റവും പ്രത്യക്ഷ ബന്ധമുള്ള, സ്വത്ത് എന്ന ഘടകത്തിനെ കുറിച്ചുള്ള ചർച്ചകൾ പലപ്പോഴും വളരെ വിരളമായാണ് നടക്കുന്നത്. കേരളത്തിൽ നിലനിന്നിരുന്ന ഭൂമി ഉടമസ്ഥ വ്യവസ്ഥ- വിവിധ കൊളോണിയൽ നിയമ നിർമ്മാണങ്ങൾ സ്ത്രീകളുടെ സ്വത്തവകാശത്തിൽ വരുത്തിയ മാറ്റം, ബഹു ദാമ്പത്യവ്യവസ്ഥയിൽ നിന്ന് ഏക ദാമ്പത്യ വ്യവസ്ഥയിലേക്കുള്ള മാറ്റം തുടങ്ങിയവ കൃത്യമായ പഠനവിധേയമാക്കാതെ, നിലവിലുള്ള തലമുറയുടെ പ്രത്യേകിച്ച് സ്ത്രീകളുടെ സ്വത്തുമായുള്ള ബന്ധം മനസ്സിലാക്കാൻ സാധിക്കില്ല.

1959 ലെ പാട്ട നിരോധന നിയമം- ഹിന്ദു ഇൻഹെറിറ്റൻസ് നിയമം-മുസ്ലിം പേഴ്സണൽ നിയമം തുടങ്ങി വിവിധ നിയമങ്ങൾ സ്ത്രീകളുടെ സ്വത്തവകാശവുമായി ബന്ധപ്പെട്ട് കിടക്കുന്നു. ഇവയിൽ ചില നിയമങ്ങൾ ഉദാഹരണ

കേരളത്തിൽ നിലനിന്നിരുന്ന ഭൂമി ഉടമസ്ഥ വ്യവസ്ഥ– വിവിധ കൊളോണിയൽ നിയമ നിർമ്മാണങ്ങൾക്ക് സ്ത്രീകളുടെ സ്വത്തവകാശത്തിൽ വരുത്തിയ മാറ്റം, ബഹു ദാമ്പത്യവ്യവസ്ഥയിൽ നിന്ന് ഏക ദാമ്പത്യ വ്യവസ്ഥയിലേക്കുള്ള മാറ്റം തുടങ്ങിയവ കൃത്യമായ പഠനവിധേയമാക്കാതെ, നിലവിലുള്ള തലമുറയുടെ പ്രത്യേകിച്ച് സ്ത്രീകളുടെ സ്വത്തുമായുള്ള ബന്ധം മനസ്സിലാക്കാൻ സാധിക്കില്ല.

ത്തിന് മുസ്ലീം വ്യക്തിനിയമം, സ്ത്രീകൾക്കുള്ള സ്വത്തവകാശ ത്തിൽ പ്രത്യക്ഷമായ വിവേ ചനം കാണിക്കുന്നുണ്ടെങ്കിലും പലപ്പോഴും വ്യത്യസ്തസാഹച ര്യങ്ങളിൽ പ്രകടമായ വിവേ ചനം കാണാൻ സാധ്യമല്ലെ ങ്കിലും നിയമത്തിന്റെ പല വ്യവ ഹാര മേഖലകളിലും സ്ത്രീക ളുടെ നിലനിന്നു വന്നിരുന്ന പല അവകാശങ്ങളും മെല്ലെമെല്ലെ ഇല്ലാതാകുന്നതായി കാണാം.

ഉദാഹരണത്തിന് ഹിന്ദു പിന്തുടർച്ചാവകാശനിയമ പ്രകാരം സ്ത്രീകൾക്ക് സ്വത്തിൽ തുല്യാവകാശമുണ്ടെ ങ്കിലും 1976Hindu joint family (abolition) പ്രകാരം കൂട്ടുകു ടുംബത്തിൽ നിലനിന്നിരുന്ന മാതൃദായക്രമവും പിതൃദായക്ര മവും ഉള്ള രണ്ട് പിന്തുടർച്ചാവ കാശവും നിരോധിക്കപ്പെട്ടിരു ന്നു.

ഉദാഹരണത്തിന്, തായ്‌വഴി സ്വത്തവകാശം കിട്ടിയ ഒരാളാ യിരുന്നു എന്റെ അച്ഛന്റെ അമ്മ. കണ്ണൂരിലെ മണിയാണി എന്ന മധ്യ-ജാതിയിൽ എന്റെ തലമുറ യിലെ ആദ്യത്തെ രണ്ടുപേർ വരെയും അമ്മമ്മയുടെ കുടും ബപേരാണ് പേരിന്റെ കൂടെ ചേർത്തുകൊണ്ടിരുന്നത്. ഏക ദേശം 25 വർഷം മുൻപ് ജനിച്ച കുട്ടികൾ മാത്രമാണ് അച്ഛന്റെ പേരോ നായർ ജാതിയിൽ വിവാഹം കഴിച്ച സ്ത്രീകളുടെ മക്കൾ കുറച്ചു കൂടി സംസ്ക്കാര വത്ക്കരിച്ച് 'നായർ' എന്ന ജാതിപ്പേരോ പേരിന്റെ കൂടെ ചേർക്കാൻ തുടങ്ങിയത്. കൃത്യ മായും നിയമനിർമ്മാണങ്ങൾ, സ്വത്തവകാശം എന്നിവ എങ്ങ നെയാണ് സ്ത്രീകളുടെ സാമൂ ഹ്യപദവിയെ നിർണ്ണയിക്കുന്നത് എന്നതിന്റെ ഉദാഹരണം ആണി ത്.

അമ്മമ്മയുടെ കുടുംബ ത്തിൽ നിന്ന് രണ്ട് സഹോദര ന്മാർക്കും 3 സഹോദരിമാർക്കും തുല്യമായി ഭൂമി കിട്ടിയെങ്കിലും വിവാഹത്തിനു ശേഷം മറ്റൊരു

ഭൂമിയിൽ വൻ ഭൂവുടമകല്ലാത്ത ഇടത്തരം ജാതി വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾ ഭർത്താവിന്റെ ഉടമസ്ഥ തയിലുള്ള സ്ഥലത്ത് കൃഷി ചെയ്ത് നിത്യജീവിതം നയിക്കുമ്പോൾ പോലും ഭൂമിയുമായി ബന്ധപ്പെട്ട എല്ലാ അധികാരങ്ങളും നിലനിൽക്കുന്നത് പുരുഷന്റെ കയ്യിൽ തന്നെയാണ്.

ഗ്രാമത്തിലേക്ക് പോയ സ്ത്രീ എന്ന നിലയിൽ സഹോദര ന്മാരെ പോലെ അവിടെ കൃഷി ചെയ്യാനോ കൃഷിയിൽ ആദായം ഉണ്ടാക്കാനോ അമ്മ മ്മയ്ക്ക് സാധിച്ചിരുന്നില്ല. മാസ ത്തിൽ ഒന്നോ രണ്ടോ ദിവസം മാത്രമാണ് അമ്മമ്മയുടെ ഭർത്താവ് സ്വന്തം നാട്ടിലേക്ക് പോകാൻ അവരെ അനുവദിക്കു ന്നത്. മിക്കവാറും എല്ലാദിവ സവും ഇതിനെക്കുറിച്ച് വഴക്ക് ഉണ്ടാകും. ചെറുതായിരിക്കു മ്പോൾ ഞാനടക്കം അമ്മമ്മ യുടെ ഈ "വീട്ടിൽ പോക ലിനെ" കളിയാക്കിയിട്ടുണ്ട്. കൃത്യതയില്ലാത്തതു കാരണം മിക്കവാറും കൃഷി നഷ്ടത്തിലാ വുകയോ തേങ്ങ മറ്റാരെങ്കിലും കൊണ്ടുപോവുകയോ ചെയ്യും. പതിവ് വഴക്കിന്റെ അവസാ നത്തെ വാക്ക് ഞാൻ എന്റെ സ്ഥലത്ത് വീട് വെച്ച് അങ്ങോട്ട് താമസം മാറും എന്ന ഭീഷണി യായിരുന്നു. സ്വന്തമായി ഒരു ഗ്രാമവും സ്ഥലവും ഉള്ള സ്ത്രീ എന്ന നിലയ്ക്ക് അമ്മമ്മയ്ക്ക് അന്നുണ്ടായിരുന്ന ധൈര്യം അ മ്മമ്മയുടെ പെൺമക്കൾക്ക് ഉ ണ്ടാവുമോ എന്നുള്ളത് സംശയ മാണ്.

സ്ത്രീകൾക്ക് സ്വത്തവകാ ശം ലഭിച്ചാൽ തന്നെയും വിവാ ഹം കഴിച്ച് മറ്റൊരു സ്ഥലത്തേ ക്ക് പോകുന്നതോടു കൂടെ ആ ഭൂമിയിൽ നിന്നുള്ള ആദായം അവർക്ക് നഷ്ടപ്പെടുകയും മെ ല്ലെ മെല്ലെ ആ ഭൂമി അവരുടെ തന്നെ സഹോദരന്മാരിലേക്ക് ചെറിയ തുകയ്ക്ക് പോയി ചേ രുകയും ചെയ്യുന്ന അവസ്ഥ എ ന്റെ ഗ്രാമത്തിലെ എല്ലാ തർക്ക ങ്ങളിലേയും പ്രധാനപ്പെട്ട ഒരു വിഷയമാണ്. വൻ ഭൂവുടമക ളല്ലാത്ത ഇടത്തരം ജാതി വിഭാ ഗങ്ങളിൽപ്പെട്ട സ്ത്രീകൾ ഭർ ത്താവിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കൃഷി ചെയ്ത് നിത്യ ജീവിതം നയിക്കുമ്പോൾ പോലും ഭൂമിയുമായി ബന്ധ പ്പെട്ട എല്ലാ അധികാരങ്ങളും നിലനിൽക്കുന്നത് പുരുഷന്റെ കയ്യിൽ തന്നെയാണ്. ഭൂമി ഇല്ലാത്ത ജാതിയിലാകട്ടെ, വ്യ ക്തികൾക്കു പകരം കുടുംബ ത്തിനാണ് പല സർക്കാർ സ് കീമുകൾ പ്രകാരവും ഭൂമി ലഭി ക്കുന്നത്, ഇത് സ്വാഭാവിക മായും കുടുംബനാഥന്റെ കയ്യി ലേക്കു പോകുന്നതു വഴി അവി ടേയും ഉടമസ്ഥതയില്ലാത്ത ഭൂ മിയിൽ പണിയെടുക്കുന്ന തൊ ഴിലാളികൾ മാത്രമായി സ്ത്രീ കൾ മാറുന്നു.

ചെറുകിട സംരംഭങ്ങൾ എ ടുത്താലും ഈ വിടവ് കാണാ വുന്നതാണ്. ഹിന്ദുവിഭാഗങ്ങ ളിൽ തന്നെ പല ജാതികളിലും സ്ത്രീകൾക്ക് സ്വത്തവകാശം ഉണ്ടെങ്കിൽ പോലും ആചാരപ്ര കാരം വിവാഹത്തിനുശേഷം സ്വത്തുവിഹിതം ചോദിക്കുന്നത് പതിവില്ല. ഇതിൽ നിന്നും വിപ രീതമായി സ്വത്ത് ലഭിച്ചാൽ പോലും മിക്കവാറും കുടുംബ ങ്ങളിൽ കുടുംബനാഥന്റെ മര ണാനന്തരം ആണ് സ്വത്ത് ഭാഗം വെക്കൽ നടക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന സ്വത്ത് മിക്കവാറും സ്ത്രീകൾക്ക് ലഭി

ക്കുന്നത് അവരുടെ മധ്യവയസ്സിലാണ്. പുരുഷന്മാരിൽ നിന്നു വ്യത്യസ്തമായി വിവാഹശേഷം മറ്റൊരു സ്ഥലത്തേക്ക് മാറി താമസിക്കേണ്ടതിനാൽ, വിഭജിക്കാത്ത സ്ഥലത്തിന്റെ കൈവശാവകാശം സ്ത്രീകൾക്ക് ലഭിക്കാറില്ല. ഫലത്തിൽ പ്രായപൂർത്തി എത്തിയ പെൺമക്കളുടെ വിവാഹത്തിനു വേണ്ടി വിനിമയം ചെയ്യുന്ന ഒന്നായി മധ്യ-വയസ്സിൽ ലഭിക്കുന്ന ഈ ഭൂമി മാറുന്നു. എന്റെ പരിചിത സാഹചര്യങ്ങളിൽ എല്ലാം തന്നെ പെൺമക്കളുടെ വിവാഹാവശ്യത്തിനു വേണ്ടി വിൽക്കപ്പെടുന്നത് മിക്കവാറും ഇത്തരത്തിൽ അമ്മമാർക്കു കിട്ടുന്ന സ്വത്താണ്. സ്ത്രീധനരൂപത്തിൽ ഇത് ചെന്നെത്തുന്നത് മകളെ വിവാഹം കഴിച്ച പുരുഷന്റെ കയ്യിലും.

എന്റെ അച്ഛന്റെ ഒരു പെങ്ങൾക്ക് ഒരു ചെറിയ ഭക്ഷ്യ ഉല്പന്ന സംരംഭം ഉണ്ട്. ഭർത്താവിന്റെ ഭൂമി പണയം വെച്ച് വായ്പ എടുത്ത് തുടങ്ങിയ ഈ സംരഭത്തിന്റെ നിയമപ്രകാരമുള്ള എല്ലാ ഉടസ്ഥതയും ഭർത്താവിനാണ്. സാമാന്യയുക്തിയിൽ സ്വാഭാവികമായും സംഭവിക്കുന്ന ഒരു കാര്യം. എന്നാൽ ഇതേ സംരംഭത്തിനു വേണ്ടി വിവാഹസമയത്ത് ലഭിച്ച പല ആഭരണങ്ങളും പണയപ്പെടുത്തേണ്ടതായോ വിൽക്കേണ്ടതായോ വന്നിട്ടുണ്ട്. കെട്ടിട നിർമ്മാണം മുതൽ വിതരണം വരെ ഇതിൽ ഉൾപ്പെട്ടിട്ടുള്ള സ്ത്രീയുടെ അധ്വാനം എവിടേയും രേഖപ്പെടുത്തുന്നില്ല. സ്ഥാപനത്തിന്റെ എല്ലാ സാമ്പത്തിക ഇടപാടുകളും ഭർത്താവിന്റെ മേൽനോട്ടത്തിലാണ്. പുരുഷന്മാർക്ക് സ്വത്ത് ഭാഗം അവരുടെ ചെറുപ്പകാലത്ത് തന്നെ ലഭിക്കുന്നതും സ്ത്രീകൾക്ക് ഔദ്യോഗികമായ സ്വത്ത് ഭാഗം മെക്കലിനു ശേഷം മാത്രം ലഭിക്കുന്നതു കൊണ്ടും തന്നെ, മറ്റു



പുരുഷന്മാരുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ ഭാര്യമാരുടെ സാമിപ്യം കാണാമെങ്കിലും പൊതുസ്ഥലങ്ങളുടെ ഔദ്യോഗിക ഉടമസ്ഥത– ഇത്തരത്തിൽ പുരുഷന്മാരുടെ കയ്യിൽ തന്നെയാണ് സ്ത്രീകളുടെ പൊതുസ്ഥലങ്ങളിലെ തുല്യാവകാശങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ പോലും സ്ത്രീകളുടെ സ്വകാര്യഉടമസ്ഥതയിലുള്ള എത്ര സ്ഥാപനങ്ങൾ പൊതുസ്ഥലങ്ങളിൽ ഉണ്ട് എന്നുള്ളത് സമാന ചർച്ചകളിലെ ഒരു ഘടകമായി ഉയർന്നുവരേണ്ടതുണ്ട്. അതേ സമയം 'പൊതു' എന്നുള്ളത് എത്രമാത്രം സ്ത്രീകളുടേത് അല്ലാതായിക്കൊണ്ടിരിക്കുന്നു എന്നുള്ളതും തുല്യപ്രാധാന്യത്തോടെ ചർച്ച ചെയ്യണം.

സ്ത്രീകളെ പോലെ മകളുടെ വിവാഹത്തിനു വേണ്ടി വിൽക്കാനുള്ള വസ്തുവായി സ്വത്ത് മാറ്റപ്പെടുന്നു. ഫലത്തിൽ മൂന്നാം തലമുറയിലേക്ക് എത്തുമ്പോഴേക്കും- വിവാഹസമയത്ത് ലഭിക്കുന്ന 'സമ്മാനങ്ങളായി' (തിരുവിതാംകൂറിൽ നിന്നു വ്യത്യസ്തമായി - മലബാറിലെ പല ജാതികളിലും 'നിർബന്ധിത സ്ത്രീധനം' പ്രബലമല്ല) സ്വത്ത് മാറപ്പെടുന്നു. സംരംഭകത്വം എന്നുള്ളത് ഇത്തരത്തിൽ പുരുഷന്മാർക്ക് അവരുടെ അനുയോജ്യത അനുസരിച്ച് ചെയ്യാവുന്ന ഒന്നാകുന്നു. കേരളത്തിലെ പൊതുസ്ഥലങ്ങളിലെ ഒട്ടുമിക്ക സ്ഥാപനങ്ങൾ എടുത്തു നോക്കിയാലും സ്ത്രീ സംരംഭകത്വം എത്രമാത്രം കുറവാണെന്ന് കാണാവുന്നതാണ്. പുരുഷന്മാരുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ ഭാര്യമാരുടെ സാമിപ്യം കാണാമെങ്കിലും പൊതുസ്ഥലങ്ങളുടെ ഔദ്യോഗിക ഉടമസ്ഥത- ഇത്തരത്തിൽ പുരുഷന്മാരുടെ കയ്യിൽ തന്നെയാണ്. സ്ത്രീകളുടെ പൊതുസ്ഥലങ്ങളിലെ തുല്യാവകാശ

ങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ പോലും സ്ത്രീകളുടെ സ്വകാര്യഉടമസ്ഥതയിലുള്ള എത്ര സ്ഥാപനങ്ങൾ പൊതുസ്ഥലങ്ങളിൽ ഉണ്ട് എന്നുള്ളത് സമാന ചർച്ചകളിലെ ഒരു ഘടകമായി ഉയർന്നുവരേണ്ടതുണ്ട്. അതേ സമയം 'പൊതു' എന്നുള്ളത് എത്രമാത്രം സ്ത്രീകളുടേത് അല്ലാതായിക്കൊണ്ടിരിക്കുന്നു എന്നുള്ളതും തുല്യ പ്രാധാന്യത്തോടെ ചർച്ച ചെയ്യണം.

ബീന അഗർവാൾ എന്ന പ്രശസ്ത ഇന്ത്യൻ എഴുത്തുകാരി. ഗ്രാമീണ പൊതുഇടങ്ങൾ സ്ത്രീകൾക്ക് അന്യമായി തീരുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്. പാരമ്പര്യമായി സ്വത്തവകാശം ഇല്ലാത്ത ചരിത്രഘട്ടങ്ങളിൽ പോലും, സ്ത്രീകൾക്ക് ഗ്രാമീണ പൊതു ഇടങ്ങൾ സ്വന്തമായിരുന്നു. എന്റെ ചെറുപ്പകാലത്ത് ഗ്രാമത്തിലെ പുൽമേടുകളിലും കുന്നിൻപുറങ്ങളിലും അമ്മമ്മയുടെ കൂടെ പശുവിനെ പുല്ലു തീറ്റിക്കാൻ പോകാറുണ്ട്. നാട്ടുമ്പുറത്തെ പല സ്ത്രീകൾക്കും ഇത്തരം പൊതുസ്ഥലങ്ങളായിരുന്നു ആശ്രയം. ആരുടേയും ഉടമസ്ഥതയിൽ അല്ലായിരുന്ന ഈ പൊതുസ്ഥലങ്ങളെല്ലാം കൺമുന്നിൽ വെച്ചാണ് സ്വകാര്യ മതിലുകൾക്കുള്ളിൽ ആകുന്നത്. പുല്ല് വിലകൊടുത്തു വാങ്ങേണ്ടി വരുന്നതോടെ, പണത്തിനായി കുടുംബത്തിലെ പുരുഷന്മാരെ സമീപിക്കേണ്ടിവരികയും കാലിവളർത്തലിനോടനുബന്ധമായ പല ഉപജീവന മാർഗ്ഗങ്ങളും നാട്ടിൻ പുറത്തെ സ്ത്രീകൾക്ക് അവസാനിപ്പിക്കേണ്ടതായും വന്നിട്ടുണ്ട്. നഗരങ്ങളിലെ പൊതുസ്ഥലങ്ങളെക്കുറിച്ചുള്ള ചർച്ചകൾ പുരോഗമിക്കുമ്പോഴും ഇത്തരം ഗ്രാമീണ പൊതുസ്ഥലങ്ങളും സ്ത്രീകളുടെ വിഭവ ഉടമസ്ഥതയുമായുള്ള ബന്ധവും ചർച്ചകളുടെ ഭാഗമല്ല, മറിച്ച് ഇത്തരം ചർച്ചകൾ മിക്കവാറും മലയാളികളുടെ കാർഷിക നൊസ്റ്റാൾജിയയുമായി ബന്ധപ്പെട്ട് മാത്രമാണ് നടക്കുന്നത് താനും. നഗരവിദ്യാഭ്യാസം ലഭിച്ച വിദ്യാഭ്യാസം അടക്കമുള്ള മറ്റു പല സാമൂഹ്യ മൂലധനങ്ങളും സ്വന്തമാക്കിയ എന്നെപ്പോലെയുള്ള ഒരു സ്ത്രീയിൽ നിന്നു വ്യത്യസ്തമായി എന്റെ നാട്ടിൻ പുറത്തെ മിക്കവാറും സുഹൃത്തുക്കളും വീണ്ടും വീണ്ടും വീടിനകത്തേക്ക് പോകേണ്ടി വരുന്നതിന് പൊതുസ്ഥലങ്ങളിൽ നിന്നുള്ള അകറ്റിമാറ്റൽ ഒരു പ്രധാനകാരണം തന്നെയാണ്.

ഉന്നതവിദ്യാഭ്യാസം ലഭിച്ച മധ്യ-ഉപരിവർഗ്ഗസ്ത്രീകൾക്കാകട്ടെ- കുടുംബം-വിവാഹം-സ്വത്ത് ഉടമസ്ഥത എന്നിവ കെട്ടുപിണഞ്ഞു കിടക്കുന്ന ഒന്നാണ്. ഗവേഷണ വിദ്യാർത്ഥിയായ ഉയർന്ന ജാതിയിൽപ്പെടുന്ന എന്റെ ഒരു കൂട്ടുകാരിയോട് സ്വ



ത്ത് എന്താണ് എന്ന് ചോദിച്ചപ്പോൾ പറഞ്ഞതിതാണ്.

'ഊഹിക്കാൻ പോലും പറ്റാത്ത സ്വത്തും പണവും ഉള്ള ആളാണ് എന്റെ അച്ഛൻ. വിദ്യാഭ്യാസസ്ഥാപനങ്ങളും പ്ലാന്റേഷനുകളും ഞങ്ങൾക്ക് കുടുംബ സ്വത്തായി ഉണ്ട് എന്റെ സഹോദരന്മാരെപോലെ അതെല്ലാം എന്റേതാണ് എന്ന തോന്നൽ എനിക്കൊരിക്കലും ഉണ്ടായിട്ടില്ല. ഓരോ തവണ അച്ഛന്റെ പൈസ ഉപയോഗിക്കുമ്പോഴും എനിക്ക് അറപ്പ് തോന്നും. നിറയെ സ്ത്രീധനം തന്നുള്ള എന്റെ വിവാഹമാണ് അവരുടെ ഏറ്റവും വലിയ സ്വപ്നം. ഒരു ചെറിയ ജോലി ചെയ്ത് എവിടെയെങ്കിലും ജീവിക്കാം എന്നു വെച്ചാലും അവരെ പേടിക്കണം എന്ന അവസ്ഥ."

ഇവിടെ സ്വത്തിൽ നിന്നുള്ള സ്വാതന്ത്ര്യം എന്നുള്ളത് ജാതി വ്യവസ്ഥകൾക്കുള്ളിലുള്ള വിവാഹത്തിൽ നിന്നുമുള്ള സ്വാതന്ത്ര്യം കൂടിയാണ്. ഉയർന്ന ജീവിതനിലവാരമുള്ള കുടുംബത്തിൽ നിന്നുള്ള പല സ്ത്രീകളും ഭൂമി-കുടുംബം എന്ന ബന്ധത്തിൽ നിന്ന് വിട്ട് പോകാൻ ആഗ്രഹിക്കുന്നവരാണ്. അതേ സമയം വിദ്യാഭ്യാസം, ഭാഷ തുടങ്ങിയ പല ഘടകങ്ങളും മറ്റൊരു തരത്തിലുള്ള മൂലധനമായി പ്രവർത്തിക്കുന്നുണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിക്കാത്ത മർദ്ദിത വിഭാഗത്തിൽപ്പെട്ട ഒരു സ്ത്രീക്ക് സ്വപ്നം കാണാൻ പറ്റുന്നതിനേക്കാളും 'സ്വാതന്ത്ര്യം' ഇത്തരത്തിൽ മറ്റു

മൂലധനങ്ങളുള്ള സ്ത്രീകൾക്ക് സ്വപ്നം കാണാൻ കഴിഞ്ഞേക്കും.

ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിക്കുകയും ഉയർന്ന ജാതിയിൽ ജനിക്കുകയും ചെയ്ത മറ്റൊരു സുഹൃത്തിനോട് സ്വത്തിനെക്കുറിച്ചുള്ള സങ്കല്പം എന്താണ് എന്ന് ചോദിച്ചപ്പോൾ പറഞ്ഞത് ഇതാണ്, 'സ്വത്ത് എന്ന് പറയുമ്പോൾ എന്റെ പുസ്തകങ്ങളാണ് എന്റെ ഏറ്റവും വലിയ സ്വത്ത് എന്ന് തോന്നാറുണ്ട്.'

മിശ്രവിവാഹിതരായ അച്ഛനമ്മമാരുടെ മകളായ ഗവേഷകവിദ്യാർത്ഥിയായ ഒരു കൂട്ടുകാരി പറഞ്ഞത് വളരെ വ്യത്യസ്തമായ അനുഭവമാണ്. 'സ്വത്ത് എന്ന് പറയാൻ എന്റെ കയ്യിൽ ഒന്നുമില്ല. അമ്മ സ്കൂൾ ടീച്ചറാണ്. ഈ സ്കൂൾ കോട്ടേഴ്സിൽ ആണ് ഞങ്ങൾ വളർന്നതും. നാടുമായി വലിയ ബന്ധമൊന്നുമില്ല. പക്ഷേ സ്വത്ത് എന്നുപറയുമ്പോൾ ഓർമ്മ വരുന്നത് എന്റെ ഒരു സുഹൃത്തിന് ഗവേഷണവുമായി ബന്ധപ്പെട്ടുണ്ടായ ഒരനുഭവമാണ്. ഏകദേശം പത്തുവർഷത്തോളമെടുത്ത് തീരുമാനിച്ച ഒരു സ്വതന്ത്ര ചരിത്രഗവേഷണമായിരുന്നു അത്. വിദേശയൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന ഒരു കൂട്ടുകാരി ചർച്ചകളിൽ പങ്കാളിയാവുകയും വിവരശേഖരണത്തിൽ പങ്കെടുക്കുകയും ചെയ്തു. മെല്ലെ മെല്ലെ ഞങ്ങൾ ചോദ്യം ചോദിക്കുകയും, വിവരശേഖരണം- രേഖപ്പെടുത്തൽ അവരും എന്ന സ്ഥിതി വന്നു. പിന്നീട് ഗവേഷണം നടന്നുകൊണ്ടിരിക്കെ തന്നെ, അതേ വിഷയത്തിൽ അവർ പഠിച്ചുകൊണ്ടിരിക്കുന്ന വിദേശയൂണിവേഴ്സിറ്റിയിൽ അവർ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. ഗവേഷകരായ ഞങ്ങൾ ഗവേഷണ-വിധേയരാവുകയാണ് എന്ന് തിരിച്ചറിഞ്ഞത് പിന്നീട് അവരുടെ ഗവേഷണക്കുറിപ്പുകൾ കാണാനിടയായപ്പോഴാണ്.

സ്ത്രീകളുടെ ജാതി–വർഗ്ഗം–സാമൂഹികസ്ഥാനം–ചരിത്രസാഹചര്യങ്ങൾ എന്നിവയനുസരിച്ച് പുനഃക്രമീകരിക്കേണ്ടതാണ് നിയമങ്ങൾ. അതുപോലെ തന്നെ, കേവലമായ സാംസ്കാരിക മാറ്റങ്ങൾക്കപ്പുറം വിഭവാധികാരവുമായി ബന്ധപ്പെട്ട സജീവ ചർച്ചകൾ ഉയർത്തിക്കൊണ്ടുവരേണ്ടത് സ്ത്രീപക്ഷ പ്രസ്ഥാനങ്ങളുടെ അജണ്ടയിൽ പുനർനിർണ്ണയിക്കപ്പെടേണ്ടത് കൂടിയാണ് . കേവലമായ നിയമാവകാശങ്ങൾക്കപ്പുറം, ഫലവത്തായ വിഭവവിതരണത്തെയും വിഭവാവകാശങ്ങളേയും സംബന്ധിച്ച ചർച്ചകൾ ഉയർന്നുവരേണ്ടിയിരിക്കുന്നു.

സ്വത്ത് എന്നത് അല്ലെങ്കിൽ ഉടമസ്ഥത എന്നത് വ്യത്യസ്ത തുറകളിലുള്ള സ്ത്രീകൾക്ക് എത്രമാത്രം വ്യത്യസ്തമാണ് എന്ന് ഇതിലൂടെ കാണാൻ കഴിയും. എന്റെ നാട്ടിൻപുറത്തെ പരിചിതസാഹചര്യങ്ങളിലെ സ്ത്രീകളിൽ നിന്ന് വളരെ വ്യത്യസ്തമാണ് വിദ്യാഭ്യാസം എന്ന മറ്റൊരു മൂലധനം കൈവശമുള്ള മറ്റു പല സ്ത്രീകളുടേയും അവസ്ഥ. "മിച്ചമൂല്യം" എന്ന സാമ്പത്തികശാസ്ത്രത്തിലെ ഒരു ഘടകം എങ്ങനെയാണ് "ബൗദ്ധികമിച്ചമൂല്യം" ആകുന്നത് എന്നതിനുള്ള ഉദാഹരണമാണ് ഒരു വിദേശയൂണിവേഴ്സിറ്റിയിലുള്ള വിദ്യാർത്ഥിയും ഒരു സാധാരണ ഇന്ത്യൻ വിദ്യാഭ്യാസസ്ഥാപനത്തിലെ വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം കാണിക്കുന്നത്. സാർവ്വജനികമായ സ്വത്ത് ഉടമ-അടിമ ബന്ധത്തിൽ നിന്ന് ഇത്തരത്തിലുള്ള സൂക്ഷ്മബന്ധങ്ങളെ വീക്ഷിക്കുക എന്നുള്ളത് വിഷമകരമായ ഒരു കാര്യമാണ്. പക്ഷേ നിലവിൽ ഇത്തരം ഉത്പാദനബന്ധങ്ങളെ വിലയിരുത്തുന്ന പല ആശയങ്ങളും അതേ സമയം ഗുണകരമാണെന്ന് കാണാൻ കഴിയുന്നതും ആണ്.

സ്വത്ത് എന്നത്, അതിനോടനുബന്ധിച്ചുള്ള സ്വപ്നങ്ങൾ, സങ്കല്പങ്ങൾ എന്നിവ വിവിധ ചരിത്ര സാമൂഹ്യസാംസ്കാരിക സാഹചര്യങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ്. ഒരു ഭാഗത്ത് സ്ത്രീകളുടെ മർദ്ദിതാവസ്ഥ അവരുടെ വിഭവ ഉടമസ്ഥതയുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യപ്പെടാതെ, കേവലമായ സാംസ്കാരിക ചർച്ചകളായി മാറുമ്പോൾ, നിയമവ്യവസ്ഥയ്ക്കുള്ളിലെ അല്ലെങ്കിൽ അധികാരത്തിന്റെ പല സ്ഥാപനങ്ങളിലേയും ചർച്ചകൾ കേവലമായ ചില പൊതുമുൻധാരണകളെ ആധാരമാക്കി നടക്കപ്പെടുന്നതാണ്. സ്ത്രീകളുടെ ജാതി-വർഗ്ഗം-സാമൂഹികസ്ഥാനം-ചരിത്രസാഹചര്യങ്ങൾ എന്നിവയനുസരിച്ച് പുനഃക്രമീകരിക്കേണ്ടതാണ് നിയമങ്ങൾ, അതുപോലെ തന്നെ, കേവലമായ സാംസ്കാരിക മാറ്റങ്ങൾക്കപ്പുറം വിഭവാധികാരവുമായി ബന്ധപ്പെട്ട സജീവചർച്ചകൾ ഉയർത്തിക്കൊണ്ടുവരേണ്ടത് എന്നിവ ങ്ങളുടെ അജണ്ടയിൽ പുനർനിർണ്ണയിക്കപ്പെടേണ്ടത് കൂടിയാണ്. കേവലമായ നിയമാവകാശങ്ങൾക്കപ്പുറം, ഫലവത്തായ വിഭവവിതരണത്തെയും വിഭവാവകാശങ്ങളേയും സംബന്ധിച്ച ചർച്ചകൾ ഉയർന്നുവരേണ്ടിയിരിക്കുന്നു. ●

*ജെന്നി സുൽഫത്ത് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ്, മുംബൈയിൽ ഗവേഷകവിദ്യാർത്ഥിനിയാണ്.*

വിവർത്തനം : **അമ്പിളി സുധീർ**



**മഞ്ജു കുളപ്പുറം**

# വിശ്വാസികളായ സ്ത്രീകളുടെ സ്വത്തിനു വേണ്ടിയുള്ള സമരം

**ഞാറയ്ക്കൽ ലിറ്റിൽഫ്ളവർ കോൺവെന്റിലെ കന്യാസ്ത്രീകളുടെ പോരാട്ടങ്ങളുടെ ചരിത്രം**

**കൂ**നമ്മാവ് സി.എം.സി യുടെ ഭാഗമായാണ് നരയ്ക്കൽ ലിറ്റിൽഫ്ളവർ കോൺവെന്റ് 1925ൽ സ്ഥാപിതമായത്. 1925ലും 26ലും 28ലുമായി ഏകദേശം 2 ഏക്കർ 9.25 സെന്റോളം സ്ഥലം അന്നത്തെ വികാരിയായിരുന്ന അന്തോണീസ് കത്തനാർ കോൺവെന്റിനുവേണ്ടി വാങ്ങിക്കുകയുണ്ടായി. വാങ്ങാനുപയോഗിച്ച പണം പ്രധാനമായി കന്യാസ്ത്രീകൾ വീട്ടിൽ നിന്ന് കൊണ്ടുവന്നതാണ്. കുറച്ച് കാലത്തിനുശേഷം സ്ഥലം വാങ്ങുകയും 3.69 ഏക്കർ സ്ഥലം മൊത്തമായി ലിറ്റിൽഫ്ളവർ കോൺവെന്റിന്റെ പേരിലാവുകയും ചെയ്തു.

1926ൽ രണ്ടു നില ബിൽഡിംഗിന്റെ പണി കന്യാസ്ത്രീകൾ തുടങ്ങുകയും 1941ൽ പൂർത്തിയാവുകയും ചെയ്തു.

വികാരിയുടേയും മറ്റു സഭാമേധാവികളുടേയും തുടർച്ചയായുള്ള അഭ്യർത്ഥന മാനിച്ച് കോൺവെന്റ് ബിൽഡിംഗിന്റെ ഭാഗമായി ഒരു സ്കൂൾ തുടങ്ങുവാനുള്ള അനുവാദം സിസ്റ്റർ ഗവൺമെന്റിൽ നിന്ന് വാങ്ങിച്ചു. അങ്ങനെ ലിറ്റിൽഫ്ളവർ ഗേൾസ് ഹൈസ്ക്കൂൾ 1945ൽ നിലവിൽ വന്നു. മദർ സുപ്പീരിയർക്ക് ദൂരയാത്രകൾ ബുദ്ധിമുട്ടായതിനാൽ സ്കൂൾ മാനേജരായി വികാരിയെ നോമിനിയാക്കുകയും ചെയ്തു.

1971ൽ അന്നത്തെ വികാരി



ഫാദർ ജോസഫ് പഞ്ഞിക്കാരനും അസിസ്റ്റന്റായ ഫാദർ ആന്റണി ചിറപ്പനത്തും കൂടി ഒരു കള്ളപ്രമാണമുണ്ടാക്കുകയും മദർസുപ്പീരിയറിന്റെ മേലുള്ള മാനേജ്മെന്റ് അവകാശങ്ങൾ തങ്ങളുടെ അധികാരമുപയോഗിച്ച് സിസ്റ്റർമാരുടെ അറിവില്ലാതെ സെന്റ്മേരീസ് ചർച്ച് നാരക്കലിന്റെ വികാരിയുടെ പേരിലാക്കുകയും ചെയ്തു.

1977 ൽ സിസ്റ്റർമാരുടെ ശക്തമായ പ്രതിഷേധം വകവയ്ക്കാതെ വികാരി ലിറ്റിൽ ഫ്ളവർ ഗേൾസ് സ്കൂളിൽ ആൺകുട്ടികൾക്ക് കൂടി പ്രവേശനം കൊടുക്കുകയും ലിറ്റിൽ ഫ്ളവർ ഹൈസ്ക്കൂൾ എന്ന് പേര് മാറ്റുകയും ചെയ്തു.

2001ൽ വിമല പ്രൊവിൻസ് എറണാകുളത്തിന്റെ സഹായത്തോടെ സെന്റ് ജോസഫസ് ഇംഗ്ലീഷ്മീഡിയവും തുടങ്ങി.

2006ൽ പണ്ട് കള്ളപ്രമാണങ്ങൾ ഉണ്ടാക്കിയ ഫാദർ ചിറപ്പനത്ത് ഞാറക്കൽ വികാരിയായി വരുകയും ഒരേ കാമ്പസിൽ രണ്ട് സ്കൂൾ പ്രവർത്തിക്കുന്നത് ഒഴിവാക്കുക എന്ന വ്യാജേന സെന്റ് ജോസഫ്സ് സ്കൂളിനെ തത്ക്കാലം സെന്റ്മേരീസ് ചർച്ചിന്റെ ഭാഗമായുള്ള മേരീ മാതാകോളേജിലേക്ക് മാറ്റാനുള്ള ശ്രമങ്ങൾ തുടങ്ങുകയും ചെയ്തു. ഇതിലേക്കായുള്ള ഒരു കത്ത് അന്നത്തെ കൺവീനറായ ജേക്കബ് പാലക്കാപ്പള്ളിക്ക് നൽകി. അന്നത്തെ മദർസുപ്പീരിയറിന് ഇതിന്റെ ഒരു കോപ്പി അയക്കുകയും ചെയ്തു. അവരോട് ഇതിന്റെ വിശദാംശങ്ങൾ കൊടുക്കാൻ പറഞ്ഞെങ്കിലും അവർ കൊടുത്തില്ല.

2007 മേയിൽ സിസ്റ്റർ ജെസ്സിയും ആനി ജെയ്സും യഥാക്രമം ലിറ്റിൽ ഫ്ളവർ കോൺവെന്റിന്റെ മദറും സെന്റ് ജോസഫ്സ് സ്കൂളിന്റെ പ്രിൻസിപ്പലും ആയി.

വീണ്ടും വിശദീകരണം ചോദിച്ചുകൊണ്ടുള്ള ബിഷപ്പിന്റെ കത്തിൽ തെളിവുകൾ സമാഹരിക്കാനായി വിദ്യാഭ്യാസ കൗൺസലർ സിസ്റ്റർ ലീനാ പോളിനെ നിയമിക്കുകയും ചെയ്തു. പതിനാലു സിസ്റ്റർമാർ ഒപ്പിട്ട കത്തും അതിനെ പിന്താങ്ങുന്ന രേഖകളും സിസ്റ്റർ ലീനാപോൾ എല്ലാവരുമായി ചർച്ചചെയ്തശേഷം സമർപ്പിച്ചു.

റെഗുലേറ്ററി കൗൺസിലിന്റെ അന്വേഷണങ്ങളും കഴിഞ്ഞപ്പോൾ സ്കൂളിന്റെ എല്ലാ അവകാശങ്ങളും ഞാറക്കൽ കോൺവെന്റിനും മദർസുപ്പീരിയറിനുമാണെന്നു ബോധ്യപ്പെടുകയും അങ്ങനെയൊരു റിപ്പോർട്ട് രൂപതയിൽ അവതരിപ്പിക്കുകയും ചെയ്തു. എന്നാൽ വികാരിയും ബിഷപ്പും ഇതിനെ എതിർത്തതിനാൽ പ്രശ്നങ്ങൾക്ക് പരിഹാരമായില്ല.

ഫാദർ ചിറപ്പനത്ത് പിന്നീട് കോൺവെന്റിന്റെ സമ്മതമില്ലാതെ സ്കൂളിന്റെ ഒരു ഭാഗം പൊളിച്ച് പുറകിലൂടെ അനാഥാലയത്തിലേക്ക് റോഡ് വെട്ടാൻ ശ്രമിച്ചു. അതു വിദ്യാഭ്യാസവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് നടപടികൾ ഉണ്ടായി. കൂടാതെ, ഉടമസ്ഥാവകാശ പ്രശ്നങ്ങൾ മനസ്സിലാക്കിയ ഗവൺമെന്റ് അഥോറിറ്റി കൂടുതൽ തെളിവുകളുമായി സമീപിക്കാൻ സിസ്റ്റർമാരോട് ആവശ്യപ്പെട്ടു. അപ്പോഴാണ് പണ്ടത്തെ തിരിമറികളെപ്പറ്റി സിസ്റ്റർമാർക്ക് മനസ്സിലായത്. 2.4.2008ന് മേലധികാരികളുടെ അനുവാദത്തോടെ മദർസുപ്പീരിയർ ഗവൺമെന്റിലേക്ക് സകല തെളിവുകളും സഹിതം പരാതി കൊടുത്തു. നികുതി രസീതികളും മറ്റും പഠിച്ച ഗവൺമെന്റ് പഴയ ഓർഡർ റദ്ദാക്കുകയും സ്കൂളിന്റെ എല്ലാ അവകാശവും ലിറ്റിൽ ഫ്ളവർ സ്കൂൾ മദർസുപ്പീരിയറിന്റെ പേരിൽ ആക്കുകയും ചെയ്തു. 3.10.2008ൽ ഡി.ഇ.ഒയുടെ ഉത്തരവുപ്രകാരം കോൺവെന്റ് വിദ്യാഭ്യാസ ഏജൻസിക്കു കീഴിലും മദർസുപ്പീരിയറിനെ മാനേജരായും പ്രഖ്യാപിച്ചു.

ഇതിനു ശേഷം ബിഷപ്പ് ചാക്കിയത്ത് മദർ സുപ്പീരിയറിനോട് പരാതി പിൻവലിക്കാൻ ആവശ്യപ്പെട്ടിരുന്നു. മദർ സുപ്പീരിയർ ഇതംഗീകരിക്കാത്ത സാഹചര്യത്തിൽ ബിഷപ്പ് ചാക്കിയത്ത് അസ്വസ്ഥനാവുകയും പല ക്രൂരമായ പ്രവർത്തികളിലൂടെയും സിസ്റ്റർമാരെ വേദനിപ്പിക്കുകയും പതിവായി.

2008 ഒക്ടോബർ 4ന് സിസ്റ്റർമാർ പാരിഷ്പള്ളിയിൽ ഒരു ആഘോഷത്തിനു പോയപ്പോൾ ആ ചടങ്ങിൽ പങ്കെടുക്കാൻ അവർക്ക് അനുമതി നിഷേധിച്ചു. അവിടുത്തെ വികാരി വന്ന് ഈ കാര്യം ചർച്ച ചെയ്തപ്പോൾ അദ്ദേഹം കൂടി അറിഞ്ഞുകൊണ്ടുള്ള കളിയാണെന്ന് അവർക്ക് മനസ്സിലായി. ദീർഘനേരത്തെ ചർച്ചയ്ക്കു ശേഷം ചടങ്ങിൽ പങ്കെടുക്കാൻ അനുമതി നൽകി. അന്നുച്ചയ്ക്ക് സിസ്റ്റർ എഡ്വേർഡ് (സുപ്പീരിയർ ജനറൽ ഓഫ് സിഎം.സി സിസ്റ്റേഴ്സ്) അവിടെ എത്തുകയും വികാരിയച്ചനുമായി ഈ വിഷയത്തെ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു. ഫാദർ പോൾ കരിയാട്ടിയുടെയും ഫാദർ ബിന്റോ കിലുക്കന്റേയും നേതൃത്വത്തിൽ ഒരു വലിയവിഭാഗം അച്ചൻമാർ അവിടെ സന്നിഹിതരായിരുന്നു. അവർ വളരെ മോശമായ രീതിയിൽ സിസ്റ്റർമാരോട് സംസാരിക്കുകയും ലിറ്റിൽ ഫ്ളവർ സ്കൂളിന്റെ അവകാശം സെന്റ്മേരീസ് ചർച്ചിന് കൈമാറണമെന്ന് ശഠിക്കുകയും ചെയ്തു. വിമല പ്രൊവിൻസിന്റെ കീഴിലാണ് സ്കൂൾ പ്രവർത്തിക്കുന്നതെന്നും അതി

നാൽ തങ്ങൾക്ക് അതിനുള്ള അവകാശമില്ലെന്നും സിസ്റ്റർ വ്യക്തമായി പറഞ്ഞു. ഉച്ചക്ക് 2 മണി മുതൽ രാത്രി 9.30 വരെ ഭീഷണിയുടെ നിഴലിലാണ് അന്ന് സിസ്റ്റർമാർ കഴിച്ചുകൂട്ടി യത്

ജീവനു ഭീഷണി വന്നപ്പോൾ മദർസുപ്പീരിയർ അവരാവശ്യപ്പെട്ട ഡോക്യു മെന്റിൽ ഒപ്പിട്ടെങ്കിലും അടുത്ത ദിവസം വിമല പ്രൊവിൻസിലെ മദർസുപ്പീരിയറിനൊപ്പം ഒരു ജോയന്റ് പെറ്റീഷൻ സമർപ്പി ച്ചു. കഴിഞ്ഞ ദിവസം ജീവനു ഭീഷണിയുള്ളതുകൊണ്ട് തങ്ങ ളുടെ ഇഷ്ടത്തിനു വിപരീതമാ യാണ് രേഖകളിൽ ഒപ്പിട്ടതെന്ന കാര്യം രേഖാമൂലം സമർപ്പിച്ചു. ഇതിനെ തുടർന്ന് പള്ളിയിലെ പല ചടങ്ങുകളിൽ നിന്നും സിസ്റ്റർമാരെ മനപ്പൂർവ്വം ഒഴിവാ ക്കി. ക്രൂരമായ പെരുമാറ്റ ങ്ങൾക്ക് അവർ വിധേയരായി.

എന്നാൽ വികാരി സമർപ്പിച്ച രേഖകളെല്ലാം തന്നെ തള്ളി പ്പോവുകയും മദർസുപ്പീരിയർ തന്നെ വിദ്യാഭ്യാസ ഏജൻസി യായി തുടരണമെന്ന ഉത്തരവ് വരുകയും ചെയ്തു.

കഴിഞ്ഞ 59 വർഷങ്ങളായി പാരിഷ് കോൺവെന്റിന്റെ കീഴിൽ വരുന്ന വൃദ്ധസദനം സിസ്റ്റർമാരായിരുന്നു നോക്കി നടത്തിയിരുന്നത് പാരിഷ് വികാരി അതിന്റെ മുൻ ഒഫീ ഷ്യൽ ഡയറക്ടർ ആയിരുന്നു. ജനുവരി 25, 2009ൽ കോൺവെന്റിന്റേയും വൃദ്ധസദ നത്തിന്റേയും ഇടയിലുള്ള ഗെയ്റ്റ് നശിപ്പിക്കുകയും മതിൽകെട്ടുകയും ചെയ്തു. വികാരിയുടെ സാന്നിദ്ധ്യത്തി ലാണ് ഇത് സംഭവിച്ചത്. സിസ്റ്റർ റെയ്സി റോസ് (ഇൻചാർജ്ജ്)നോട് എല്ലാ രേഖകളും താക്കോലും കൈമാ റാൻ വികാരി ആവശ്യപ്പെട്ടു. കൊടുക്കാൻ സിസ്റ്റർ തയ്യാറാ കാത്തതിനാൽ ശാരീരികമായി ഉപദ്രവിച്ചപ്പോൾ സിസ്റ്റർ ബോധംകെട്ടു വീണു. സിസ്റ്റർ റെയ്സിക്ക് 52 ദിവസം ആശുപ ത്രിയിൽ കിടക്കേണ്ടിവന്നു. ബിഷപ്പ് ചാക്കിയത്തിനെതിരെ ക്രിമിനൽ കേസ് കൊടുത്തു. പിന്നീട് ഇത് പിൻവലി ക്കുകയും ചെയ്തു.

നിലവിലുള്ള പ്രൊവിൻഷ്യ ൽ ഈ കേസ് സബ്ജഡ്ജിനു മുമ്പാകെ കൊണ്ടുവന്നു. ജഡ്ജ് ശ്രീ. പി.കെ.മോഹൻദാസ് വിശ ദമായി കേട്ടതിനു ശേഷം കോട തിക്ക് പുറത്ത് ഇത് ഒത്തുതീർ പ്പാക്കുന്നതിനെക്കുറിച്ച് തീരുമാ നമെടുക്കാൻ ആവശ്യപ്പെട്ടു. അങ്ങനെ ഒത്തുതീർപ്പ് നടപടി യിലേക്ക് നീങ്ങി. സുപ്രീംകോർ ട്ടിന്റെ വിധി രണ്ടു കൂട്ടരും അ നുസരിക്കുമെന്ന് തീരുമാന മായി.

CMC വിമലപ്രൊവിൻസിനു കീഴിലുള്ള എല്ലാ കോൺവെന്റി നോടും ഇതിനെക്കുറിച്ച് സം സാരിക്കുമെന്ന് പ്രൊവിൻഷ്യൽ സുപ്പീരിയർ അറിയിച്ചു.

ഒത്തുതീർപ്പുപ്രകാരമുള്ള ച ട്ടങ്ങൾ അനുസരിക്കാൻ സിസ്റ്റർ മാർ തയ്യാറായി. സിസ്റ്റർ ജെസ്സി രണ്ടു സ്കൂളിന്റേയും മാനേജർ ചുമതല ഏറ്റെടുക്കുകയും സി റ്റർ ആനി ജെയ്സ് സെന്റ് ജോ സഫ്സ് പബ്ലിക്ക് സ്കൂളിന്റെ പ്രിൻസിപ്പൽ പദവി ഏറ്റെടുക്കു കയും ചെയ്തു. മുൻപ് ഇതിൽ ഉൾപ്പെട്ട പല സിസ്റ്റർമാരേയും സ്ഥലം മാറ്റം ചെയ്യുകയും ചെ യ്തു. മദർസുപ്പീരിയറും അവരു ടെ സഹായികളായ അഞ്ച് സി സ്റ്റർമാരും വലിയ ഒരു പോരാ ട്ടത്തിലൂടെയാണ് ഇത് കോടതി ക്ക് പുറത്ത് ഒത്തു തീർപ്പാക്കി യത്. ഏഴു വർഷം നീണ്ടുനിന്ന ഈ തർക്കത്തിനൊടുവിൽ സിസ്റ്റർമാർക്ക് നീതി ലഭിച്ചു. സിസ്റ്റർമാരുടെ അനീതിക്കെതി രെയുള്ള പോരാട്ട വിജയമായി ഈ നേട്ടത്തെ വിലയിരുത്താവു ന്നതാണ്. ●

*മഞ്ജു കുളപ്പുറം, സിസ്റ്റേഴ്സ് ഓഫ് മേഴ്സി ഓഫ് ഹോളിക്രോ സ്, പാറ്റ്ന പ്രൊവിൻസ്*

**കവിത**

**രാധാമണി അയിങ്കലത്ത്**

# അവർ തമ്മിൽ

അവർ തമ്മിൽ ഒന്നുമില്ല
ഉണ്ടായിരുന്നില്ല
ഉണ്ടാവുകയുമില്ല
ഉലകം കീഴ്മേൽ മറിക്കാൻ
വാക്കും വാളും ചെങ്കോലുമായി
ഊരു ചുറ്റുന്നത്
അവന്റെ മൗഢ്യം
ഉൾക്കരുത്തും ഉടപായവുമില്ലാത്തവന്റെ
പദയാനം
ഒരു കടാക്ഷത്താൽ
ഒരൊറ്റ വിചാരത്താൽ
അവൾ മറിച്ചിടും ലോകം
അവന്റെ മുഴക്കം
അവളുടെ കരളൊച്ചത്തുടർച്ചയിൽ
ഒരു മിടിപ്പ്
അവന്റെ തിളക്കം
അവളുടെ നക്ഷത്രമാലയിൽ
ഒരു കുന്നിമണി
ദിഗ്വിജയങ്ങൾക്കൊടുവിൽ
പരാജിതനായി
അവളുടെ ഉൾത്തീയിൽ
എരിയുമവൻ
ഹൃദ്ഗംഗയിൽ നീറായി
ഒഴുകിയലിയും




# സ്വത്തും ദലിത് സ്ത്രീകളും



പ്രിയ ചന്ദ്രൻ

ദലിത്സ്ത്രീകളെയും സ്വത്തിനേയും കുറിച്ചു സംസാരിക്കുമ്പോൾ ദലിത്സ്ത്രീ സ്വത്വത്തേയും സ്വത്തെന്ന സാംസ്കാരിക സങ്കൽപ്പത്തേയും മനസ്സിലാക്കുന്നതിനുള്ള ചില പശ്ചാത്തലങ്ങൾ ശ്രദ്ധയിൽ വരുന്നു. ജാതി, ജാതിസമരങ്ങൾ എന്നിവയുടെ ചരിത്രപശ്ചാത്തലവും, ജാതി, ലിംഗ-വർഗ്ഗ പ്രതിനിധാനങ്ങളുടെ നവചരിത്രപശ്ചാത്തലവും, ആഗോളതലത്തിൽ വളരുന്ന നവലിബറൽ സാമ്പത്തികവ്യവസ്ഥയും ലോക്കൽ പ്രവർത്തനങ്ങളും അവ സൃഷ്ടിക്കുന്ന പുതിയ സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങളും മേൽജാതി സമൂഹം അവരുടെ ശക്തിയെ പുനർസംഘടിപ്പിക്കാനുപയോഗിക്കുന്ന അടയാളങ്ങളും ഭാഷയും ഇതേ ശക്തിക്കു നേരെ ഉയർന്നുവരുന്ന കീഴ്ജാതി എതിർപ്പുകളും ഉൾപ്പെടുന്നതാണ് ഈ പശ്ചാത്തലം. ഈ സാഹചര്യങ്ങൾക്കുള്ള ദലിത് പ്രതികരണം ദൈനംദിന എതിരിടലുകളും പ്രതിഷേധ പ്രവർത്തനങ്ങളും ജാഥകളും സമരങ്ങളും രാഷ്ട്രീയപടയൊരുക്കങ്ങളും ചേർന്നതാണ്. എങ്കിലും എതിർപ്പുകൾ താഴെ നിന്ന് മുകളിലേക്ക് മാത്രം സംഭവിക്കുന്ന ഒന്നല്ല. മുകളിൽ നിന്ന് താഴേക്കുള്ള നേരിടലുകളും ഇതോ

ടൊപ്പം നടക്കുന്നു. ദളിത്സ്ത്രീയുടെ ദൈനംദിന പോരാട്ടങ്ങളെ നമുക്കു ഇതിനിടയിൽ കാണാം.

ചരിത്രപരമായി ദളിത്സ്ത്രീകൾ കേരളസമൂഹത്തിന്റെ പ്രധാന വർക്ക്ഫോഴ്സ് ആണ്. അസംരക്ഷിത ജോലി സാഹചര്യങ്ങളുമായുള്ള ദളിത്സ്ത്രീകളുടെ ബന്ധം അവരെ ദുർബലരും അതിനാൽ തന്നെ ചാരിത്ര്യവതിയല്ലാത്തവളുമാക്കി അടയാളപ്പെടുത്തി. ഇത്തരം കർതൃത്വം കുലീനസ്ത്രീ എന്ന കർതൃത്വത്തിനു സാധ്യത നൽകി.

കുലീനസ്ത്രീ, ദളിത്സ്ത്രീയെ അപേക്ഷിച്ച്, ധാർമ്മികമായി ഉയർന്നവളും സാംസ്കാരികമായി മെച്ചപ്പെട്ട ജീവിതം നയിക്കുന്നവളുമായി. മേൽജാതിസ്ത്രീയുടെ കുലീനപദവിക്ക് അംഗീകാരമായി അവർക്കു സ്വത്തും സ്വർണ്ണവും വസ്ത്രങ്ങളും സമ്മാനമായി നൽകാൻ പുരുഷമേൽകോയ്മയുടെ കാവൽക്കാർ ശ്രദ്ധിച്ചു. പട്ടും മാലകളും അണിയിച്ച ദേവീവിഗ്രഹം മേൽജാതിസ്ത്രീയുടെ ബിംബാത്മകരൂപമാണ്. ദേവീവിഗ്രഹം ആരാധ്യമാകുന്നത് അത് പ്രതിനിധീകരിക്കുന്ന പരിശുദ്ധിയുടെ ബലത്തിലാണ്. പട്ടും സ്വർണ്ണവും സ്വത്തും മേൽജാതി സ്ത്രീയിലും ദേവീവിഗ്രഹത്തിലും ഒരു പോലെ അടയാളപ്പെടുത്തന്നത് പരിശുദ്ധിയെയാണ്. ഈ സാഹചര്യത്തിലാണ് സ്വർണ്ണത്തിന്റെ മൂല്യം അതിന്റെ സാമ്പത്തികമൂല്യത്തേയും അതിജീവിച്ച് കേരളസമൂഹത്തിലെ ജാതി-ലിംഗ മൂല്യങ്ങളുടെയും സാമൂഹികപദവിയുടെയും അടയാളമായി മാറുന്നത്. സ്വർണ്ണത്തിന്റെ ഈ അർത്ഥമാണ് കേരളത്തിലെ ജ്വല്ലറി പരസ്യങ്ങളിലൂടെയും സിനിമാ സന്ദർഭങ്ങളിലൂടെയും പ്രതിനിധീകരിക്കുന്നത്.

മലയാളത്തിലെ ജനശ്രദ്ധയാർജ്ജിച്ച പല ടെലിവിഷൻ



ജ്വല്ലറി പരസ്യങ്ങളിലും സ്വർണ്ണം സമ്മാനമായി ലഭിക്കുമ്പോൾ സ്ത്രീ ആത്മാഭിമാനിയാകുന്നു, സ്വതന്ത്രയാകുന്നു, പ്രണയിനിയാകുന്നു, അല്ലെങ്കിൽ സമ്പൂർണ്ണയാകുന്നു. 'പെണ്ണായാൽ പൊന്നുവേണം പൊന്നിൻകുടമായിടേണം' എന്നു തുടങ്ങുന്ന ഭീമാ ജ്വല്ലറി പരസ്യഗാനത്തിനോടൊപ്പം കാലങ്ങളായി വേറിട്ട ചിത്രീകരണങ്ങൾ പരീക്ഷിച്ചുവരുന്നുണ്ട്. ഇക്കൂട്ടത്തിലെ വളരെയൊന്നും മുൻപല്ലാത്ത ഒരു പരസ്യത്തിന് ഒന്നര മിനിട്ട്സ് ദൈർഘ്യമുണ്ട്. ഇത്രയും നീണ്ട ഒരു ടെലിവിഷൻ പരസ്യത്തിൽ ഭീമ സ്വർണ്ണവും മേൽജാതി (നായർ)സ്ത്രീയുമായുള്ള ബന്ധത്തിൽ ഉരുത്തിരിഞ്ഞു വന്ന അർത്ഥങ്ങളൊക്കെയും ഉൾക്കൊള്ളിക്കുവാൻ ശ്രമിക്കുന്നുണ്ട്. പരസ്യത്തിന്റെ തുടക്കത്തിൽ ഒരു ഹിന്ദുക്ഷേത്രത്തെ അനുസ്മരിപ്പിക്കുന്ന വീടു ഫ്രെയ്മിൽ നിറഞ്ഞു നിൽക്കുന്നു. അതിനുള്ളിലേക്കു ഒരു മോട്ടോർ ബൈക്കിൽ ജീൻസും ഷർട്ടും ധരിച്ച ആധുനികയായ നായിക കടന്നുവരുന്നു. ഒരു ക്ലോസ്ഷോട്ടിൽ നായികയുടെ ഹെൽമറ്റ് ഊരിക്കൊണ്ട് ചീകി ഒതുക്കാത്ത മുടിയും ഒരുക്കമില്ലാത്ത മുഖവും ദൃശ്യമാക്കുന്നു. നായിക വീടിനുള്ളിലേയ്ക്ക് കടക്കുമ്പോൾ 'എവിടെയായിരുന്നു. നിന്നെ കാണാനൊരു ചെക്കൻ വരുന്നുണ്ട് എന്നു പറഞ്ഞുകൊണ്ട് ചിരിച്ചമുഖവുമായി അമ്മ അല്ലെങ്കിൽ അതേ സ്ഥാനത്തുള്ള ഒരു സ്ത്രീ സമീപിക്കുന്നു. അവരോടു കൊഞ്ചിക്കൊണ്ട് നായിക 'കൂസലില്ലാത്ത' നടപ്പോടെ അകത്തേക്ക് വരുന്നു. കട്ടിലിൽ കിടക്കുന്ന ചിത്രത്തിലേക്കു ശ്രദ്ധ തിരിയുന്നു. ചിത്രത്തിൽ കുഞ്ഞുന്നാളിലെ ഒരു തമാശക്കല്യാണമാണ്. നായിക പഴയകൂട്ടുകാരനെ മാലയിടുന്നതോർക്കുമ്പോൾ, അയാൾ അരികിൽ ഭീമയിൽ നിന്നുള്ള ആഭരണവുമായി പ്രത്യക്ഷപ്പെടുന്നു. ആഭരണം സമ്മാനിക്കുന്നു. ആഭരണമണിഞ്ഞ് കണ്ണാടിയിൽ നോക്കുന്ന നായിക സ്വയം അഭിനന്ദിക്കുന്നു. കല്യാണനിശ്ചയശേഷം കോളേജിൽ ആഭരണങ്ങളണിഞ്ഞ് പോകുന്ന നായികയെ ആൺസുഹൃത്തുക്കൾ ആരാധനയോടെ അനുഗമിക്കുന്നു. ചിലർ വിവാഹാഭ്യർത്ഥന നടത്തുന്നു. ഈ തമാശകൾക്കൊടുവിൽ നായിക വിവാഹിതയാകാൻ പോകുന്നു, വിവാഹദിവ

സം അമ്മ/മുത്തശ്ശി ഒരു ആഭരണച്ചെപ്പ് നായികക്ക് സമ്മാനിക്കുന്നു. എന്നിട്ട് പറയുന്നു. 'ഇത് എന്റെ അമ്മ വാങ്ങിയതാ ഭീമേന്ന്. 85 വർഷത്തെ പഴക്കമുണ്ടിതിന്'. ഇപ്പോൾ ഭീമയുടെ ലോഗോയും ഒപ്പം വോയ്സ് ഓവറും. ഇത്രയും അധികം അടയാളങ്ങളും അർത്ഥങ്ങളും അടങ്ങിയ ഈ കഥ ഒന്നരമിനിറ്റ് ദൈർഘ്യത്തിൽ പ്രതിപാദിച്ചു കാണിക്കാനായത് സൂചിപ്പിക്കുന്നത് ഈ അർത്ഥങ്ങൾക്ക്, പ്രത്യേകിച്ചും കേരളത്തിന്റെ വിഷ്വൽ കൾച്ചറിൽ ഇന്നും തുടരുന്ന സർക്കുലേഷനെയാണ്. ഇതിൽ കാണിക്കുന്ന വീടും വീട്ടുകാരും അവരുടെ സംഭാഷണരീതിയും വിവാഹിതരാവാൻ പോകുന്നവർ തമ്മിലുള്ള മുൻപരിചയവും (അതിലൂടെ കാണിക്കുന്ന ബന്ധത്തിന്റെ ആഴവും), കോളേജിലെ തോഴിമാരുടെ അകമ്പടിയിൽ നടക്കുന്ന നായികയും അവളെ ആഗ്രഹിക്കുന്ന പുരുഷന്മാരും ആധുനികതയുടെയും സ്ത്രീസ്വാതന്ത്ര്യത്തിന്റേയും മറ്റും അടയാളമാക്കിയ മോട്ടോർ ബൈക്കും വേഷവും ഒക്കെ ഒന്നിച്ച് നിർമ്മിക്കുന്ന ചിത്രം ഒരു ആധുനികനായർസ്ത്രീയുടേതാണ്. ഈ സ്ത്രീയിലൂടെയാണ് ഭീമ അതിന്റെ സ്വർണ്ണത്തിന്റെ സാംസ്കാരിക മൂല്യം സൃഷ്ടിച്ചെടുക്കുന്നത്.

വയലുകളിലും തോട്ടങ്ങളിലും മറ്റും കൃഷിപ്പണിക്കാരായും നദിക്കരയിലും മറ്റും അലക്കുകാരായും പറമ്പും പുരയിടവും മറ്റും വൃത്തിയാക്കുന്നവരായും ദളിത്സ്ത്രീകൾ പുറംപണിയെടുത്തു വരുന്നു. ഇത്തരം പണികൾ അവരെ 'പുറത്തെ' സ്ത്രീകളാക്കി. എന്നാൽ ഭൂമിയുമായുള്ള ദളിത്സ്ത്രീകളുടെ ബന്ധം ഇന്നും ജോലിയിലും ദാമ്പത്യബന്ധത്തിലും അധിഷ്ഠിതമായാണ് നിലകൊള്ളുന്നത്.



കേരളസമൂഹത്തെ സംബന്ധിച്ചിടത്തോളം വസ്തു എന്ന ആശയം നൽകുന്ന ചിത്രം സ്റ്റാറ്റസിന്റേതാണ്. വയൽ, കൃഷി, ഭൂമി, തെങ്ങിൻതോപ്പ്, തൊടികൾ, കെട്ടിടം എന്നിവ ഉൾപ്പെടുന്ന വലിയ പുരയിടങ്ങളാണിവ. അല്പമെങ്കിലും കൃഷിഭൂമി കയ്യിലുള്ളയാൾ സമ്പത്തു പുനരുൽപ്പാദിപ്പിക്കാൻ ശേഷിയുള്ളയാളാണ്. അതുകൊണ്ടു തന്നെ കേരളത്തിലെ ഭൂപരിഷ്കരണവും തുടർന്നുള്ള ഭൂമി തർക്കങ്ങളും ഭൂസമരങ്ങളും ഭൂമിക്കുള്ള ഈ പ്രാധാന്യത്തെ മുൻനിർത്തി മനസ്സിലാക്കേണ്ടതാണ്. മേൽസൂചിപ്പിച്ച തരം വലിയ വസ്തുക്കളുടെ ഉടമകൾ ചരിത്രപരമായി ഉയർന്ന ജാതി സമുദായങ്ങളായ നമ്പൂതിരി,



നായർ തുടങ്ങിയവരാണ്. ഭൂപരിഷ്കരണകാലത്ത് പാട്ടഭൂമി കർഷകനു നൽകാൻ നിയമമായപ്പോൾ ഇടനിലക്കാരായ നായർ, ഈഴവ, ക്രിസ്ത്യൻ വിഭാഗങ്ങൾക്കായി ഭൂമി വീതിക്കപ്പെട്ടു. ഇതോടെ ദളിത് വിഭാഗങ്ങൾക്കായി അവശേഷിച്ചത് അവരുടെ കുടികിടപ്പായ 10 സെന്റ് സ്ഥലമാണ്. ഇത് പിന്നീട് വന്ന തലമുറകൾക്ക് വീതിക്കപ്പെട്ട് പോകുകയും ചെയ്തു. കർഷകത്തൊഴിലാളികളായ ഇവർക്ക് സ്വന്തമായി കൃഷി ചെയ്യാൻ ഭൂമി ഉണ്ടായില്ല. ദളിതരിൽ തന്നെ എണ്ണത്തിൽ കുറഞ്ഞതും സ്വജാതിയിൽ നിന്നും വേർപെട്ട് ഈഴവരും മറ്റു ആർട്ടിസൻ സമുദായങ്ങൾക്കുമൊപ്പം ഇടചേർന്ന് സമൂഹത്തിൽ കഴിയുന്ന മണ്ണാൻ, വേലൻ, പരവൻ, പതിയാൻ തുടങ്ങിയ ജാതികൾക്ക് സാമൂഹികമായ ഒറ്റപ്പെടലിനേയും നേരിടേണ്ടതായി വന്നു. ഇതുകൊണ്ടു തന്നെ എണ്ണത്തിൽ കൂടുതലുള്ള മറ്റു കീഴാള ജാതി സമുദായങ്ങൾ സംഘടനാപ്രവർത്തനങ്ങളിലൂടെ ജാതിയെ നേരിടാനുള്ള സാമൂഹിക മൂലധനം സൃഷ്ടിക്കുമ്പോൾ എണ്ണത്തിൽ കുറഞ്ഞ ദളിത് ജാതികൾ മറ്റു സമുദായങ്ങളുമായി ചേർന്ന് പ്രവർത്തിക്കാനുള്ള സാദ്ധ്യതകളും വ്യക്തിഗത മൂലധന നിക്ഷേപമാർഗ്ഗങ്ങളും സ്വീകരിക്കുന്നു.

ഇത്തരം വ്യത്യസ്ഥ സാഹചര്യങ്ങളിലധിഷ്ഠിതമായാണ് ദളിത്സ്ത്രീ സ്വത്വം രൂപപ്പെടുന്നത്. വയലുകളിലും തോട്ടങ്ങളിലും മറ്റും കൃഷിപ്പണിക്കാരായും നദിക്കരയിലും മറ്റും അലക്കുകാരായും പറമ്പും പുരയിടവും മറ്റും വൃത്തിയാക്കുന്നവരായും ദളിത്സ്ത്രീകൾ പുറംപണിയെടുത്തു വരുന്നു. ഇത്തരം പണികൾ അവരെ 'പുറത്തെ' സ്ത്രീകളാക്കി. എന്നാൽ ഭൂമിയുമായുള്ള ദളിത്സ്ത്രീകളുടെ ബന്ധം ഇന്നും ജോലിയിലും വിവാഹബന്ധത്തിലും അധിഷ്ഠിതമായാണ് നിലകൊള്ളുന്നത്. ഈ രണ്ടു ബന്ധങ്ങളുടെയും ഇടപെടലിലൂടെയെ ദളിത്സ്ത്രീക്ക് ഇന്നും ഭൂമി ലഭ്യമാകുന്നുള്ളൂ. ഇങ്ങനെ മനസ്സിലാക്കുമ്പോൾ ദളിത്സ്ത്രീക്ക് പുനരുത്പാദിപ്പിക്കുവാൻ സാധിക്കുന്ന ഇടങ്ങൾ തൊഴിലിലൂടെയും വിവാഹത്തിലൂടെയും ലഭിക്കുന്ന സാംസ്കാരികമായി സുരക്ഷിതമായ ഇടങ്ങളാണ്. ഇത് അവളെ നിർബന്ധിതയാക്കുന്നത് വിവാഹജീവിത സംബന്ധിയായ മൂല്യങ്ങളെയും കഴിവുകളെയും വളർത്താനുമാണ്. ഇതിലൂടെ കുടുംബത്തിനും സമുദായത്തിനും വേണ്ടുന്ന മനുഷ്യമൂലധനം ദളിത്സ്ത്രീ സാധ്യമാക്കുന്നു.

ചെറിയപ്രായത്തിൽ തന്നെ കൂടുതൽ പെൺകുട്ടികളും വീട്ടുജോലികളിൽ ശ്രദ്ധിക്കുന്നു. ഇത് അവരെ പഠനത്തിൽ നിന്നും ഒരു പരിധിക്കപ്പുറം അകറ്റി നിർത്തുന്നു. പലരും സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഉയർന്ന വിദ്യാഭ്യാസത്തിനു സാധ്യതയുള്ള തുടർപഠന മേഖലകളിലേക്കു തിരിയാതെ ടെക്നിക്കൽ വിദ്യാഭ്യാസം നേടി ജോലിയിൽ പ്രവേശിച്ചു വീട്ടിലേക്ക് വരുമാനം നേടുന്നു. ജോലി ലഭിക്കാത്തവർ കാലിവളർത്തൽ, പെട്രോൾ പമ്പ്, ടെക്സ്റ്റൈൽ ഷോറൂം എന്നിവിടങ്ങളിലും മറ്റും സഹായികളായി നിന്നും വരുമാനം കണ്ടെത്തുന്നു. അങ്ങനെ നേടുന്ന പണം കൊണ്ട് അവർ വീട്ടുചെലവുകൾ നടത്തുന്നു. ഇതിൽ നിന്നും മിച്ചം വെച്ച് ചിട്ടികളിൽ നിക്ഷേപിക്കുന്നു. ചിട്ടിയിൽ നിന്നും ഒന്നിച്ച് ലഭിക്കുന്ന പണം സ്വർണ്ണം വാങ്ങി സൂക്ഷിക്കുന്നു. ഈ സ്വർണ്ണം അത്യാവശ്യ അവസരങ്ങളിലേക്കു



ള്ള നിക്ഷേപമാണ്. പലപ്പോഴാ
യ് ഇങ്ങനെ വാങ്ങുന്ന സ്വർണ്ണം ഒരു ദളിത്സ്ത്രീക്ക് വീടിനെ സംബന്ധിക്കുന്ന സാമ്പത്തിക കാര്യങ്ങളിൽ തീരുമാനമെടുക്കുവാനുള്ള സ്വാതന്ത്ര്യം നൽകുന്നു. പലപ്പോഴും ബന്ധുക്കളുടെ വിവാഹത്തിനും സ്വർണ്ണം സമ്മാനമായി നൽകുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള സമ്മാനം കൈമാറ്റഅർത്ഥത്തിലാണ് നൽകുന്നത്. ഇത് വാങ്ങുന്നയാൾ മറ്റൊരവസരത്തിൽ ഇത് തിരികെ നൽകുവാനും ശ്രമിക്കും.

എങ്കിലും ഈ സന്ദർഭത്തെ വിപണിയാക്കി വളരുന്ന ഈ സാമ്പത്തിക വ്യവസ്ഥിതി തന്നെ ഇന്നു ഇത്തരം സാഹചര്യങ്ങളോടു ചേർന്നു പ്രവർത്തിക്കുന്നുണ്ട്. ചെറുകിട ചിട്ടി സ്ഥാപനങ്ങളും സ്വർണ്ണപണയ വായ്പാ സ്ഥാപനങ്ങളും തുടങ്ങി വലിയ ഇൻഡസ്ട്രീസിനെപോലും സാമ്പത്തികമായി സഹായിക്കുന്ന സ്ഥാപനങ്ങളും ഇതിൽപെടും. കേരളത്തിലെ പോപ്പുലർ കൾചറിൽ സ്വർണ്ണം എന്ന സങ്കല്പത്തിന് ഇത്തരം ഒരു മാനം ഉണ്ടെന്നുള്ളത് പൊതുവേ സിനിമകളുടെയോ സ്വർണ്ണ പരസ്യചിത്രങ്ങളുടെയോ പ്രതിപാദ്യമല്ല. സ്വർണ്ണത്തിന്റെ വില ഇന്നും ഇവയിലൂടെ നിശ്ചയിക്കപ്പെടുന്നത് മേൽജാതി സംസ്ക്കാരത്തിന്റെ അടയാളമായിട്ടാണ്. വിവാഹചടങ്ങിന്റേയും സ്വർണ്ണാഭരണമണിഞ്ഞ വധുവിന്റെയും ബിംബങ്ങൾ ചരിത്രപരമായി മേൽജാതിബിംബങ്ങളായിരിക്കെ ദളിത്സ്ത്രീയുടെ വിവാഹവും ആഭരണമണിഞ്ഞരൂപവും ഇതേ ബിംബങ്ങളെ തച്ചുടയ്ക്കുകയും ചെയ്യുന്നു. അതേസമയം ഈ വക ബിംബങ്ങളെ പാടേ അവഗണിച്ചും ഇതിനെ നേരിടുവാൻ ദളിത് ഇടങ്ങളിൽ തന്നെ ശ്രമമുണ്ട്.

ദളിത്സ്ത്രീകൾക്കിടയിൽ ഭൂമി, സ്വർണ്ണം തുടങ്ങിയവയുടെ സ്വത്ത് എന്ന നിലയിലുള്ള പ്രാധാന്യത്തെ ഇന്നത്തെ കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തിൽ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ അർത്ഥങ്ങളിലും അത് നിർമ്മിക്കുന്ന അധികാര വിതരണത്തിലുമുള്ള വിരോധാഭാസം നമുക്ക് മനസ്സിലാക്കാം. ഭൂമിയേയും സ്വർണ്ണത്തേയും സാമ്പത്തികാടിസ്ഥാനത്തിൽ മാത്രം മനസ്സിലാക്കുവാൻ ശ്രമിച്ചാൽ നിശ്ചിത മൂല്യങ്ങളെ മാത്രമേ കാണാൻ സാധിക്കൂ. എന്നാൽ ഇവയുടെ സാംസ്കാരിക പ്രാധാന്യം തുറക്കുന്നത് വിവിധ അർത്ഥങ്ങളുടെയും അധികാരവടംവലിയുടേയും ഒരു മേഖലയിലേക്കാണ്. ●

*പ്രിയചന്ദ്രൻ EFLU, ഹൈദരബാദിൽ കൾച്ചറൽ സ്റ്റഡീസിൽ ഗവേഷകയാണ്.*

**കവർസ്റ്റോറി**



**ദിൽഷാദ് ലില്ലി**

# മുസ്ലിം സ്ത്രീകളുടെ അനന്തരാവകാശം : ചില വായനകൾ



ഇന്ത്യയിൽ മതന്യൂനപക്ഷങ്ങൾ പൊതുവെ അനുഭവിക്കുന്ന സാമൂഹ്യ അരക്ഷിതാവസ്ഥകൾ മുസ്ലിം സമൂഹത്തിനും വിഭിന്നമല്ല. എന്നാൽ ഗുരുതരമാണു താനും. അതിൽത്തന്നെ സ്ത്രീസമൂഹം സ്വാഭാവികമായും കീഴ്ശ്രേണിയിൽ വരുന്ന സച്ചാർ കമ്മിറ്റി വിലയിരുത്തിയ സാമൂഹിക വ്യവസ്ഥകൾ മുസ്ലിം സ്ത്രീകളെ സംബന്ധിച്ച് അതീവ ദുഷ്കരമായതാണ്. ചരിത്രപരമായി നിലനിൽക്കുന്ന വേറിട്ടു നിർത്തലുകളും, ദാരിദ്ര്യമുദ്രിതമായ പിന്നാക്കാവസ്ഥയും ഒപ്പം മതധാരണകളുടെയോ മത പൗരോഹിത്യത്തിന്റെയോ പിൻബലത്തിൽ വരുന്ന തെറ്റ്/ ശരി ദ്വന്ദ്വങ്ങളും ഈ പിന്നാക്കവാസ്ഥ നിലനിർത്തുന്നതിലും വളർത്തുന്നതിലും ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ട്. നവോത്ഥാനകാലത്തെ മുസ്ലിം പരിഷ്കരണ സംഘടനകളും വ്യക്തികളും സ്ത്രീകളുടെ വിദ്യാഭ്യാസത്തിനും മതന

> നവോത്ഥാനകാലത്തെ മുസ്ലീം പരിഷ്കരണ സംഘടനകളും വ്യക്തികളും സ്ത്രീകളുടെ വിദ്യാഭ്യാസത്തിനും മതനവീകരണത്തിനും സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനും വേണ്ടി പരിശ്രമിക്കുകയുണ്ടായി.



വീകരണത്തിനും അവകാശ സംരക്ഷണത്തിനു വേണ്ടി പരി ശ്രമിക്കുകയുണ്ടായി. ഇത് മുസ്ലിം സ്ത്രീകളുടെ ദൃശ്യത പ്രകടമാക്കിയെങ്കിലും മുസ്ലീംസ്ത്രീ സംഘടനകള ടക്കം പിന്നീട് സ്ത്രീകളുടെ സ്വയം നിർവ്വാഹകത്വത്തിനോ, ലിംഗസമത്വത്തിനോ, സ്വത്തവ കാശത്തിലെ നീതിക്കോ വേണ്ടി പരിശ്രമിക്കുകയുണ്ടാ യില്ല. പുതിയ തുറസ്സുകളിലേക്ക് ഈ ശ്രമങ്ങൾ പരിവർത്തിക്ക പ്പെട്ടില്ല. കേരളത്തിൽ വി.പി. സുഹറയുടെ നേതൃത്വത്തിൽ രൂപം കൊണ്ട 'നിസ' (1997) എന്ന സംഘടന മാത്രമാണ് മുസ്ലിം സ്ത്രീകളുടെ സ്വത്തവ കാശം ഒരു സംവാദവിഷയ മായി ഏറ്റെടുത്തത്.

### മുസ്ലിം സ്ത്രീകളുടെ അനന്തരാവകാശം - സ്ത്രീപക്ഷ വായനകൾ

ഇസ്ലാം സ്ത്രീവാദികൾ ഖുർ -ആനിന്റെ സ്ത്രീപക്ഷ വായന യിൽ ഖുർആൻ സൂക്തങ്ങൾ ആൺ- കേന്ദ്രീകൃത മൂല്യ വ്യവ സ്ഥകൾക്കനുസരിച്ച് വായിക്ക പ്പെടുന്നതിനാൽ സംഗതമാ കുന്ന ലിംഗവിവേച നത്തെക്കുറിച്ച് പ്രതിപാദി ക്കുന്നു. ആമിന വദൂദ്, അസ്റ നൊമാനി, ഫാത്തിമ മെർനീസ്സി, ലൈല അഹമ്മദ് എന്നിവരിൽ ആമിന വദൂദിന്റെ നിരീക്ഷണം പ്രത്യേകം ശ്രദ്ധേയമാണ്.

ആധുനികതയോടൊപ്പം ഉദയം ചെയ്ത പുരുഷാധികാര രൂപങ്ങൾ ഇസ്ലാമിക തത്വ ങ്ങൾക്കെതിരാണെന്ന വാദത്തി ലൂന്നി ഖുർആൻ വ്യാഖ്യാന ത്തിലെ പുരുഷ കേന്ദ്രീകൃത നിലപാടുകളെയും രണ്ടാംലിംഗ സ്ഥാനത്തേക്ക് സ്ത്രീയേയും അവളുടെ മനുഷ്യാവകാശങ്ങ ളെയും ചുരുക്കുന്നതിനെയും ആമിനവദൂദ് വിമർശിക്കുന്നു. സാർവ്വ ലൗകിക തത്വങ്ങ ളുൾക്കൊള്ളുന്ന വിശുദ്ധ ഗ്രന്ഥത്തിലെ സൂക്തങ്ങൾ ചരിത്ര സന്ദർഭത്തോടൊപ്പം മാറിവരുന്ന സാമൂഹികാവസ്ഥ കളെ പരിഗണിച്ചുകൊണ്ടു വേണം വ്യാഖ്യാനിക്കേണ്ട തെന്ന് അവർ അഭിപ്രായപ്പെടു ന്നു. സമാനമായ അഭിപ്രായം നിരവധി പണ്ഡിതർ മുന്നോട്ടു വെക്കുന്നുണ്ട്.

ഖുർആൻ നാലാമധ്യായ ത്തിൽ അനന്തരാവകാശത്തെ ക്കുറിച്ച് പ്രതിപാദിക്കുന്നു. രണ്ട് പെണ്ണിന്റെ വിഹിതത്തിനു തുല്യമായതാണ് ഒരു ആണിന്റെ വിഹിതം എന്ന് 11-ാം സൂക്തത്തിൽ വ്യക്തമാക്കുന്നു. പിന്നീട് വരുന്ന ഭാഗങ്ങളിൽ അനന്തരാവകാശികളായ ഓരോ രുത്തർക്കുമുള്ള വിഹിതത്തെ ക്കുറിച്ച് സവിസ്തരം പറയുന്നു. സ്ത്രീകൾക്ക് ഒരു വിധത്തിലും അനന്തരാവകാശം നിഷേധിക്ക പ്പെട്ടുകൂടെന്ന് കർശനമായി വിധിക്കുന്നു. വദൂദിന്റെ അഭി പ്രായത്തിൽ 'അനന്തരാവകാ ശങ്ങൾ വിശദീകരിക്കുന്ന ഖുർ ആൻ സൂക്തങ്ങൾ ഒരു കാര്യം നമ്മോടാവശ്യപ്പെടുന്നുണ്ട്. പിൻഗാമികൾക്ക് യഥാർത്ഥ ത്തിൽ പ്രയോജനം ലഭിക്കണ മെങ്കിൽ മരണപ്പെട്ട വ്യക്തിയു ടേയും അനന്തരാവകാശികളു ടേയും ചുറ്റുപാടുകൾ കണക്കി ലെടുക്കണം. അപ്പോൾ വീണ്ടും ഒരു വീതംവെയ്ക്കൽ വേണ്ടിവ രും. സ്വത്ത് ഭാഗം ചെയ്യുമ്പോൾ പരേതന്റെ എല്ലാ കുടുംബാംഗ ങ്ങളും ബന്ധുക്കളും ഓരോരു ത്തർക്കും അതുകൊണ്ടുള്ള പ്രയോജനങ്ങളും പരിഗണിക്ക പ്പെടേണ്ടതുണ്ട്. ഉദാഹരണ മായി പരേതന്റെ വിധവയെ പരി പാലിക്കുന്നത് മകളാണെങ്കിൽ മകന് വലിയൊരു വിഹിതം നല്കുന്നതിൽ എന്താണ് ന്യായം?'

ഒരാളുടെ മരണാനന്തരം പിൻഗാമികൾ അഭിമുഖീകരിക്കാനിടയുള്ള എല്ലാ പ്രശ്നങ്ങളുടേയും വിശദാംശങ്ങൾ ഖുർആൻ വിശദീകരിക്കുന്നില്ലെന്ന് വദൂദ് ചൂണ്ടിക്കാട്ടുന്നു. വർത്തമാന പരിതസ്ഥിതികളിൽ നിന്നുകൊണ്ട് തീരുമാനമെടുക്കുമ്പോൾ അനന്തരാവകാശികൾക്ക് തുല്യനീതി ലഭ്യമാക്കേണ്ടതുണ്ടെന്ന് അവർ വാദിക്കുന്നു. ഖുർആൻ നൽകിയ സാധ്യതകളെ അടിസ്ഥാനപ്പെടുത്തി അനന്തരാവകാശം വീതം വെയ്ക്കുമ്പോൾ വിവിധ ഏകീകരണങ്ങൾ സാധ്യമാണെന്നും വദൂദ് പറയുന്നു. ദായധനവിഭജനത്തിൽ മൂന്നു പരിഗണനകൾ ഏറ്റവും അനിവാര്യമാണെന്ന് അവർ ചൂണ്ടിക്കാട്ടുന്നു.

1. ജീവിച്ചിരിപ്പുള്ള ആണും പെണ്ണുമായ ബന്ധുക്കൾക്കിടയിലാവണം സ്വത്ത് വീതിക്കേണ്ടത്.

2. സ്വത്തിൽ ഒരു ഭാഗം സ്വിയത്ത് ചെയ്യാവുന്നതാണ്.

3. മരിച്ച വ്യക്തിയുടെ പിൻഗാമികളുടെ പരിതസ്ഥിതികൾ പരിഗണിക്കപ്പെടണം. അവർ മരിച്ചയാൾക്ക് എങ്ങനെ പ്രയോജനപ്പെട്ടു എന്നും അനന്തരാവകാശം ലഭിക്കുന്നതുകൊണ്ട് അവർക്കുള്ള പ്രയോജനങ്ങളും തിട്ടപ്പെടുത്തണം.

ഇങ്ങനെ പിൻഗാമികൾ പരിഗണിക്കപ്പെടുമ്പോൾ അതിൽ ആൺ–പെൺ വിഭജനമില്ല. ടി. കെ. ഉബൈദ് ഇങ്ങനെ നിരീക്ഷിക്കുന്നു. “ചില സമ്പന്നന്മാർ മരിക്കുമ്പോൾ അവരുടെ സ്വത്തുക്കൾ മുഴുവൻ ജീവിച്ചിരിക്കുന്ന മക്കൾ വീതിച്ചെടുക്കുന്നു. നേരത്തെ മരിച്ചുപോയ മക്കളുടെ മക്കൾ ചിലപ്പോൾ യത്തീമുകളും നിർദ്ധനരുമായിരിക്കും. ദായധനത്തിൽ നിന്നും പൂർണമായും അവർ തഴയപ്പെടുകയും ചെയ്യുന്നു എന്ന പ്രശ്നം പരിഹരിക്കാൻ ഉചിതമായ സംവിധാനമുണ്ടാകുകയാണ് വേണ്ടത്. നിർഭാഗ്യവശാൽ പാവങ്ങളായ പൗത്രന്മാരുടെ കാര്യം അവരുടെ ലുബ്ധരായ പിതൃസഹോദരങ്ങളോടൊപ്പം ഇസ്ലാമിക പണ്ഡിതന്മാരും അവഗണിച്ചു കളഞ്ഞിരിക്കുന്നു.”

### ശരീഅത്തും മുസ്ലിം വ്യക്തിനിയമവും

ഖുർആനും നബിചര്യയും സംബന്ധിച്ച് പണ്ഡിതന്മാരുടെ സുചിന്തിതമായ അഭിപ്രായങ്ങളും മനുഷ്യയുക്തിയും ചേർന്ന് രൂപീകരിച്ച ജീവിതരീതിയാണ് ശരീഅത്ത് (വഴി, മാർഗം) എന്നറിയപ്പെടുന്നത്. ഇത് പല ദേശ കാലങ്ങളിൽ പണ്ഡിതാഭിപ്രായങ്ങളാലും ജീവിതയുക്തികളാലും മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. സുന്നി, ശിയാ വിഭാഗങ്ങൾ തമ്മിൽ ഈ രീതിക്ക് വ്യത്യാസങ്ങളുണ്ട്. ഇസ്ലാമിക ഭരണം പുലരുന്ന രാജ്യങ്ങൾ പോലും കാലാനുസൃതമായ മാറ്റങ്ങൾ ഇതിൽ വരുത്തിയതായി കാണാം. മോഷണത്തിനുള്ള ശിക്ഷ കൈവെട്ടലാണെന്ന ഉദ്ബോധനം പട്ടിണിക്കാരന്റെ കാര്യത്തിൽ സംഗതമല്ലെന്ന് ഖലീഫ ഉമർ ശരീഅത്ത് നിയമം പരിഷ്കരിച്ചു. നീതിയുടെയും സഹാനുഭൂതിയുടേയും ഈ പരിഷ്കരണം കൂടി ചേർന്നതാണ് ശരീഅത്ത്.

ഇന്ത്യയിലെ വ്യക്തിനിയമം സിവിൽ നടപടികളിൽ (വിവാഹം, വിവാഹമോചനം, അനന്തരാവകാശം തുടങ്ങിയവയിൽ) പൗരന്മാർക്ക് സ്വന്തം മതാചാര



ങ്ങൾ അനുസരിക്കാവുന്നതാണെന്ന 1915ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് അനുസരിച്ച് ബ്രിട്ടീഷ് ഗവൺമെന്റിന്റെ തീരുമാന പ്രകാരം നിലവിൽ വന്നതാണ്. ഇന്ത്യയിലെ മുസ്ലിം വ്യക്തിനിയമം 1937 ലെ ശരീഅത്ത് ആക്ട്, 1939 ലെ വിവാഹമോചന നിയമം, 1954 ലെ വഖഫ് നിയമം തുടങ്ങിയവയും മുസ്ലിങ്ങൾ കക്ഷികളായ സിവിൽ കേസുകളിലെ കോടതിവിധികളും ഉൾപ്പെട്ടതാണ്. അതിനാൽത്തന്നെ ശരീഅത്തും വ്യക്തിനിയമവും തമ്മിൽ വ്യക്തമായ അന്തരങ്ങളും വൈരുദ്ധ്യങ്ങളും കാണാനാകും. ബഹുഭാര്യത്വവും വിവാഹമോചനവും അനന്തരാവകാശവുമായി ബന്ധപ്പെട്ട കാര്യങ്ങളിലെ ഇത്തരം വൈരുദ്ധ്യങ്ങൾ പലപ്പോഴും മുസ്ലീം സ്ത്രീ ജീവിതത്തിനേൽപ്പിക്കുന്ന നിയമപരമായ 'ആഘാതം' ചെറുതല്ല. കാലദേശാനുസൃതമായ പരിഷ്കരണ സാധ്യതകൾ നിലനിൽക്കെത്തന്നെ മുസ്ലിം വ്യക്തിനിയമം കാലങ്ങളായി പരിണാമങ്ങൾക്കതീതമായി 'ഉറച്ചു' നിൽക്കുകയാണ്.

രണ്ടു പെണ്ണിന്റെ വിഹിതത്തിനു തുല്യമായതാണ് ഒരു പുരുഷന്റെ വിഹിതം എന്ന ലളിതമാക്കലിലേക്ക് ചുരുങ്ങുന്ന വ്യക്തിനിയമത്തിലെ അനന്തരാവകാശം അവകാശികളുടെ പരിതസ്ഥിതികൾ പരിഗണിക്കപ്പെടണമെന്നും അവർ മരിച്ചയാൾക്ക് എങ്ങനെ പ്രയോജനപ്പെട്ടെന്ന് വിശകലനവിധേയമാക്കണമെന്നുമുള്ള വാദങ്ങളിൽ നിന്നും പിൻമാറി കൃത്യമായ കണക്കുകളിൽ നിലകൊള്ളുന്നു. വിശ്വസിക്കുന്ന മതത്തിൽ വിശ്വാസികൾക്ക് ലഭ്യമാവേണ്ട നീതി ഈ സന്ദർഭം എങ്ങനെയാണ് സംരക്ഷിക്കുന്നത്?

**പുരുഷാധികാരം മുസ്ലീം സ്ത്രീകളുടെ അനന്തരാവകാശത്തെ വായിക്കുമ്പോൾ**

ഇസ്ലാം സ്വകാര്യസ്വത്തിനെ അനുകൂലിക്കുന്നു. അതിന് പരിധി നിശ്ചയിച്ചിട്ടുമില്ല. നിർബന്ധിതദാനം മുസ്ലീംകളുടെ പ്രധാനകടമകളിലൊന്നാണ്. ചെയ്യാതിരിക്കുന്നത് ശിക്ഷാർഹമായ കുറ്റമാണ്. ധനസമ്പാദനം പുരുഷനു മാത്രമായി നിജപ്പെടുത്തിയിട്ടില്ല. നിർബന്ധിതദാനവും. അത് സ്ത്രീക്കും ഒരു പോലെ ബാധകമാണ്.

ഡോ. അസീസ് തരുവണയുമായുള്ള സംഭാഷണത്തിൽ (ചന്ദ്രിക ആഴ്ചപ്പതിപ്പ് 2013) ഡോ. ഫസൽ ഗഫൂർ (എം.ഇ.എസ്.) ഇങ്ങനെ പറയുന്നു. സ്ത്രീകൾക്ക് ജീവിതത്തിൽ എന്ത് റോളാണുള്ളത്? കാര്യങ്ങൾ തീരുമാനിക്കുന്നത് പുരുഷന്മാരല്ലേ? സ്ത്രീകൾക്കുള്ള സ്വത്തുവിഹിതം വിവാഹസമയത്ത് നൽകുന്നു. (സ്ത്രീധനം). സ്വത്തിന്റെ ക്രയവിക്രയം എല്ലായ്പ്പോഴും പുരുഷന്മാർ തമ്മിലാണെന്ന് ഈ വാദം മുൻവിധിയായി സ്വീകരിക്കുന്നു. എല്ലാ സ്വാതന്ത്ര്യത്തോടെയും

എല്ലാ സ്വാതന്ത്ര്യത്തോടെയും സ്ത്രീക്ക് വകവെച്ച് കൊടുക്കപ്പെട്ടതെന്നു വിവക്ഷിക്കപ്പെടുന്ന അനന്തരാവകാശം ആൺ ഇടപാടായി മാത്രം ഇവിടെ വിവക്ഷിക്കപ്പെടുന്നു. ഇതിലുൾക്കൊള്ളുന്ന സ്ത്രീയുടെ ഇടപെടൽ ശേഷിയെ അവഗണിക്കുകയോ ന്യൂനീകരിക്കുകയോ ചെയ്യുന്നു. ദായധനത്തിന്റെ വീതം വെക്കലുകളിൽ സ്ത്രീക്കർഹതപ്പെട്ട സ്വത്ത് കുടുംബത്തിനും പുറത്തേക്കാണ് (സ്ത്രീയുടെ ഭർത്താവ്) കൈമാറുന്നതെന്ന് വരുത്തിത്തീർക്കുകയും ശരീഅത്ത് നിയമവും വ്യക്തിനിയമവും തമ്മിലുള്ള പൊരുത്തക്കേടുകളിൽ ഇത് മറയ്ക്കപ്പെടുകയും ചെയ്യുന്നു.



സ്ത്രീക്ക് വകവെച്ച് കൊടുക്കപ്പെട്ടതെന്നു വിവക്ഷിക്കപ്പെടുന്ന അനന്തരാവകാശം ആണ് ഇട പാടായി മാത്രം ഇവിടെ വിവക്ഷിക്കപ്പെടുന്നു. ഇതിലുൾക്കൊള്ളുന്ന സ്ത്രീയുടെ ഇടപെടൽ ശേഷിയെ അവഗണിക്കുകയോ ന്യൂനീകരിക്കുകയോ ചെയ്യുന്നു. ദായധനത്തിന്റെ വീതം വെക്കലുകളിൽ സ്ത്രീക്കർഹതപ്പെട്ട സ്വത്ത് കുടുംബത്തിനും പുറത്തേക്കാണ് (സ്ത്രീയുടെ ഭർത്താവ്) കൈമാറുന്നതെന്ന് വരുത്തിത്തീർക്കുകയും ശരീഅത്ത് നിയമവും വ്യക്തിനിയമവും തമ്മിലുള്ള പൊരുത്തക്കേടുകളിൽ ഇത് മറയ്ക്കപ്പെടുകയും ചെയ്യുന്നു.

പെണ്ണിന്റെ ഇരട്ടി വിഹിതം ആണിന് എന്ന് കുടുംബസംരക്ഷണം ആണിന്റെ ചുമതലയായതിനാലാണെന്ന് ഒരു വിഭാഗം വാദിക്കുന്നു. എങ്കിൽ, സ്വന്തം അധ്വാനത്തിൽ കുടുംബം പോറ്റുന്ന സ്ത്രീയുടെ കാര്യത്തിൽ എന്താണ് വിധി? അവൾക്ക് പുരുഷന്റെ തുല്യവകാശം ലഭിക്കുമോ? വിവാഹം ചെയ്തയക്കുന്നതോടെ 'ആജീവനാന്തരക്ഷാകർത്താവിനെ' ലഭ്യമാകുന്ന സ്ത്രീകൾക്ക് അനന്തരാവകാശം പുരുഷന്റെ പാതിമതിയെങ്കിൽ അവിവാഹിതകളുടേയും വിധവകളുടേയും വിവാഹമോചിതരുടേയും ഭർത്താവുണ്ടായിട്ടും സംരക്ഷണം ലഭിക്കാത്തവരുടേയും കാര്യമോ? വിവാഹത്തിന്റെ കാര്യത്തിൽ, വ്യക്തിനിയമം നിലനിൽക്കെ തന്നെ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹിതരാകാനുള്ള നിയമപരിരക്ഷ മുസ്ലീങ്ങൾക്കും ബാധകമാണ്. അതുപോലെ ഇന്ത്യൻ പിന്തുടർച്ചാവകാശ നിയമ പ്രകാരം തനിക്ക് അനന്തരാവകാശം ലഭിക്കണമെന്ന് ഒരു മുസ്ലിം സ്ത്രീ ആവശ്യപ്പെട്ടാലോ? മുസ്ലിം കുടുംബങ്ങളിൽ ജനിക്കുകയും മതവിശ്വാസങ്ങളില്ലാതെ ജീവിക്കുകയും ചെയ്യുന്നവരുടെ കാര്യത്തിൽ എന്താണ് തീർപ്പ്?

ഒരാളുടെ ഉടമസ്ഥതയിൽ ഉണ്ടാകാവുന്ന ഭൂസ്വത്തിന്റെ പരിധി നിയമപരമായി നിശ്ചയിക്കപ്പെട്ടപ്പോൾ പല ഭൂവുടമകളും അത് മക്കളുടെ (പ്രത്യേകിച്ച് ആൺമക്കളുടെ) പേരിലെഴുതി വെക്കുകയാണ് ചെയ്തതെന്ന് കാണാനാകും. അങ്ങനെയിരിക്കെ മരണപ്പെട്ടയാളുടെ മറ്റ് അനന്തരാവകാശികൾ എങ്ങനെയാണ് പരിഗണിക്കപ്പെടുന്നത്. നാട്ടുനടപ്പനുസരിച്ച് അല്ലെങ്കിൽ നിയമത്തിനനുസരിച്ച് നേരത്തെ പേരിലെഴുതിവെക്കപ്പെട്ട സ്വത്തുക്കൾ അവരുടേതായിതന്നെ നിലനിർത്തുകയും അവർക്ക് വീണ്ടും ബാക്കിയുള്ള സ്വത്തുക്കളിൽ നിയമപരമായ വിഹിതം ലഭിക്കുകയും ചെയ്യുന്നു.

നമ്മുടെ നാട്ടു നടപ്പനുസരിച്ച് പിതാവ് ജീവിച്ചിരിക്കുമ്പോൾ ആൺമക്കൾക്ക് വീട് നിർമ്മിക്കാനും മറ്റുമായി നൽകുന്ന ഭൂമി ഇതിലെവിടെ വക കൊള്ളിക്കും? നാമമാത്രമായ ചെറിയ കൈമാറ്റങ്ങളെയല്ല ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്. പിന്നീട് പിതാവിന്റെ മരണശേഷം സ്വത്ത് അനന്തരാവകാശത്തിന് പരിഗണിക്കപ്പെടുമ്പോൾ മേൽപറഞ്ഞ വിഹിതം അന്യായമായി നിലനിൽക്കില്ലേ? അതും കഴിഞ്ഞ് ബാക്കി വരുന്ന സ്വത്തുവകകളിൽ ആൺ പെൺ അനുപാതമനുസരിച്ച് ലഭ്യമാവുന്ന ആൺ വിഹിതത്തിന്റെ പകുതിക്കർഹമായ സ്ത്രീക്ക് ലഭിക്കുന്ന വിഹിതം ഈ പുരുഷനുമായി തട്ടിച്ചുനോക്കുമ്പോൾ എത്ര തുച്ഛമായിരിക്കും? അനന്തരാവകാശികളുടെ ജീവിത പരിതസ്ഥിതികൾ ഇത്തരം സന്ദർഭങ്ങളിലൊന്നും പരിഗണിക്കപ്പെടുന്നില്ലെന്നത് വാസ്തവം മാത്രമാണ്.

ഒരാളുടെ ഉടമസ്ഥതയിൽ ഉണ്ടാകാവുന്ന ഭൂസ്വത്തിന്റെ പരിധി നിയമപരമായി നിശ്ചയിക്കപ്പെട്ടപ്പോൾ പല ഭൂവുടമകളും അത് മക്കളുടെ (പ്രത്യേകിച്ച് ആൺമക്കളുടെ) പേരിലെഴുതി വെക്കുകയാണ് ചെയ്തതെന്ന് കാണാനാകും. അങ്ങനെയിരിക്കെ മരണപ്പെട്ടയാളുടെ മറ്റ് അനന്തരാവകാശികൾ എങ്ങനെയാണ് പരിഗണിക്കപ്പെടുന്നത്. നാട്ടുനടപ്പനുസരിച്ച് അല്ലെങ്കിൽ നിയമത്തിനനുസരിച്ച് നേരത്തെ പേരിലെഴുതിവെക്കപ്പെട്ട സ്വത്തുക്കൾ അവരുടേതായി തന്നെ നിലനിർത്തുകയും അവർക്ക് വീണ്ടും ബാക്കിയുള്ള സ്വത്തുക്കളിൽ നിയമപരമായ വിഹിതം ലഭിക്കുകയും ചെയ്യുന്നു. മരണപ്പെട്ടയാളുടെ ഭാര്യക്ക് അവകാശപ്പെട്ട എട്ടിലൊന്ന് സ്വത്തവകാശം ഇത്തരം പരിതസ്ഥിതികളിൽ എങ്ങനെ നടപ്പിലാകും. ? സ്ത്രീകൾ അടക്കമുള്ള മറ്റ് അനന്തരാവകാശികൾക്ക് എങ്ങനെ നീതി ലഭ്യമാകും ? വ്യക്തി നിയമത്തിലുൾപ്പെടാത്ത, ശരീഅത്ത് നിയമങ്ങൾ പാലിക്കാത്ത ഈ വീതംവെപ്പിനെ ചില സാങ്കേതികകാരണങ്ങൾ മാത്രം നിരത്തി മതസംഘടനകളും മതനേതാക്കളും പൗരോഹിത്യവും പണ്ഡിതരും ശരിവെക്കുമോ ? ഊരുവിലക്കിന്റെ ഫത്വകൾ പുറപ്പെടുവിക്കുന്ന മഹല്ല് കമ്മറ്റികൾ മതാചാര്യരുടെ മേൽനോട്ടത്തിൽ നടത്ത

പ്പെടുന്ന ഇത്തരം അനീതി കൾക്കെതിരെ എന്ത് ഫത്വ പുറപ്പെടുവിക്കും. സ്ത്രീകളും വൃദ്ധമാതാക്കളും മാത്രം ഇരക ളാകപ്പെടുന്ന ഈ കണ്ണുകെട്ടി ക്കളിയിൽ ശരീഅത്തും വ്യക്തി നിയമവും മാത്രമാണോ കുറ്റവാ ളികൾ?

ആമിന വദൂദ് പറയുന്നു. "കഴിഞ്ഞ 1400 വർഷങ്ങളായി ആണുങ്ങളും പെണ്ണുങ്ങളും നിലപാടുകളിൽ ഒരു മാറ്റവുമി ല്ലാതെ തുടരുകയാണ് ഇസ്ലാ മിൽ എന്നാണെങ്കിൽ മാറ്റുവിൻ ചട്ടങ്ങളെ എന്നാവശ്യപ്പെടുന്നത് അധിക പ്രസംഗമാണെങ്കിൽ നമ്മുടെ സ്ഥിതി കഷ്ടം തന്നെ എന്നേ പറയാനുള്ളൂ.

നിരന്തരമായ ഇടപെടലുകളി ലൂടെ വികസിച്ചുവന്ന ശരീ അത്ത് വ്യക്തിനിയമവുമായി ചേർന്ന് അനക്കമില്ലാത്തൊരു ജലാശയം പോലെ നില നിൽക്കുന്നതാണ് മുസ്ലിം സ്ത്രീകളുടെ അനന്തരാവകാശ ങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ നമുക്ക് കാണാനാവുക. വിവാ ഹമോചനത്തിലും ജീവനാംശ കാര്യത്തിലുമുണ്ടായതരത്തി ലുള്ള കേസുകളും കോടതിവി ധികളും അനന്തരാവകാശ വുമായി ബന്ധപ്പെട്ട് വളരെ കുറ വാണെന്നു കാണാം. ഇസ്ലാമിക് ഫെമിനിസം പ്രശ്നവത്കരി ക്കുന്ന ഇത്തരം പ്രധാനപ്പെട്ട മനുഷ്യാവകാശ പ്രശ്നങ്ങൾ ഇന്ത്യൻ സാഹചര്യത്തിൽ ഗൗര വമായി ചർച്ചചെയ്യപ്പെടുകയു ണ്ടായിട്ടില്ല. ഏക സിവിൽകോഡ് എന്ന ഭൂതത്തെ പ്പറ്റിയുള്ള ഭയവും മതനിയമപരി ഷ്കരണത്തോടുള്ള സംശയം കലർന്ന അകലവും ഇന്ത്യൻ സാഹചര്യത്തിൽ മുസ്ലിം സ്ത്രീകളുടെ ജീവിതം മറ്റൊരു തരത്തിൽ സങ്കീർണമാകുന്നു ണ്ട്. ബഹു സ്വരതയ്ക്കു വേണ്ടി യുള്ള ജനാധിപത്യശ്രമങ്ങൾ ഈ ചരിത്ര സന്ധിയെ വിസ്മരി ച്ചുകൂടാ.


സഹായക ഗ്രന്ഥങ്ങൾ :

1. ആമിന വദൂദ് 'ഖുർആൻ' ഒരു പെൺവായന'വിവ . ഹഫ്സ, അദർ ബുക്സ്, കോഴി ക്കോട്(2008)

2. എം.എൻ കാരശ്ശേരി "ഉമ്മ മാർക്ക് വേണ്ടി ഒരു സങ്കടഹ ർജി' ഡി.സി. ബുക്സ്, കോഴി ക്കോട് (2008)

3. ടി.കെ. ഉബൈദ്, ഖുർ ആൻ ബോധനം ഇൻ ആമിന വദൂദ്

4. അഷറഫ് എ. കടയ്ക്കൻ (എഡി.) "സച്ചാറിന്റെ കേരള പരിസരം" അദർ ബുക്സ്, കോഴിക്കോട് (2007)

5. മുജീബുർ റഹ്മാൻ കിനാ ലൂർ 'മുസ്ലീം നവോത്ഥാനവും ആധുനികതയും' യുവത ബുക് ഹൗസ്, കോഴിക്കോട് (2010)

6. Esita sur "The Dilemna of muslim women's empowerment and subordination, womens link, Jan- March (2012).


*കാലിക്കറ്റ് യൂണിവേഴ്സിറ്റി യിൽ ഗവേഷകയാണ് ദിൽഷാദ്*

---

*പേജ് 19 തുടർച്ച*

കളെ വെച്ചു നോക്കുമ്പോൾ ആദിവാസി പെൺകുട്ടികൾക്ക് മറ്റുള്ളവരോട് പ്രതികരിക്കാൻ പേടിയാണ്. ഞങ്ങൾക്കൊന്നുമി ല്ലായെന്ന തോന്നലാണ് അതോ ണ്ടന്നെ എത്രത്തോളും പഠി ക്കാൻ പറ്റുമോ അത്രത്തോളം പഠിക്കണമെന്നാണാഗ്രഹം.

സർക്കാറിന്റെ ആനുകൂല്യ മൊക്കെ എപ്പോഴും ആരുടെയെ ങ്കിലും കീശയിലായിരിക്കും. അത് പ്രതീക്ഷിച്ചിരിക്കുന്ന തൊക്കെ വെറുതെയാണ്. ഭൂമിയും തൊഴിലും വരുമാ നവും ഉണ്ടെങ്കിൽ തന്നെ നമ്മുടെ ആവശ്യത്തിന് ആരെയും കാത്തു നിൽക്കേണ്ട ല്ലോ. അതിലുപരി സ്വസ്ഥമാ യൊരു ജീവിതം തന്നെ നയിക്ക ലോ...

പ്രാഥമിക ആവശ്യ ങ്ങൾപോലും നിറവേറ്റാൻ സൗകര്യമില്ലാതെ ഞങ്ങളുടെ ആളുകൾ കഷ്ടപ്പെടുന്നുണ്ട്. പണത്തിന്റെയും ഭൂമിയുടെയും കുറവ് കൊണ്ട് പരിഹരിക്കാൻ പറ്റാത്തതാണ് കാരണം. കൂട്ടു കാരുടെ (മറ്റുള്ള) വീട്ടിലൊക്കെ പോകുമ്പോൾ അവരുടെ പോലുള്ള വൃത്തിയുള്ള വീട് വെക്കണമെന്ന് അമ്മനോട് ഞാൻ വന്ന് പറയുമായിരുന്നു. കൂട്ടുകാരെ എന്റെ വീട്ടിൽ കൊണ്ടു വരാനൊക്കെ ആഗ്രഹ മുണ്ട്. പക്ഷേ അവർക്ക് എന്ത് കൊടുക്കും അവരെ എവിടെ ഇരുത്തും എന്ന ചിന്തയാണ്. എനിക്ക് പൈസ ഉണ്ടായിട്ട് വേണം വീടിന് അടുക്കള പണി യാൻ. ഇപ്പോ ഷെഡ്ഡിലാണ് ഭക്ഷണമൊക്കെ ഉണ്ടാക്കുന്നത്. മഴ പെയ്താൽ അവിടാകെ നന യും. മഴക്കാലമാകുമ്പോ എന്തൊക്കെയോ തിന്നാൻ കൊതിവരും. പക്ഷേ ആ സമയം കൈയിൽ പൈസ യൊന്നും ഉണ്ടാവില്ല. കൂട്ടുകാർ വിളിക്കുമ്പോൾ എന്താ കഴിച്ചേ ന്നൊക്കെ ചോദിക്കുമ്പോ എന്തെങ്കിലും നുണ പറയും. അല്ലെങ്കിൽ അവരെന്താ വിചാ രിക്കുക. ഭൂമിയും വിദ്യാഭ്യാ സവും മാത്രം പോരാ. ഇത് രണ്ടും ഉള്ളവർ പണിക്കു പോകുന്നത് കാണുന്നുണ്ട്. തൊഴിലും വരുമാനവും വേണം. മറ്റുള്ളവരെ പോലെ തന്നെ ജീവിക്കണമെന്നാണ്. പാവങ്ങൾ എന്ന് പറഞ്ഞുള്ള സഹതാപമൊന്നും കേൾക്കാൻ പുതിയതലമുറ ഇഷ്ടപ്പെടുന്നി ല്ല. ചൂഷണത്തിനിരയാകാതെ സ്വന്തം കാര്യം നോക്കാനുള്ള സ്വത്തെങ്കിലും ആദിവാസി പെൺകുട്ടികൾക്ക് വേണം. എങ്കിലേ നല്ലൊരു തലമുറയെ ഉണ്ടാക്കാനും സാധിക്കൂ.

*വിദ്യാർത്ഥിനിയായ വിനീത എ.വി ആക്ടിവിസ്റ്റും എഴുത്തു കാരിയും ആണ്.*

പെൺപക്ഷം



അജിത കെ.

# നിലവിളക്ക് ഞാൻ കത്തിക്കാറില്ല!

അടുത്തകാലത്ത് വളരെയേറെ വിവാദങ്ങൾക്ക് അവസരമൊരുക്കുകയും അവസാനം എല്ലാവരും അതൊരു പാർട്ടിയുടെ മാത്രം പ്രശ്നമായി തള്ളിക്കളയുകയും ചെയ്ത ഒന്നാണ് നിലവിളക്ക് കത്തിക്കൽ വിവാദം.

മുസ്ലിംലീഗിലെ ചില നേതാക്കൾ സർക്കാർ ചടങ്ങുകളിൽ നിലവിളക്കുകൊളുത്താറില്ലത്രേ. അത് ഹിന്ദുക്കളുടെ ചടങ്ങാണെന്ന നിലപാടാണ് അവർ എടുക്കുന്നതെന്ന് പറയുന്നു. താനുൾക്കൊള്ളുന്ന മതത്തിന്റെ ചടങ്ങായിരുന്നെങ്കിൽ നേതാക്കൾ നിലവിളക്ക് കൊളുത്തുമോ എന്നതൊരു ചോദ്യമാണ്.

നമ്മുടെ സൂപ്പർസ്റ്റാർ മമ്മൂട്ടി ഒരു പരിപാടിയിൽ നിലവിളക്ക് കൊളുത്തിക്കൊണ്ട് ചടങ്ങിനെ ന്യായീകരിച്ചതു മുതലാണ് വിവാദം കത്തിപ്പടർന്നത്.

ഇന്ത്യ ഒരു സെക്യുലർ, (മതേതര) ജനാധിപത്യരാജ്യമാണെന്ന് ഭരണഘടനയിൽ പറയുന്നു. ഇന്ത്യയിലെ വിവിധ മതസമൂഹങ്ങൾ പരസ്പരം ബഹുമാനിച്ചും തന്നെപ്പോലെ തന്റെ അയൽക്കാരനും ഇന്ത്യ ഒരുപോലെ അവകാശപ്പെട്ടതാണെന്നും അംഗീകരിച്ചുകൊണ്ട് ജീവിക്കാനുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന ഉറപ്പുവരുത്തുന്നു. പക്ഷേ, കുറേക്കാലമായി നമ്മൾ കണ്ടുവരുന്നത് സർക്കാർ പരിപാടികളിലും അതുപോലെത്തന്നെ സാമൂഹ്യമായ അംഗീകാരങ്ങളുള്ള വൻപരിപാടികളിലും ഉദ്ഘാടനം നടക്കണമെങ്കിൽ നിലവിളക്ക് കൊളുത്തിയിരിക്കണമെന്നാണ്. ഇതിനെയൊക്കെ അനുകരിച്ച് നടത്തുന്ന ചെറുകിട പരിപാടികളിലും നിലവിളക്ക് കൊളുത്തുക എന്നത് പതിവായിക്കഴിഞ്ഞു.

ക്രിസ്തുമതസ്ഥാപനങ്ങളുടെ പരിപാടികളിൽ അവർ ഇതിനൊരു പരിഹാരം കണ്ടെത്തിയിട്ടുണ്ട്. നിലവിളക്കിന്റെ തലപ്പത്ത് അവർ ഒരു കുരിശും കൂടി പിടിപ്പിച്ചിരിക്കും. അത്രത്തോളം ആശ്വാസം അവർക്ക് കിട്ടുന്നു.

വർഷങ്ങളായി ഞാനും പല പരിപാടികളും ഉദ്ഘാടനം ചെയ്യാൻ പോകാറുണ്ട്. പരിപാടിയ്ക്ക് വേദിയിലെത്തുമ്പോഴായിരിക്കും വലിയൊരു നിലവിളക്ക് കൊളുത്താൻ റെഡിയായി സ്റ്റേജിന്മേൽ കാണുക. അപ്പോൾ തന്നെ സംഘാടകരെ വിളിച്ച് ഇതെനിക്ക് കൊളുത്താൻ വയ്യ, ഞാനിത് കൊളുത്തില്ല, നിങ്ങൾക്കിത് വേണമെന്ന് നിർബന്ധമാണെങ്കിൽ വേദിയിൽ ഇരിക്കുന്ന മറ്റുള്ളവരെക്കൊണ്ട് കൊളുത്തിക്കുന്നതായിരിക്കും നല്ലതെന്ന് ഞാൻ പറയേണ്ടി വന്ന സന്ദർഭങ്ങൾ ഏറെയാണ്. അപ്പോഴൊക്കെ 'കുഞ്ഞാലിക്കുട്ടിയും ഇതേ നിലപാടാ'ണെന്ന് പറഞ്ഞ് ചിലരൊക്കെ എന്നെ കളിയാക്കിയിട്ടുമുണ്ട്.

ഇതെന്താ ലീഗിന്റെ, മുസ്ലിം സംഘാടകരുടെ മാത്രം പ്രശ്നമാണോ? മതനിരപേക്ഷതയെന്ന തത്വം അംഗീകരിക്കുന്ന സർക്കാരിന് എങ്ങനെ ഒരു പ്രത്യേക മതവിഭാഗത്തിന്റെ, ആധിപത്യമതത്തിന്റെ ഒരു ചടങ്ങ് സ്വീകരിച്ച് പ്രസ്തുത പരിപാടിക്ക് നേരിട്ടോ അല്ലാതെയോ ഒരു ഹിന്ദുത്വപരിവേഷം നൽകാൻ കഴിയുന്നു? ചടങ്ങുകളും ആചാരങ്ങളും ഓരോ മതവിഭാഗത്തിനും വ്യത്യസ്തമാണ്. ഇത്ര ദശകങ്ങൾ ഇന്ത്യ സ്വതന്ത്രയായിട്ടും ഒരു മതനിരപേക്ഷമായ, ജനാധിപത്യസന്ദേശങ്ങൾ നൽകുന്ന ഒരു ചടങ്ങ് കണ്ടുപിടിക്കാനുള്ള യാതൊരു ശ്രമവും നമ്മുടെ സർക്കാറിന്റെയോ സാംസ്കാരിക നായകരുടെയോ ഭാഗത്തുനിന്നുണ്ടായില്ല എന്നത് അപഹാസ്യം തന്നെ. ഈ വിവാദത്തിൽ മുസ്ലിം ലീഗിലെ ചില നേതാക്കൾ മാത്രം അപഹാസ്യരായത് നമ്മുടെ 'ഇടതുപക്ഷം' ഇപ്പോൾ അത്രമാത്രം മത-വർഗ്ഗീയ-ജാതീയ ശക്തികളെ പ്രീണിപ്പിക്കുന്ന നിലപാടെടുക്കുന്നതുകൊണ്ടാണെന്ന് ഞാൻ ശക്തമായി വാദിക്കുന്നു. എല്ലാ മത വിഭാഗങ്ങളുടെയും ആചാരങ്ങളേയും ചടങ്ങുകളേയും ബഹുമാനിക്കുമ്പോഴും സർക്കാറിന്റേയും പൊതുസമൂഹത്തിന്റെയും പരിപാടികളിൽ എന്തുകൊണ്ട് മതേതരത്വം ഉയർത്തിപ്പിടിക്കാനുള്ള ശ്രമങ്ങളുണ്ടാകുന്നില്ല? പാവം നമ്മുടെ യുക്തിവാദികൾ- ഇതിലെ അവരുടെ ഇടങ്ങൾ ചുരുങ്ങി വരുന്നത് കണ്ട് നിസ്സഹായരായി നോക്കി നിൽക്കാനേ അവർക്ക് കഴിയുന്നുള്ളൂ.

●



# വാസ്തവം



ഡോ.ജാൻസി ജോസ്

എന്താ നമ്മുടെ നാടിന്റെ ഒരു സ്ഥിതി? കേരളത്തിലും പ്രതിപക്ഷമില്ലാതായിരിക്കുകയല്ലേ? ഏതുപക്ഷത്തിരുന്നാലും തങ്ങൾ ചെയ്യുന്നത് ഒന്നാണെന്ന് മനസ്സിലായാൽ പ്രതിസ്ഥാനത്തിരുന്നു കാണേണ്ട ആവശ്യമില്ലല്ലോ. ഇത് നേരത്തെ ജനത്തിന് മനസ്സിലായതാണ്. ഒരു പണിയുമില്ലെങ്കിൽ കൃഷിനടത്താനിറങ്ങുന്നവരല്ല നമ്മുടെ രാഷ്ട്രീയപാർട്ടികൾ. 'കൃഷി' പരിചയമുള്ളവരും ഇല്ലാത്തവരും ഒന്ന് ഓർമ്മയിൽ വെക്കുന്നത് നന്ന്. 'മത്തൻ നട്ടാൽ കുമ്പളം മുളക്കില്ല' എന്ന ചൊല്ല്. വിഷമില്ലാത്ത പച്ചക്കറി ഉത്പാദിപ്പിച്ചാൽ മനുഷ്യന്റെ വിഷം മാറുമോ? വിഷമുള്ള മനുഷ്യന് വിഷമില്ലാത്ത പച്ചക്കറികൾ ഉത്പാദിപ്പിക്കാൻ കഴിയുമോ ഇതൊക്കെ ഈയുള്ളവളുടെ സംശയങ്ങൾ മാത്രമാണ്. ഈ നാട് അക്രമികളെക്കൊണ്ടു നിറഞ്ഞിരിക്കുകയാണ്. സ്വന്തം കോളേജിന്റെ മുറ്റത്തുകൂടി പോലും കുട്ടികൾക്ക് നടക്കാൻ പറ്റാത്ത അവസ്ഥ. പാർട്ടി ഏതാണെന്നു നോക്കി കുറ്റംപറയാനാളല്ല ഞാൻ. ഒന്നിനൊന്ന് മെച്ചമായതുകൊണ്ടു തന്നെ. വാളുവീശാനും ബോംബുണ്ടാക്കാനും എറിയാനും ആയുധങ്ങൾ ശേഖരിക്കാനും തക്ക ക്രിമിനലുകളെ പാർട്ടിയിലെടുക്കുന്നതാണോ അതോ...? നടൻ തിലകൻ പണ്ടൊരു സിനിമയിൽ പറഞ്ഞപോലെ 'പോഴന്മാരെ പോലീസിലെടുക്കുന്നതാണോ അതോ പോലീസിലെടുത്തതിനു ശേഷം പോഴനായതാണോ'? എങ്ങനെ ഇവർ അക്രമികളാകുന്നു? നമ്മുടെ നേതാക്കന്മാരെല്ലാം ശാന്തരും സൽസ്വഭാവികളും നന്മമാത്രം ആഗ്രഹിക്കുന്നവരുമാകുമ്പോൾ ? പ്രസ്ഥാനങ്ങളൊക്കെ കെട്ടുറപ്പില്ലാതെ പോകുന്നുണ്ടോ? ഇതൊക്കെ പരിശോധിക്കാൻ എവിടെ നേരം ഭരണവും സ്ഥാനവും പിടിച്ചു പറ്റാൻ നെട്ടോട്ടമോടുമ്പോൾ. കണ്ണൂർ സമാധാനപരമാവാൻ എല്ലാപാർട്ടികളുടേയും നേതാക്കന്മാർ അവിടെ ക്യാമ്പ് ചെയ്യട്ടെ. കാണാമറയത്ത് നിന്ന് നിയന്ത്രിക്കാതെ. ●

രാഷ്ട്രീയനിരീക്ഷണം



# വികസനത്തിന്റെ രാഷ്ട്രീയം

ജ്യോതിനാരായണൻ

ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് റേഡിയോ സന്ദേശമായ 'മൻകി ബാത്ത്' എന്ന പരിപാടിയിൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട എൻ.ഡി.എ സർക്കാറിന്റെ നിയമപരിഷ്കരണവിജ്ഞാപനം പിൻവലിച്ചതായി പറഞ്ഞു. അതായത് 'വികസന പദ്ധതി' കൾ നടപ്പിലാക്കാനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് യു.പി.എ സർക്കാർ പാസ്സാക്കിയ ബില്ല് തുടരും. ഭൂമി ഏറ്റെടുക്കുമ്പോൾ 70% ഭൂഉടമകളുടെ അംഗീകാരം വേണമെന്നും സാമൂഹ്യപ്രത്യാഘാത പഠനം വേണമെന്നും മുൻബില്ലിലുണ്ടായിരുന്ന വ്യവസ്ഥയാണ് പ്രധാനമായി മോദി സർക്കാർ ഭേദഗതി ചെയ്തിരുന്നത്. ഈ പരിഷ്കരിച്ച ബില്ല് ലോകസഭയിൽ ഒരുപ്രാവശ്യം പാസ്സായെങ്കിലും രാജ്യസഭയിൽ എല്ലാ പ്രതിപക്ഷകക്ഷികളും ഭരണ പക്ഷത്തെത്തന്നെ ചില ഘടകകക്ഷികളും എതിർത്തതിനാൽ പാസ്സായില്ല. ഇതിന്റെ പേരിൽ കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ നിരവധി ദിവസങ്ങൾ നഷ്ടപ്പെട്ടു. ഇപ്പോഴും ദേശീയപാത,മെട്രോറെയിൽവെ, കൽക്കരിഖനനം തുടങ്ങിയ പതിമൂന്ന് നിയമങ്ങൾ ഇതിൽ ഉൾച്ചേർക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

വികസനത്തിന്റെ പേരു പറഞ്ഞ് ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ അവിടുത്തെ ജനങ്ങളുടെ സമ്മതമോ അഭിപ്രായങ്ങളോ ആ സമൂഹത്തിലുണ്ടാകുന്ന പ്രത്യാഘാതങ്ങളോ പരിഗണിക്കേണ്ടതില്ലെന്നായിരുന്നു ഇന്നത്തെ നമ്മുടെ സർക്കാരിന്റെ നിലപാട്. ഭക്ഷ്യസുരക്ഷിതത്വം, കുടിവെള്ളം, ദൈനംദിന ഗതാഗതസൗകര്യം തുടങ്ങിയ സാധാരണക്കാരുടെ അടിസ്ഥാനസൗകര്യങ്ങൾക്കുവേണ്ടിയുള്ള പദ്ധതിക്കുവേണ്ടിയല്ല ഭൂമി ഏറ്റെടുക്കുന്നത്. സൗകര്യങ്ങൾ വർദ്ധിപ്പിക്കുക (പണമുള്ളവർക്ക്) എന്ന മദ്ധ്യവർഗ്ഗ അജണ്ടയാണ് വികസനത്തിന്റെ പേരിൽ മുമ്പിൽ വയ്ക്കുന്നതെങ്കിലും സമ്പന്നരായ സ്വകാര്യവ്യക്തികൾക്ക് അവരുടെ മൂലധനം വർദ്ധിപ്പിക്കുക എന്നതാണ് പിന്നിലുള്ള യഥാർത്ഥലക്ഷ്യം. ഇതിൽ ഭരിക്കുന്ന പലർക്കും പല രാഷ്ട്രീയനേതാക്കൾക്കും പങ്കാളിത്തമുണ്ട്. ഇന്ന് ഈ എല്ലാ വികസനവും നടപ്പിലാക്കുന്നതും നിയന്ത്രിക്കുന്നതും പൊതുഉടമസ്ഥതയിലല്ല, സ്വകാര്യപങ്കാളിത്തത്തോടെ (സ്വകാര്യ കമ്പനികൾ) യാണ്.

എല്ലാവർക്കും അവകാശപ്പെട്ട മല, കുന്ന്, പുഴ, കാട് തുടങ്ങി എല്ലാം സ്വന്തമാക്കിയും സാധാരണക്കാരുടെ കൃഷിഭൂമിയും കിടപ്പാടവും പിടിച്ചെടുത്തുമാണ് ഇവിടെ വികസനം നടപ്പിലാക്കുന്നത്. അതായത് പൊതുസ്വത്തും സാധാരണക്കാരുടെ ഭൂമി പിടിച്ചെടുത്തും സ്വകാര്യവ്യക്തികൾക്ക് കൊടുക്കുന്ന സ്വകാര്യകമ്പനികൾ ഈ ഭൂമി നമ്മുടെ പൊതുബാങ്കുകളിൽ പണയം വെച്ച് പണം കൈപ്പറ്റുന്നു. പിന്നീട് പദ്ധതി വിജയിച്ചാലും തകർന്നാലും ഇവർക്ക് പ്രശ്നമല്ല. ഇവരുടെ ലാഭം ആദ്യം ഉറപ്പാക്കുന്നു. പദ്ധതികളുടെ എല്ലാ വ്യവസ്ഥകളും സ്വകാര്യകമ്പനികൾക്ക് അനുകൂലമായിരിക്കും. പദ്ധതികൾ വരുന്നതോടെ പ്രദേശവാസികൾ അവിടെ നിന്ന് കുടിയിറക്കപ്പെടുന്നു. വികസനം വരുമ്പോൾ ചെറുപ്പക്കാർക്ക് തൊഴിൽ കിട്ടുമെന്നതാണ് അടുത്ത പ്രലോഭനം. വളരെ ചെറിയൊരു ശതമാനം പ്രദേശവാസികൾക്കു മാത്രമാണ് സ്ഥിരം വരുമാനമുള്ള ഒരു തൊഴിൽ ഇത്തരം പദ്ധതിയുടെ ഭാഗമായി ലഭിക്കുന്നത്. നിർമ്മാണസമയത്തും തുടർന്നും ചില കരാർ/കൂലിപ്പണികൾ മാത്രമാണ് (കേരളത്തിലാണെങ്കിൽ അതിനുപോലും അന്യസംസ്ഥാന തൊഴിലാളികളാണധികവും) കുടിയിറക്കപ്പെടുന്നവർക്ക് ലഭിക്കാൻ സാധ്യതയുള്ളത്. പ്രദേശവാസികളുടെ അതുവരെയുണ്ടായിരുന്ന ഉപജീവനമാർഗ്ഗം നഷ്ടമാകുന്നു. ചില പദ്ധതികൾക്ക് ഭൂമിയുടെ വില വർദ്ധിക്കുന്നു എന്നതാണ് ആ പ്രദേശത്തുണ്ടാകുന്ന ഒരു മാറ്റം. ഭൂമി വിൽക്കാൻ ആഗ്ര

ഹിക്കുന്നവർക്കു മാത്രമാണ് ഭൂമിയുടെ വില കൂടിയതു കൊണ്ട് പ്രയോജനം. അവിടെ ജീവിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഒരു രൂപയായാലും ഒരു കോടി രൂപയായാലും ഒരേ ഫലമാണല്ലോ. നമ്മുടെ ഭൂമിയെ ഇന്ന് നമ്മൾ വസ്തു എന്നാണ് പറയുന്നത്. വാങ്ങാനും വിൽക്കാനും കുഴിക്കാനും മുറിക്കാനും കഴിയുന്ന, പണം സമ്പാദിക്കാനുള്ള വസ്തുവാണ്. മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും ജീവിക്കാനുള്ള ആവാസവ്യവസ്ഥയായി ഭൂമിയെ കാണുന്നില്ല. നമ്മുടെ വികസനം നമ്മളെ കാണിച്ചു തരുന്നത് കുടിവെള്ളം ലഭ്യമല്ലാത്ത, ഭക്ഷ്യസുരക്ഷിതത്വം ഇല്ലാത്ത, കിടപ്പാടമില്ലാത്ത, കക്കൂസില്ലാത്ത ഇന്ത്യയിൽ 70% ആളുകൾക്കും മൊബൈൽഫോൺ ഉണ്ട് എന്നതാണ്.

കേരളവികസനത്തിന്റെ മാതൃകയായി അടയാളപ്പെടുത്തുന്ന കൊച്ചി വിമാനത്താവളം, വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ, ദേശീയപാത 17ന്റെ വികസനം എന്നിവ പരിശോധിക്കുന്നത് നല്ലതായിരിക്കും. പ്രത്യേകിച്ചും വിഴിഞ്ഞം പദ്ധതിയും ആറൻമുള വിമാനത്താവളപദ്ധതിയും ബി.ഒ.ടി അടിസ്ഥാനത്തിൽ ദേശീയപാത വികസനപദ്ധതിയും കരാർ ഒപ്പു വെക്കലും പ്രതിഷേധസമരങ്ങളും എല്ലാം നടക്കുന്ന സാഹചര്യത്തിൽ. മാതൃകയായി പറയുന്ന കൊച്ചി ഇന്റർനാഷണൽ വിമാനത്താവളത്തിനായി ഭൂമി/തൊഴിൽ നഷ്ടപ്പെട്ടവരിൽ എത്ര പേർക്ക് അവിടെ സ്ഥിരം വരുമാനമുള്ള ജോലി ലഭിച്ചു? അവിടെ നിന്ന് കുടിയിറക്കപ്പെട്ടവർ, കാർഷികമേഖലയിലും മറ്റും പണിയെടുത്ത് ജീവിച്ചിരുന്നവർ ഇപ്പോൾ എവിടെ എങ്ങനെ ജീവിക്കുന്നു? നെൽകൃഷിയിലുണ്ടായ കുറവുമാത്രമല്ല പാരിസ്ഥിതി പ്രത്യാഘാതം എന്ത്? കഴിഞ്ഞ വർഷം മഴക്കാലത്ത് ഇതിനുമുമ്പ് ഒരിക്കലും സംഭവിക്കാത്ത വിധം ആലുവായിലടക്കം വെള്ളം പൊങ്ങുകയും വിമാനത്താവളം രണ്ടുദിവസം അടച്ചിടുകയും ചെയ്തു. ഈ വർഷം മഴപെയ്യാത്തതുകൊണ്ട് വെള്ളം പൊങ്ങിയില്ല. 76% പൊതുമേഖലയിലും 24% സ്വകാര്യമേഖലയിലുമായി തുടങ്ങിയ പദ്ധതി ഇന്ന് 75%ത്തിലധികം സ്വകാര്യമേഖലയിലാണ്. വിമാനത്താവളത്തിനു വേണ്ടി ഭൂമി ഏറ്റെടുത്തതിനു ശേഷം നിർമ്മിച്ച എൻ.എച്ച് 17ലെ അത്താണിയിൽ നിന്ന് വിമാനത്താവളത്തിലേക്കുള്ള റോഡിലെ വളവുതിരിവുകൾ മാത്രം പദ്ധതിയുടെ അഴിമതി കാണിച്ചു തരും. കർഷകരിൽ നിന്നും പിടിച്ചെടുത്ത നെൽകൃഷി പാടമാണ് ഇന്ന് ഗോൾഫ് ക്ലബ്ബാക്കിയിരിക്കുന്നത്.

*സ്വപ്നപദ്ധതിയായി വിലയിരുത്തിയ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി*

മൂലമ്പിള്ളിയിലടക്കം നൂറുകണക്കിന് കുടുംബങ്ങളെ വഴിയാധാരമാക്കി നിർമ്മിച്ച റെയിൽപ്പാളത്തിലൂടെ ഇന്നുവരെ ഒരു ചരക്കുവണ്ടിയും നീങ്ങിയിട്ടില്ല. യഥാർത്ഥത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ കീഴിലുണ്ടായിരുന്നു സ്ഥലം ദുബായ് പോർട്ടിന്റെ കീഴിലായി എന്നതാണ്. തൊഴിൽപ്രശ്നങ്ങളും പരിസ്ഥിതി പ്രത്യാഘാതങ്ങളും വേറെ.

*നിലവിലുണ്ടായിരുന്ന എൻ. എച്ച് 47 പാത.*

പാതയുടെ വശങ്ങളിലുണ്ടായിരുന്നവരെ ഒഴിപ്പിച്ച് സ്ഥലമെടുത്ത് സ്വകാര്യകമ്പനിയെ ഏൽപ്പിച്ചു. ചില്ലറ മെയ്ന്റനൻസും രണ്ടുമൂന്നു പാലങ്ങളും പണിത് ഈ റോഡ് ഇടപ്പള്ളി മുതൽ മണ്ണൂത്തി വരെ സ്വകാര്യകമ്പനിയുടെ നിയന്ത്രണത്തിലായി. കനത്ത ടോൾ പിരിക്കാൻ തുടങ്ങി. സമാന്തര റോഡും അടപ്പിച്ചു. റോഡിലൂടെ കടന്നുപോകുന്നവർ മാത്രമല്ല, പ്രദേശവാസികളുടെ ടോൾ തദ്ദേശഭരണസ്ഥാപനങ്ങൾ നൽകുന്നതോടെ പ്രദേശത്ത് ജീവിക്കുന്നവരും ടോൾ വിഹിതം കൊടുക്കാൻ നിർബന്ധിതരാവുന്നു. ചുരുക്കത്തിൽ ഇന്ന് വികസനത്തിന്റെ പേരുപറഞ്ഞ് വരുന്ന ഓരോ പദ്ധതിയുടെ ഭാഗമായും ചേരികളും കോളനികളും തൊഴിലില്ലാത്തവരും വീടില്ലാത്തവരും കുടിവെള്ളം കിട്ടാത്തവരും രോഗികളും വർദ്ധിക്കുന്നു. പിടിച്ചെടുത്ത സ്ഥലത്തിന്റെ അധികാരം സ്വകാര്യവ്യക്തികളിൽ കേന്ദ്രീകരിക്കുന്നു. ഇതുമൂലമുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനം, ശുദ്ധജലനഷ്ടം, മലിനീകരണം, കൃഷിയുൽപ്പാദനത്തിലെ കുറവ്, പ്രദേശവാസികളുടെ തൊഴിൽ നഷ്ടം ഇതെല്ലാം സാധാരണക്കാർ അനുഭവിക്കേണ്ടിവരുന്നു.

ഇന്നുപറയുന്നതുപോലെ ഭൂമിയുടെ രാഷ്ട്രീയമെന്നത് ജീവിതത്തിൽ നിന്നും വേറിട്ട വികസനവിരോധികളുടെ പരിസ്ഥിതി ഫണ്ടമെന്റലിസമല്ല. അത് മനുഷ്യരുടെ നിലനിൽപ്പിന്റെ രാഷ്ട്രീയമാണ്. ഈ തിരിച്ചറിവിലായിരിക്കണം ജനങ്ങളോട് ബാധ്യതയുള്ള സർക്കാർ ഭൂമിയുമായി ബന്ധപ്പെട്ട നിയമനിർമ്മാണം നടത്തേണ്ടത്. ഇത്തരത്തിലുള്ള നിയമങ്ങൾ രൂപപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്യാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടത് ഈ ഭൂമിയിൽ ജീവിക്കാനാഗ്രഹിക്കുന്ന മനുഷ്യരുടെ ബാധ്യതയാണ്. ●

വായനാനുഭവം

ഗായത്രി കെ.പി.

# പെൺമയുടെ ഉടലെഴുത്ത്

## പാപത്തറ മുൻനിർത്തി ഒരു വിചിന്തനം




കലാസാഹിത്യസൃഷ്ടികൾ സൗന്ദര്യാസ്വാദനത്തിനുള്ള കേവലമായ ഉപാധികളാണ് എന്ന ധാരണ ഇന്ന് തിരുത്തപ്പെട്ടിട്ടുണ്ട്. സാഹിത്യകൃതികളിൽ പ്രതിനിധാനം ചെയ്യപ്പെടുന്ന ബന്ധങ്ങളിലെ അധികാരഘടന ഇന്ന് വിമർശനത്തിന്റെ വിഷയമാണ്. സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധങ്ങൾ ഈ വിമർശനങ്ങളിൽ പെടുന്നു. ചരിത്രത്തിൽ തമസ്കരണത്തിനും തിരസ്കരണത്തിനും കീഴ്പ്പെട്ടിരുന്ന സ്ത്രീ, അവരെ നിയന്ത്രിച്ചിരുന്ന സാംസ്കാരികയുക്തികൾ ആൺകോയ്മാവ്യവസ്ഥിതിയുടേതാണെന്ന് തിരിച്ചറിയുകയും പ്രതിരോധത്തിലൂടെ സ്വത്വസ്ഥാപനം നടത്തുകയും ചെയ്യുന്നു. സ്ത്രീവാദദർശനത്തെ മുൻനിർത്തി സാറാ ജോസഫിന്റെ കഥകളിലെ സ്ത്രീസ്വത്വാവിഷ്കാരത്തെ വിശകലനം ചെയ്യാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

**സ്ത്രീവാദദർശനം**

സ്ത്രീകൾ അനുഭവിക്കുന്ന അവഗണനയ്ക്കും പാർശ്വവൽക്കരണത്തിനും എതിരെയുള്ള അവരുടെ പ്രതികരണവും പ്രതിഷേധവുമാണ് സ്ത്രീവാദം (Feminism). പുരുഷൻ സ്ത്രീയുടെ മേൽ ആധിപത്യം സ്ഥാപിക്കുന്നത് മാനസികവും ഭൗതികവും ബൗദ്ധികവുമായ ഘടകങ്ങളിലൂടെയാണ്. സ്ത്രീയ്ക്കും പുരുഷനോടൊപ്പം സാമൂഹികമായും രാഷ്ട്രീയമായും സമത്വം വേണമെന്നുള്ള വിശ്വാസപ്രമാണമായി സ്ത്രീവാദത്തെ കാണാം. ജീവശാസ്ത്രപരമായ വ്യത്യാസത്തെ ഉൾകൊണ്ടുകൊണ്ടു തന്നെ സ്ത്രീ സ്വയം തിരിച്ചറിയുകയും ആ തിരിച്ചറിവിന്റെ ഉള്ളറകളിൽ നിന്നും ആർജ്ജിച്ചെടുത്ത സവിശേഷതകളിലൂടെ പുരുഷാധിപത്യവ്യവസ്ഥയെ വെല്ലുവിളിക്കുകയുമാണ് ഈ പ്രസ്ഥാനം ചെയ്യുന്നത്. നിലവിലിരിക്കുന്ന സാമൂഹിക സാമ്പത്തികക്രമ

ത്തിന്റെ ചില വശങ്ങളെ ചോദ്യം ചെയ്തുകൊണ്ടുമാത്രമേ സ്ത്രീയുടെ പുനർനിർമ്മിതി സാധ്യമാകൂ എന്ന് സ്ത്രീവാദികൾ കരുതുന്നു. പാശ്ചാത്യസമൂഹത്തിന്റെ ഉൽപ്പന്നമാണ് ഫെമിനിസം. അതിനെ കൃത്യമായ നിർവ്വചനത്തിനുള്ളിൽ ഒതുക്കുക സാധ്യമല്ല. സാമാന്യമായി പറഞ്ഞാൽ, സ്ത്രീകളുടെ അവകാശങ്ങൾ നേടിയെടുക്കാനായി സ്ത്രീകൾ നടത്തുന്ന സ്ത്രീകളുടെ പ്രസ്ഥാനമാണ് ഫെമിനിസം. അത് സ്ത്രീവിമോചനപ്രസ്ഥാനമെന്നും അറിയപ്പെടുന്നു. ലിംഗപദവിയിലുള്ള സമത്വം, ലൈംഗികസ്വാതന്ത്ര്യം, പുനരുൽപ്പാദനാവകാശം,തൊഴിൽമേഖലയിലുള്ള തുല്യത എന്നിവയ്ക്കായാണ് ഫെമിനിസ്റ്റുകൾ നിലകൊള്ളുന്നത്. ആധിപത്യമനോഭാവത്തിനും വിവേചനത്തിനും കീഴടക്കലിനുമെതിരെയുള്ള ആശയപരമായ കലാപമാണിത്. പുരുഷൻ സ്ത്രീയോടു കാട്ടുന്ന യാഥാസ്ഥിതികവും പാരമ്പര്യാധിഷ്ഠിതവുമായ മനോഭാവത്തെയാണ് ഈ പ്രസ്ഥാനം ചോദ്യംചെയ്യുന്നത്.

> ലിംഗപദവിയിലുള്ള സമത്വം, ലൈംഗികസ്വാതന്ത്ര്യം, പുനരുൽപ്പാദനാവകാശം, തൊഴിൽമേഖലയിലുള്ള തുല്യത എന്നിവയ്ക്കായാണ് ഫെമിനിസ്റ്റുകൾ നിലകൊള്ളുന്നത്. ആധിപത്യമനോഭാവത്തിനും വിവേചനത്തിനും കീഴടക്കലിനുമെതിരെയുള്ള ആശയപരമായ കലാപമാണിത്. പുരുഷൻ സ്ത്രീയോടുകാട്ടുന്ന യാഥാസ്ഥിതികവും പാരമ്പര്യാധിഷ്ഠിതവുമായ മനോഭാവത്തെയാണ് ഈ പ്രസ്ഥാനം ചോദ്യംചെയ്യുന്നത്.

ഫെമിനിസം, സ്ത്രീയിൽ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നു. അതിന് വ്യത്യസ്തതലങ്ങളുണ്ടെങ്കിലും എല്ലാ ഫെമിനിസ്റ്റുകളും ലിംഗപരമായ അടിച്ചമർത്തലിനെ തിരിച്ചറിയുകയും പിതൃകേന്ദ്രിതത്വത്തെ തകർക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ലിംഗം, ലിംഗപദവി, പിതൃകേന്ദ്രിതവ്യവസ്ഥ എന്നിവയുടെ വിശകലനത്തിൽ അവർ ശ്രദ്ധിക്കുന്നു. ലൈംഗികമായ കീഴടക്കലുകൾ സ്ത്രീയെ എങ്ങനെ നാശത്തിലേയ്ക്ക് നയിക്കുമെന്ന് കാണിക്കുകയും പിതൃകേന്ദ്രിതമല്ലാത്ത ഒരു വ്യവസ്ഥിതിയെ അവർ അന്വേഷിക്കുകയും ചെയ്യുന്നു (Devion Victoria ,1944:16).

ജ്ഞാനവിഷയം എന്ന നിലയിൽ സ്ത്രീപക്ഷസാഹിത്യം ഒരു വായനാരീതിയുടെ ഉൽപ്പന്നമാണ്. ഫെമിനിസത്തിന്റെ, പ്രത്യയശാസ്ത്രപ്രയോഗത്തിന്റെ സൃഷ്ടിയാണത്. പുരുഷത്വത്തിന്റെയും സ്ത്രീത്വത്തിന്റെയും വ്യത്യാസം സംബന്ധിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന സ്ഥലനിരപേക്ഷവും കാലാതിവർത്തിയുമായ മാമൂൽധാരണകളുടെ നിരാകരണമാണ് ഈ പ്രത്യയശാസ്ത്രപ്രയോഗത്തിന്റെ കേന്ദ്രബിന്ദു. സമൂഹത്തിൽ മേൽക്കോയ്മയുള്ള പ്രത്യയശാസ്ത്രത്തെ അതിനുള്ളിൽതന്നെയുള്ള അപകേന്ദ്രീകരിക്കപ്പെട്ട ഒരു സ്ഥാനത്ത് നിലയുറപ്പിച്ചുകൊണ്ട് പ്രതിരോധിക്കുകയാണ് ഫെമിനിസം ചെയ്യുന്നത്. സമൂഹത്തിലെ പരമ്പരാഗതവും അംഗീകൃതവുമായ ശ്രേണികളുടെ കീഴ്മേൽ മറിച്ചിൽ ഈ പ്രതിരോധത്തിൽ അന്തർഭവിച്ചിട്ടുണ്ട്. ഇതിനുവേണ്ടി രാഷ്ട്രീയമായ – ലിംഗരാഷ്ട്രീയത്തിന്റേതായ – ഒരു ഭാഷതന്നെ ഫെമിനിസം സൃഷ്ടിക്കുന്നു. സമൂഹത്തിൽ മേൽക്കോയ്മയുള്ളതും അനുഭവത്തെ ആധികാരികമായി പ്രതിഫലിപ്പിക്കുവാൻ കഴിവുള്ളതെന്ന് പാരമ്പര്യവാദികൾ കരുതുന്നതുമായ മുഖ്യധാരാഭാഷയിൽ നിന്നും വ്യത്യസ്തമായ ഒരു ഭാഷകൂടിയാണിത്. ഭാഷ, ലോകത്തെ നോക്കാനുള്ള, അറിയാനുള്ള ഒരു രീതി കൂടിയാണല്ലോ. ഫെമിനിസ്റ്റുചിന്തയുടെ ഈ നോട്ടമാണ് സ്ത്രീസാഹിത്യം എന്ന ജ്ഞാനവിഷയത്തെ ഉൽപ്പാദിപ്പിച്ചെടുക്കുന്നത് (രവീന്ദ്രൻ,പി.പി.,1999:48).

സ്ത്രീവാദസമീപനങ്ങൾ പാശ്ചാത്യചിന്തയിൽ വേരുകളാഴ്ത്തിയത് 1960 – കളിലാണെങ്കിലും അതിനുമുൻപ് 18 –ാം നൂറ്റണ്ടിന്റെ അന്ത്യദശകത്തിൽ തന്നെ സ്ത്രീക്ക് സമൂഹം കല്പിച്ച അധമമനോഭാവത്തിനും ചൂഷിതാവസ്ഥയ്ക്കുമെതിരെ സ്ത്രീചിന്തകൾ ഉണർന്നിരുന്നു. മേരി വുൾസ്റ്റൺക്രാഫ്റ്റ് രചിച്ച *എ വിൻഡിക്കേഷൻ ഓഫ് ദി റൈറ്റ്സ് ഓഫ് വുമൺ* (A vindication of the rights of women - 1792) സ്ത്രീവർഗ്ഗത്തിന്റെ അവകാശങ്ങൾക്കും അന്തസ്സിനും വേണ്ടി പ്രകാശിതമായ ആദ്യഗ്രന്ഥമാണ്. ഫെമിനിസത്തെ അതിന്റെ വളർച്ചയെ അടിസ്ഥാനപ്പെടുത്തി രണ്ടുഘട്ടങ്ങളായിത്തിരിക്കാം. 1830 മുതൽ 1930 വരെയുള്ള ആദ്യഘട്ടം. അതിനുശേഷമുള്ള രണ്ടാം ഘട്ടം. 1960 –കളോടെയാണ് സ്ത്രീവാദപ്രസ്ഥാനം ശക്തിപ്രാപിച്ചത്. ലിബറൽ ഫെമിനിസം (ഉദാര സ്ത്രീവാദം), റാഡിക്കൽ ഫെമിനിസം (മൗലിക സ്ത്രീവാദം),

മാർക്സിസ്റ്റ് ഫെമിനിസം, സോഷ്യലിസ്റ്റ് ഫെമിനിസം എന്നിങ്ങനെ നാലു വ്യത്യസ്ത ചിന്താധാരകളിലൂടെയാണ് അത് വളർന്നുവന്നത്. സ്ത്രീകളുടെ വിദ്യാഭ്യാസം, വ്യക്തിസ്വാതന്ത്ര്യം,സാമൂഹിക സ്വാതന്ത്ര്യം, എല്ലാ മേഖലകളിലും പുരുഷനോടൊപ്പമുള്ള തുല്യത എന്നീ ആശയങ്ങൾക്കു വേണ്ടി നിലകൊള്ളുന്ന ഫെമിനിസ്റ്റുധാരയാണ് ലിബറൽ ഫെമിനിസം.നവോത്ഥാനചിന്താപദ്ധതി ഉയർത്തിയ സ്വാതന്ത്ര്യബോധത്തിൽ നിന്നും ഉദയം കൊണ്ട ആശയമാണിത്.നിലനിൽക്കുന്ന വ്യവസ്ഥിതിയോട് കലഹിക്കാതെ സാമൂഹ്യവ്യവസ്ഥകളെ ബോധവൽക്കരണത്തിലൂടെ പരിവർത്തിപ്പിക്കാനാണ് അവർ ശ്രമിച്ചത്. ഇംഗ്ളണ്ടിലെ മേരി വുൾസ്റ്റൺ ക്രാഫ്റ്റ്, ഹാരിയറ്റ് ടെയ്‌ലർ എന്നിവർ അതിന്റെ ആദ്യകാല വക്താക്കളാണ്. ഇന്ത്യയിലെ സ്ത്രീപക്ഷവാദികൾ ഏറെയും ഈ ആശയധാരയെ പിൻതുടരുന്നവരാണ്. റാഡിക്കൽ ഫെമിനിസം ഇതിലും തീഷ്ണമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ലിംഗാധിഷ്ഠിതവിവേചനത്തെ അവർ നിശിതമായി വിമർശിക്കുന്നു. സ്ത്രീയുടെയും പുരുഷന്റെയും ജീവശാസ്ത്രപരമായ വ്യത്യാസം സ്ത്രീയെ അടിച്ചമർത്താനുള്ള മർദ്ദനോപാധിയായിക്കാണുന്ന പുരുഷമനോഭാവത്തെ അവർ എതിർക്കുന്നു. ഈ മേൽക്കോയ്മ അധികാരരാഷ്ട്രത്തിന്റെ ഗൂഢതന്ത്രമായി അവർ തിരിച്ചറിയുന്നു. കേറ്റ് മില്ലറ്റ്, ഷൂലാമത് ഫയർസ്റ്റോൺ തുടങ്ങിയവർ ഇതിന്റെ മുഖ്യവക്താക്കളാണ്. ഈ ദർശനത്തിന്റെ വളർച്ചയിൽ മുഖ്യപങ്കുവഹിച്ച കൃതിയാണ് കേറ്റ് മില്ലറ്റിന്റെ *ലൈംഗിക രാഷ്ട്രീയം* (Sexual politics - 1968).

മാർക്സിസ്റ്റ് തത്വശാസ്ത്രവുമായി ബന്ധം പുലർത്തുന്ന

റാഡിക്കൽ ഫെമിനിസം ഇതിലും തീഷ്ണമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ലിംഗാധിഷ്ഠിതവിവേചനത്തെ അവർ നിശിതമായി വിമർശിക്കുന്നു. സ്ത്രീയുടെയും പുരുഷന്റെയും ജീവശാസ്ത്രപരമായ വ്യത്യാസം സ്ത്രീയെ അടിച്ചമർത്താനുള്ള മർദ്ദനോപാധിയായിക്കാണുന്ന പുരുഷമനോഭാവത്തെ അവർ എതിർക്കുന്നു.

സ്ത്രീവിമോചനപ്രസ്ഥാനമാണ് മാർക്സിസ്റ്റ് ഫെമിനിസം. സ്വാതന്ത്യം, സമത്വം,ചൂഷണത്തിൽ നിന്നുള്ള മോചനം എന്നീ ആശയപ്രമാണങ്ങളിൽ വിശ്വസിക്കുന്ന മാർക്സിസ്റ്റ് പ്രത്യയശാസ്ത്രം സ്ത്രീപുരുഷ വ്യത്യാസം, ലിംഗപരമായ അനീതി എന്നിവയെക്കുറിച്ചൊന്നും പ്രതിപാദിച്ചിരുന്നില്ല. അതിനാൽ ആ ചിന്താപദ്ധതിയ്ക്ക് തിരുത്തൽ നൽകി ലിംഗാധിഷ്ഠിതപ്രശ്നങ്ങൾ ഉൾകൊള്ളാനും ആധുനികവൽക്കരിക്കാനും മാർക്സിസ്റ്റ് ഫെമിനിസ്റ്റുകൾ തയ്യാറായി. ക്ളാരസെറ്റ് കീൻ, എമ്മ ഗോൽഡ്മാൻ എന്നിവർ ഇതിന്റെ ആദ്യകാലവക്താക്കളാണ്. സോഷ്യലിസ്റ്റ് വീക്ഷണം പുലർത്തുന്ന സ്ത്രീവാദദർശനമാണ് സോഷ്യലിസ്റ്റ് ഫെമിനിസം. ആർത്ഥികമായ ഉച്ചനീചത്വമാണ് മനുഷ്യസമൂഹത്തെ രണ്ടുവർഗ്ഗങ്ങളാക്കുന്നത്. സമൂഹത്തിന്റെ നിലനിൽപ്പിനാവശ്യമായ ഉൽപ്പാദനപ്രക്രിയയുടെ പിന്നിലെ പ്രേരക പോഷകശക്തിയായി കുടുംബജീവിതത്തെയും ഗാർഹികവേലയെയും കാണുന്ന ഇവർ, സ്ത്രീവിമോചനത്തെ തൊഴിലാളിവർഗ്ഗത്തിന്റെ മോചനവുമായി ബന്ധപ്പെടുത്തി ചിന്തിക്കുന്നു. ദാരിദ്ര്യവും സ്ത്രീചൂഷണവും അവസാനിപ്പിക്കാതെ ഫെമിനിസ്റ്റു പ്രസ്ഥാനത്തിന് മുന്നേറാൻ കഴിയുകയില്ല എന്ന ചിന്തയിൽ നിന്നാണ് സോഷ്യലിസ്റ്റു ഫെമിനിസം ഉടലെടുത്തത്. പരസ്പരബന്ധിതങ്ങളായ രണ്ട് അധികാരവ്യവസ്ഥകൾക്കെതിരെ - മുതലാളിത്ത, പുരുഷാധികാരത്തിനെതിരെ - വിന്യസിച്ചു നിർത്താവുന്ന രാഷ്ട്രീയ തന്ത്രങ്ങളെയാണ് ഈ സ്ത്രീവാദ ദർശനം അനുകൂലിക്കുന്നത്.

## സ്ത്രൈണതയുടെ വിഭിന്നമുഖങ്ങൾ

ചരിത്രം പുരുഷൻമാരുടേതു മാത്രമല്ല സ്ത്രീകളുടേതുകൂടിയാണ് എന്ന തിരിച്ചറിവിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട സ്ത്രീവാദദർശനം കഴിഞ്ഞനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് മലയാളസാഹിത്യത്തിൽ പ്രചാരം നേടിയത്. പുരുഷൻ സ്വവീക്ഷണത്തിലൂടെ ആവിഷ്കരിച്ചിരുന്ന സ്ത്രീസ്വത്വസങ്കല്പങ്ങളെ തകിടം മറിച്ചു കൊണ്ട്, സാമൂഹികവ്യവസ്ഥയും സാഹിത്യഭാഷയുമൊക്കെ അവന്റെ നിർമ്മിതിയാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട്, സ്വതന്ത്രവും ധീരവുമായി സ്വത്വാവിഷ്കാരം നടത്താൻ സ്ത്രീവാദസാഹിത്യകാരികൾ ഇന്നു ശ്രമിക്കുന്നുണ്ട്. ആ തിരിച്ചറിവിൽ നിന്നുകൊണ്ട് പുരുഷകേന്ദ്രിതവ്യവസ്ഥയോട് അവർ നിരന്തരം കലഹം പ്രഖ്യാപിക്കുന്നു. ഇത്തരം രചനകളിലൂടെ അനഭവതീവ്രതനിറഞ്ഞ യാഥാർത്ഥ്യങ്ങളെ ആവിഷ്കരിക്കാനുള്ള ഇടങ്ങൾ കണ്ടെത്തുകയാണ് അവർ ചെയ്യുന്നത്. സാറാ ജോസഫിന്റെ കഥകൾ ഇത്തരത്തിലുള്ള ശ്രമങ്ങളുടെ പ്രത്യക്ഷീകരണങ്ങളാണ്.

1970-കളിലാണ് സാറാ ജോസഫിന്റെ *മനസ്സിലെ തീ മാത്രം* (1977), *കാടിന്റെ സംഗീതം*

*പാപത്തറ*യുടെ ആമുഖത്തിൽ കഥാകാരി ഇങ്ങനെ പറയുന്നു: പെണ്ണായി ജനിച്ചതിൽ ഞാൻ അഭിമാനിക്കുന്നു. പെൺമയുടെ വാഗ്ദാനങ്ങൾക്ക് കാതോർക്കുന്ന യുഗത്തിൽ ജീവിക്കാൻ കഴിയുന്നത് ഭാഗ്യമായി ഞാൻ കരുതുന്നു. ഞാൻ ഒരെഴുത്തുകാരൻ അല്ലാത്തതുകൊണ്ട് തന്നെ, എനിക്ക് നിലനിൽക്കുന്ന അധിശവർഗ്ഗമൂല്യങ്ങളെ പുനരുല്പാദിപ്പിക്കേണ്ടതില്ല. അധീശവർഗ്ഗമൂല്യങ്ങൾ പെണ്ണിനെതിരാണ്. അത് ജാതിയിൽ താണവർക്കെതിരായതുപോലെ, അത് വർണ്ണത്തിലും വർഗ്ഗത്തിലും താഴ്ന്നവർക്കെതിരായതുപോലെ, പെണ്ണിനും എതിരാണ്.

(1979) എന്നീ കഥാസമാഹാരങ്ങൾ ആദ്യമായി പ്രസിദ്ധീകൃതമായത്. ഈ രണ്ടു സമാഹാരങ്ങൾ ഒരുമിച്ചു ചേർത്ത് *കാടിന്റെ സംഗീതം* എന്ന പേരിൽ 2001-ൽ പുനഃപ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ തന്റെ കഥകളെ കഥാകാരി പുനർവായനയ്ക്ക് വിധേയമാക്കുന്നുണ്ട്. *പാപത്തറ* (1990)യിലെ കഥകൾക്കുള്ള കാരണങ്ങളാണ്, ആദ്യകാലകഥകളിൽ കാണാനാവുകയെന്ന് അവർ അഭിപ്രായപ്പെടുന്നു (സാറാ ജോസഫ്, 2001:14). ഫെമിനിസം, പെണ്ണെഴുത്ത് എന്നീ സംജ്ഞകൾ മലയാള സാഹിത്യത്തിൽ വ്യാപിക്കുന്നതിനു മുൻപുണ്ടായ ഈ കഥകളിൽ പ്രണയശൈഥില്യങ്ങളും വൈവാഹിക ജീവിതത്തിലെ ശ്രുതിഭംഗങ്ങളും മരണഭയങ്ങളും പ്രമേയവൽക്കരിക്കപ്പെട്ടിരിക്കുന്നു. ദാമ്പത്യജീവിതത്തിലെ പൊരുത്തക്കേടുകളും അതിൽ നിന്നുടലെടുക്കുന്ന പ്രശ്നങ്ങളുമാണ് *മനസ്സിലെ തീ മാത്രം*, *കാടിന്റെ സംഗീതം*, *ഫയലുകൾ*, *ദിനാന്ത്യം*, *മഴ* തുടങ്ങിയുള്ള കഥകളിലെ പ്രമേയം. പുരുഷാധിപത്യ പ്രവണതയോട് നേരിട്ട് കലഹം പ്രഖ്യാപിക്കുന്ന സ്ത്രീകൾ ഈ കഥകളിൽ ദൃശ്യമല്ല. സ്വത്വനാശം സംഭവിച്ച സ്ത്രീയുടെ സംഭ്രാന്തമായ അവസ്ഥകളാണ് അവയിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. വി.ആർ. സുധീഷ് സാറാ ജോസഫിന്റെ ആദ്യകാലകഥകളെ ഇങ്ങനെ വിലയിരുത്തുന്നു: സ്വത്വനാശം വന്ന, വിരസതയുടെ ദുരിതം പിടിച്ച സ്ത്രീത്വമാണ് ഈ കഥകളിലെ കാഴ്ചകേന്ദ്രം. കിറുക്കുപിടിച്ച സ്ത്രൈണാത്മാവുകളുടെ പിടച്ചിലുകൾ ക്രൂരമായ തണുത്ത നിശബ്ദതയുടെ പശ്ചാത്തലത്തിൽ ഇവിടെ ചിത്രങ്ങളായി തെളിയുന്നു (സാറാ ജോസഫ്, 2001:16).

സ്ത്രീവാദപ്രസ്ഥാനം 1980-കളോടെ മലയാളസാഹിത്യസമീപനത്തിൽ പരിവർത്തനങ്ങൾക്കിട നൽകിയപ്പോൾ, അത് കഥാകാരിയുടെ കാഴ്ചപ്പാടിലും മാറ്റങ്ങൾ വരുത്തി. അതിന്റെ പരിണിതഫലങ്ങളാണ് പിന്നീടുണ്ടായ കഥാസമാഹാരങ്ങൾ. *പാപത്തറ* (1990), *നിലാവറിയുന്നു* (1994), *ഒടുവിലത്തെ സൂര്യകാന്തി* (1998), *കാടിതു കണ്ടായോ കാന്താ* (2001), *പുതുരാമായണം* (2006) എന്നീ സമാഹാരങ്ങളെല്ലാം ഫെമിനിസ്റ്റു സമീപനം വ്യക്തമാക്കുന്നുണ്ട്. ഇവിടെ പുരുഷനെ ശത്രുപക്ഷത്തു നിർത്തിക്കൊണ്ട്, പ്രതിരോധത്തിന്റേതായ ഭാഷ സൃഷ്ടിക്കുകയാണ് കഥാകാരി. പുരുഷനെയല്ല, പുരുഷാധിപത്യ വ്യവസ്ഥയിലൂടെ പുറത്തുവരുന്ന ചൂഷണങ്ങളെയാണ് അവർ വിമർശനത്തിനു വിധേയമാക്കുന്നത്. വ്യവസ്ഥകൾക്കുള്ളിൽ കുടുങ്ങിക്കിടക്കുന്ന സ്ത്രീ, അതിനെ തകർത്തുകൊണ്ട് സ്വത്വസ്ഥാപനത്തിനായി അധികാരത്തോട് പോരടിക്കുന്ന കാഴ്ച ആ കഥകളിൽ പ്രകടമാണ്. *പാപത്തറ* എന്ന സമാഹാരത്തെ മുൻനിർത്തി സാറാ ജോസഫിന്റെ കഥകളിലെ സ്ത്രൈണാവിഷ്കാരത്തെ വിശകലനം ചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത്.

*പാപത്തറ*യുടെ ആമുഖത്തിൽ കഥാകാരി ഇങ്ങനെ പറയുന്നു: പെണ്ണായി ജനിച്ചതിൽ ഞാൻ അഭിമാനിക്കുന്നു. പെൺമയുടെ വാഗ്ദാനങ്ങൾക്ക് കാതോർക്കുന്ന യുഗത്തിൽ ജീവിക്കാൻ കഴിയുന്നത് ഭാഗ്യമായി ഞാൻ കരുതുന്നു. ഞാൻ ഒരെഴുത്തുകാരൻ അല്ലാത്തതുകൊണ്ട് തന്നെ, എനിക്ക് നിലനിൽക്കുന്ന അധീശവർഗ്ഗമൂല്യങ്ങളെ പുനരുല്പാദിപ്പിക്കേണ്ടതില്ല. അധീശവർഗ്ഗമൂല്യങ്ങൾ പെണ്ണിനെതിരാണ്. അത് ജാതിയിൽ താണവർക്കെതിരായതുപോലെ, അത് വർണ്ണത്തിലും വർഗ്ഗത്തിലും താഴ്ന്നവർക്കെതിരായതുപോലെ, പെണ്ണിനും എതിരാണ്. ലിംഗപരമായ മേധാവിത്വത്തിൻ കീഴിൽ സ്വന്തം ശരീരത്തിൻമേലുള്ള സ്വയം നിർണ്ണയാവകാശം പോലും എടുത്തുകളയപ്പെട്ടിട്ടുള്ള പെണ്ണിന്റെ ലോകത്തെക്കുറിച്ച്, ഭയലേശമില്ലാതെ എഴുതുക എന്നതാണ് എന്റെ കർത്തവ്യം (സാറാ ജോസഫ്, 1990:7). ഈ വചനങ്ങൾ അവരുടെ കഥാലോകത്തിന്റെ

പൊതുബോധത്തെയാണ് അട യാളപ്പെടുത്തുന്നത്.

സാറാ ജോസഫിന്റെ കഥ കൾക്കുള്ള തീഷ്ണമായ ഒരാമു ഖമായി സച്ചിദാനന്ദൻ വിലയിരു ത്തിയിട്ടുള്ള കഥയാണ് *ഓരോ എഴുത്തുകാരിയുടെ ഉള്ളിലും* (സാറാ ജോസഫ്, 1990:19). ഭാര്യയും മാതാവുമായ ഒരു എഴുത്തുകാരി അനുഭവിക്കുന്ന ആത്മസംഘർഷങ്ങളുടെ ആവി ഷ്കാരമായി ഈ കഥയെ കാണാം. വെർജീനിയ വൂൾഫിന്റെ *സ്വന്തമായൊരു മുറി* (A Room of Ones own - 1929) എന്ന കൃതിയുടെ സ്വാധീനം കഥയിൽ പ്രകട മാണ്. സ്ത്രീയ്ക്ക് ദൈനംദിന ജീവിതത്തിന്റെ തിരക്കുകൾക്കി ടയിൽ നിന്ന് അകന്നുമാറി, ആരുടെയും ശല്യമില്ലാതെ ധ്യാനിക്കുവാനും എഴുതു വാനും സ്വയം വിമർശിക്കു വാനും സ്വതന്ത്രമായൊരിടം അനിവാര്യമാണെന്ന് വെർജീ നിയ വൂൾഫ് അഭിപ്രായപ്പെടു ന്നുണ്ട്. കഥയിൽ, സർഗ്ഗസൃഷ്ടി യുടെ രൂപപ്പെടുത്തലിനായി, ഭർത്താവായ പുരുഷോത്തമന്റെ വാക്കുകളെ ധിക്കരിച്ചുകൊണ്ട് *മേബിൾ അമ്മായിയുടെ വീട്* എന്ന സങ്കല്പലോകത്തേയ്ക്ക് എഴുത്തുകാരി യാത്രതിരിക്കുക യാണ്. ആ വീടിനെക്കുറിച്ച് അവർ ഇങ്ങനെ ചിന്തിക്കുന്നു: അനന്തമായി തുറന്നുകിടക്കുന്ന കടലോരമാണ് അതിന്റെ പശ്ചാ ത്തലം. എഴുതാനും വായിക്കാ നുമായി ചക്രവാളം ദൃശ്യമാ കുന്ന മൂന്നു ജാലകങ്ങളുള്ള ഒരു മുറി എനിക്കവിടെ സ്വന്ത മായുണ്ട്. മേബിൾ അമ്മായി ഒരിക്കലും എന്റെ ചിന്തക ളിൻമേൽ ഒരു വിഴുപ്പുതുണി വിരിക്കുന്നില്ല. എന്റെ മനസ്സിൽ രൂപപ്പെട്ടുവരുന്ന ആശയ ങ്ങൾക്ക് മീതെ അവർ ഒരാട്ടുക ല്ലെടുത്തു വയ്ക്കുന്നില്ല (സാറാ ജോസഫ്, 1990:52).

ഇവിടെ മേബിൾ അമ്മായി യുടെ വീട് എല്ലാ എഴുത്തുകാ രികളും എത്തിച്ചേരാൻ ആഗ്ര ഹിക്കുന്ന, പുരുഷാധിപത്യ വ്യവസ്ഥിതിയുടെ കടന്നുകയറ്റ മില്ലാത്ത സ്വച്ഛവും സ്വതന്ത്രവു മായ ഒരിടമാണ്. തന്നെപ്പോലെ സമാനചിന്താഗതിയോടും അനു ഭൂതിയോടും കൂടിയ ജയദേവ നെയും അവൾ അവിടെ പ്രതീ ക്ഷിക്കുന്നു. സ്ത്രീയെ, അവ ളുടെ സർഗ്ഗവൈഭവം തിരിച്ചറി ഞ്ഞ്, അതിനു വളരാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കാ തെ, കുടുംബവ്യവഹാരത്തിനു ള്ളിൽ തളച്ചിടുന്ന ആൺകോ യ്മയെ ചോദ്യം ചെയ്യുന്നതോടൊപ്പം തന്നെ, സ്വതന്ത്ര വ്യക്തിയായി കാണു കയും മാനിക്കുകയും ചെയ്യുന്ന ഉത്തമസൗഹൃദമാണ് പുരുഷ നിൽ നിന്ന് സ്ത്രീ പ്രതീക്ഷി ക്കുന്നത് എന്ന സൂചനയും ഈ കഥ നൽകുന്നുണ്ട്. ശാന്തസുന്ദ രമായ സങ്കല്പലോകത്തിലൂടെ ആൺകോയ്മാവ്യവസ്ഥിതി യുടെ അധികാരഗർവ്വിനെ പ്രതി രോധിക്കുകയാണ് എഴുത്തുകാ രി.

*ഓരോ എഴുത്തുകാരിയുടെ ഉള്ളിലും* എന്ന കഥയുടെ അവ സാനം ഭർത്താവായ പുരുഷോ ത്തമനെ എതിർത്തുകൊണ്ട്, എഴുത്തുകാരിയാകാനുള്ള തന്റെ സ്വാതന്ത്ര്യം പ്രഖ്യാപിച്ച് വീടുവിട്ടിറങ്ങുന്ന നായികയുടെ മുടിയഴിഞ്ഞ് ആകാശം മുട്ടുന്ന തായി പരാമർശമുണ്ട്. അഴി ഞ്ഞുകിടക്കുന്ന മുടി സ്വത്വപ്ര കാശനത്തിന്റെ ചിഹ്നമായി നില കൊള്ളുന്നു. ഈ ചിഹ്നം കൂടു തൽ ശക്തമായി അടയാളപ്പെടു ത്തുന്ന കഥയാണ് *മുടിത്തെയ്യമു റയുന്നു* എന്നത്. ലളിതയുടെ അഴിഞ്ഞുകിടക്കുന്ന സമൃദ്ധ മായ മുടി അച്ഛനെയും ചേട്ട നെയും ഭർത്താവിനെയും കോപാകുലരാകുന്നുണ്ട്. വിവാ ഹശേഷം സനാതനന്റെ മുമ്പിൽ മുടി വിടർത്തിയിട്ടുകൊണ്ട്, കന്മഷമില്ലാതെ സ്വയം ആവി ഷ്കരിക്കാൻ ശ്രമിച്ച അവളെ വെറും ഭോഗവസ്തുവായി മാത്രമാണ് അയാൾ കണ്ടത്. തുടർന്ന് ലളിത, രുദ്രയായി മാറുന്നു. കാവിലെ ഭഗവ തിയുടെ ഭഗമായിട്ടാണ് അവത രിപ്പിച്ചിരിക്കുന്നതെന്ന് അവർ തിരിച്ചറിയുന്നു. അവൾ കാണുന്ന സ്വപ്നത്തിലെ തടാ കം, മേബിൾ അമ്മായിയുടെ വീട് തന്നെയാണ്. പുരുഷൻ ചിന്തിക്കുകയും അതിനനുസ രിച്ച് രൂപപ്പെടുത്തുകയും ചെയ്ത സ്ത്രീകഥാപാത്രങ്ങ ളിൽ നിന്ന് വ്യത്യസ്തമായി സ്ത്രീലോകത്തിന്റേതായ അനു ഭൂതി വൈചിത്ര്യങ്ങളെയാണ് ഇവിടെ കഥാകാരി വരച്ചുകാട്ടു ന്നത്.

*ചാവുനിലം*, *ബലിദാനം*, *പാതാളപ്പടികൾ*, *പാപത്തറ*,

*ഓരോ എഴുത്തുകാരിയുടെ ഉള്ളിലും* എന്ന കഥയുടെ അവസാനം ഭർത്താവായ പുരുഷോത്തമനെ എതിർത്തു കൊണ്ട്, എഴുത്തുകാരിയാകാനുള്ള തന്റെ സ്വാതന്ത്ര്യം പ്രഖ്യാപിച്ച് വീടുവിട്ടിറങ്ങുന്ന നായികയുടെ മുടിയഴിഞ്ഞ് ആകാശം മുട്ടുന്നതായി പരാമർശമുണ്ട്. അഴിഞ്ഞുകിടക്കുന്ന മുടി സ്വത്വപ്രകാശനത്തിന്റെ ചിഹ്നമായി നിലകൊള്ളുന്നു. ഈ ചിഹ്നം കൂടുതൽ ശക്തമായി അടയാളപ്പെടുത്തുന്ന കഥയാണ് *മുടിത്തെയ്യമുറയുന്നു* എന്നത്.

*പ്രകാശിനിയുടെ മക്കൾ* എന്നീ കഥകളെല്ലാം അമ്മമാരുടെ വ്യത്യസ്ത മുഖങ്ങളെയാണ് കാണിച്ചുതരുന്നത്. *ചാവുനില* ത്തിലെ അമ്മ, പ്രകൃതിയും ഭൂമി യുമാണ്. അവർ സ്നേഹത്തി ന്റെയും ഐക്യത്തിന്റെയും കാവൽക്കാരികൂടിയാണ്. തമ്മിൽതല്ലി തലപൊളിച്ച് ഉണ്ണി കൾ ചത്തൊടുങ്ങിയ പടനില ത്ത്, പുതിയ ഉണ്ണിയ്ക്ക് ജന്മം നൽകിയ അമ്മ, അവനെ ക്കൊണ്ട് അപ്പമരത്തിന്റെ കുരു കുഴിച്ചിടീക്കുന്നു. അമ്മയുടെ കണ്ണീരാകുന്ന വളത്താൽ, ഉണ്ണി യുടെ ചിരിയുടെ സൂക്ഷിപ്പിൽ അപ്പമരം പൂത്ത് മണംപരക്കു മ്പോൾ, ചാവുനിലം വീണ്ടും ഊർവ്വരതയെ പ്രാപിക്കുമെന്ന് അവർ പ്രതീക്ഷിക്കുന്നു. അധി കാരകേന്ദ്രങ്ങൾ മതത്തിന്റെയും വംശത്തിന്റെയും പേരുപറഞ്ഞ് സഹോദരരുടെ ചോരചിന്തു കയും ഭൂമിയെ തരിശാക്കി മാറ്റു കയും ചെയ്യുമ്പോൾ, മാന വമൈത്രിയിൽ കഴിയുന്ന ഒരു പുതുലോകത്തെ സൃഷ്ടിക്കാൻ കഴിയുമെന്ന പ്രത്യാശയാണ് ആ അമ്മ വച്ചുപുലർത്തുന്നത്. പുരുഷൻ അധികാരവൽക്ക രണം നടത്തുന്ന ഈ ഭൂമിയിൽ സ്നേഹത്തിന്റെയും നന്മയു ടെയും പ്രതിരോധത്തിലൂടെ പുതുയുഗപ്പിറവി കാക്കുമ്പോൾ അവർ സ്ത്രീകളുടെ വിമോചന ത്തിന്റെ വക്താവുകൂടിയായി മാറുന്നു.

സ്ത്രീയെ അമ്മയായും ദേവിയായും അവരോധിക്കുന്ന തിനു പിന്നിലെ കപടനാ ട്യത്തെയാണ് *പാതാളപ്പടികൾ* തുറന്നുകാണിക്കുന്നത്. മാതൃ പൂജയുടെ ഭാഗമായി നടക്കുന്ന ഘോഷയാത്രയിൽ ശുഭ്രവസ്ത്ര ങ്ങളിൽ പൊതിഞ്ഞ് സ്വർണ്ണ പീഠത്തിൽ പ്രതിഷ്ഠിച്ചിരി ക്കുന്ന വൃദ്ധമാതാവ് അധികാര വർഗ്ഗം കാട്ടിയ ക്രൂരതയുടെ ശേഷിപ്പാണെന്ന് കഥാന്ത്യ ത്തിൽ വ്യക്തമാകുന്നു. ഭാഗ്യവി പര്യയത്താൽ നഗരപിതാവ്

*പ്രകാശിനിയുടെ മക്കൾ* എന്ന കഥയിലെ പ്രകാശിനി മക്കൾക്കു ജന്മം നൽകാനായി ഉഴുതുമറിച്ച നിലം തേടുന്നു. മനുഷ്യസ്നേഹവും നന്മയുമുള്ള ഒരു പുതു ലോകത്തിന്റെ പിറവിയാണ് ശ്യാമളയുടെയും സിദ്ധാർത്ഥന്റെയും ജനനത്തിലൂടെ അവൾ കാംക്ഷിക്കു ന്നത്. ഊർവ്വരതയുടെ സ്ഥലികൾ തേടുന്ന അവളുടെ സ്വപ്നങ്ങൾക്കെതിരായി പലതലങ്ങളും കഥയിൽ കടന്നുവരുന്നുണ്ട്. പുരുഷകേന്ദ്രിത വ്യവസ്ഥയെ പ്രതിനിധീകരിക്കുന്നതാണ് ഒരു തലം. മറ്റൊന്നാകട്ടെ മന്ത്രവാദത്തിന്റെയും ആഭിചാരക്രിയകളുടേതുമാണ്. ഈ രണ്ടുതലങ്ങളെയും പ്രതിരോധിച്ചുകൊണ്ട് സ്ത്രീ സ്വത്വപ്രകാശനത്തിന് പുതുഭാഷ്യം ചമയ്ക്കുകയാണ് കഥാകാരി ചെയ്യുന്നത്.

വാഗ്ദാനം ചെയ്ത ആവിപറ ക്കുന്ന കഞ്ഞിയാണ് അവരെ ഈ കോലംകെട്ടിച്ചത്. ഇതേ വിധത്തിൽ ബലിയാടുകളാക്ക പ്പെട്ട മറ്റ് മൂന്നമ്മമാരെക്കൂടി കഥ യിൽ ചിത്രീകരിക്കുന്നുണ്ട്. ആക്ഷേപഹാസ്യത്തിന്റെ ചേരു വകകളിലൂടെ പുരുഷാധിപത്യ സമൂഹത്തിന്റെ പൊയ്മുഖം ചീന്തിയെറിയുകയാണ് ഈ കഥയിൽ കഥാകാരി.

മാതൃത്വത്തിന്റെ സ്വപ്ന ങ്ങളെ താലോലിക്കുന്ന രണ്ടു സ്ത്രീകളുടെ അനുഭവങ്ങളും വികാരവിചാരങ്ങളുമാണ് *പാപ ത്തറ*, *പ്രകാശിനിയുടെ മക്കൾ* എന്നീ കഥകളിലെ പ്രമേയം. പെണ്ണായിരിക്കുന്നതും പെണ്ണിനെ പ്രസവിക്കുന്നതും കുറ്റമായിക്കാണുന്ന ഒരു പുരു ഷാധിപത്യ സമൂഹത്തിൽ പെണ്ണിനെ മാത്രം പ്രസവി ക്കുന്ന ലക്ഷ്മിക്കുട്ടിയുടെ മന സ്സാണ് *പാപത്തറ*യിൽ വെളിവാ ക്കുന്നത്. പെണ്ണിനെ പ്രസവിച്ച തിന്റെ പേരിൽ മരുതപ്പന്റെ ഭാര്യ തത്തമ്മ തീപിടിച്ചു കറ ങ്ങുന്നൊരു തുണിപ്പന്തമായി തലപൊട്ടിത്തെറിച്ച് മരിച്ചുവീണ ദൃശ്യം അവളുടെ മനസ്സിൽ നെഞ്ചിടിവെട്ടുകളായി വീഴുന്നു. അലറിവിളിച്ചു കരയുന്ന അവ ളുടെ മനസ്സ് കഥാകാരി ഇപ്ര കാരം അവതരിപ്പിച്ചിരിക്കുന്നു :

എനിക്കീറ്റുനോവില്ല. എന്റെ മക്കളെ ഒളിപ്പിച്ചുകടത്തോ? നിലവറക്കുണ്ടിന്റെ വാതിലുകൾ തകർത്ത് ഇടിമുഴക്കം പോലെ കാലൊച്ച മുഴക്കി കംസ നെത്തും മുമ്പ് ആഭിചാര ത്തിന്റെ പരുത്ത കൈപ്പത്തികളു മായി കൊച്ചുനാരായണന്റെ അമ്മ പറന്നെത്തും മുമ്പ്, ഒരു കൊട്ടയിലാക്കി പഴന്തുണി കൾക്കിടയിലൊളിപ്പിച്ച് മഞ്ഞര ളിക്കാടുകൾ നൂന്ന് കടന്ന് ചാവു ത്തറയ്ക്കും പാപത്തറയ്ക്കുമ പ്പുറം വഴിമാറിത്തരാത്ത പുഴ മുറിച്ചുനീന്തി നരിമാൻ കുണ്ടും പുലിമടയും കയറിയിറങ്ങി... അക്കരയക്കരെ പെണ്ണുപൂക്കണ നാട്ടിൽ എത്തിച്ചുതരോ? ഈ താലീം മാലേം പൊട്ടിച്ചു തരാം (സാറാ ജോസഫ്, 1990:105). ഇതിൽ പരാമർശി ക്കുന്ന പെണ്ണുപൂക്കണനാട് മറ്റുപല കഥകളിലും കാണുന്ന തുപോലെ സ്ത്രീസ്വാതന്ത്ര്യ ത്തിന്റെ ഇടമാണ്. പെണ്ണായി

പിറക്കുന്നതിന്റെ വേദനയാണ് സാറാ ജോസഫിന്റെ മറ്റു കഥകളിൽ ആവിഷ്കരിക്കുന്നതെങ്കിൽ പെണ്ണിനെ പിറക്കാനേ അനുവദിക്കാത്ത, അതിന്റെ ക്രൂരതയാണ് ഈ കഥയിൽ അവതരിപ്പിച്ചിരിക്കുന്നതെന്ന് സച്ചിദാനന്ദൻ അഭിപ്രായപ്പെടുന്നു (സാറാ ജോസഫ്, 1990:37).

*പ്രകാശിനിയുടെ മക്കൾ* എന്ന കഥയിലെ പ്രകാശിനി മക്കൾക്കു ജന്മം നൽകാനായി ഉഴുതുമറിച്ച നിലം തേടുന്നു. മനുഷ്യസ്നേഹവും നന്മയുമുള്ള ഒരു പുതുലോകത്തിന്റെ പിറവിയാണ് ശ്യാമളയുടെയും സിദ്ധാർത്ഥന്റെയും ജനനത്തിലൂടെ അവൾ കാംക്ഷിക്കുന്നത്. ഊർവ്വരതയുടെ സ്ഥലികൾ തേടുന്ന അവളുടെ സ്വപ്നങ്ങൾക്കെതിരായി പലതലങ്ങളും കഥയിൽ കടന്നുവരുന്നുണ്ട്. പുരുഷകേന്ദ്രിത വ്യവസ്ഥയെ പ്രതിനിധീകരിക്കുന്നതാണ് ഒരു തലം. മറ്റൊന്നാകട്ടെ മന്ത്രവാദത്തിന്റെയും ആഭിചാരക്രിയകളുടേതുമാണ്. ഈ രണ്ടുതലങ്ങളെയും പ്രതിരോധിച്ചുകൊണ്ട് സ്ത്രീ സ്വത്വപ്രകാശനത്തിന് പുതുഭാഷ്യം ചമയ്ക്കുകയാണ് കഥാകാരി ചെയ്യുന്നത്.

84-ാം പിറന്നാൾ ആഘോഷിക്കുന്ന അമ്മമ്മയുടെ ഛായാപടം ക്യാൻവാസിൽ പകർത്താൻ ശ്രമിച്ച് പരാജയമടയുന്ന പേരക്കുട്ടിയായ ചിത്രന്റെ അനുഭവങ്ങളാണ് *ഛായാപടം* എന്ന കഥ. കുടുംബമെന്ന് കേൾക്കുമ്പോൾ ഛർദ്ദിക്കാൻ വരുന്ന അമ്മമ്മയുടെ ജീവിതാനുഭവങ്ങൾ കേട്ട ചിത്രന് അവരുടെ രൂപം പുനഃസൃഷ്ടിക്കാനാവുന്നില്ല. കാരണം പുരുഷാധിപത്യ പ്രത്യയശാസ്ത്രത്തിന്റെ ചുവരുകൾക്കുള്ളിൽ കിടന്ന് വീർപ്പുമുട്ടി, വെറുപ്പും വേദനയും ദുരന്തവും നിറഞ്ഞ ഇരുണ്ട നിലവറയുടെ കവാടങ്ങളാണ് ചിത്രന് മുന്നിൽ തുറക്കപ്പെട്ടത്. ഒരു കലാകാരന് ഉൾക്കൊള്ളാൻ കഴിയുന്ന, അവന് ആവിഷ്കരിക്കാനാവുന്ന ലോകത്തിൽ നിന്നും നിമിഷംപ്രതി മാറിക്കൊണ്ടിരിക്കുന്ന വൈവിധ്യമുള്ള അനുഭവങ്ങൾ നിറഞ്ഞതാണ് സ്ത്രീലോകമെന്ന് ഈ കഥ സാക്ഷ്യപ്പെടുത്തുന്നു. പാരമ്പര്യ വ്യവഹാരം നിർമ്മിച്ചിട്ടുള്ള മാതൃബിംബത്തിൽ നിന്നും ഏറെ അകലെയാണ് ജീവനുള്ള അമ്മ എന്ന സത്യത്തിലേക്കാണ് ഈ കഥ ശ്രദ്ധ ക്ഷണിക്കുന്നത്. സമകാലിക മൂല്യവ്യവസ്ഥയെ തകർത്തുകൊണ്ട് പുറത്തുകടക്കാൻ ആഗ്രഹിക്കുന്ന സ്ത്രൈണതയെയാണ് അമ്മമ്മയിലൂടെ വായിച്ചെടുക്കാനാവുക.

> പെണ്ണിന്റെ സ്വത്വപ്രകാശനം സാധ്യമാക്കുന്ന ഇടങ്ങൾ നിർമ്മിക്കാനും ആൺകോയ്മ വ്യവസ്ഥയ്ക്കെതിരെ ചെറുത്തുനിൽപ്പിന്റെ പെൺഭാഷ്യം ചമയ്ക്കാനുമുള്ള ശ്രമങ്ങളാണ് സാറാ ജോസഫിന്റെ രചനകളെ സാഹിത്യമണ്ഡലത്തിൽ അടയാളപ്പെടുത്തുന്നത് എന്നു കാണാം.

ദാമ്പത്യത്തിലെ പൊരുത്തക്കേടുകളും സംഘർഷങ്ങളുമാണ് *ദാമ്പത്യം, സ്ക്കൂട്ടർ* എന്നീ കഥകളിലെ പ്രമേയം. ആദർശത്തിന്റെ പേരിൽ മറച്ചുപിടിക്കപ്പെടുന്ന ദാമ്പത്യജീവിതത്തിലെ പൊരുത്തക്കേടുകളും പരസ്പര വിദ്വേഷവുമാണ് ദമ്പതിമാരുടെ സ്ക്കൂട്ടർ യാത്രയിലൂടെ മറമാറ്റി പുറത്തുവരുന്നത്. ദാമ്പത്യജീവിതത്തെയാണ് സ്ക്കൂട്ടർയാത്ര പ്രതീകവൽക്കരിക്കുന്നത്. സ്ക്കൂട്ടറിന്റെ ഇന്ധനചോർച്ചയിൽ നിന്നു വമിക്കുന്ന ദുർഗന്ധം അവരുടെ ദാമ്പത്യത്തിലെ പൊരുത്തമില്ലായ്മയെയാണ് സൂചിപ്പിക്കുന്നത്. സ്ത്രീയെ പുരുഷപക്ഷത്തുനിന്ന് നോക്കിക്കാണുന്ന കഥയാണ് *ദാമ്പത്യം*. കാര്യങ്ങളുടെ കിടപ്പിൽ കുറ്റവും കഴിവുകേടും പന്തിയില്ലായ്മയും സ്വപക്ഷത്താണെന്നു തിരിച്ചറിയുന്ന പുരുഷന് സ്ത്രീയുടെ പ്രതീകാത്മക രീതിയിലുള്ള വിദ്വേഷപ്രകടനം കണ്ടുനിൽക്കാനേ കഴിയുന്നുള്ളൂ. സ്ത്രീയെ തന്നെപ്പോലെ ഒരു സ്വതന്ത്രവ്യക്തിയായി അംഗീകരിക്കാതെ അവളെ ഭോഗവസ്തുവോ യന്ത്രമോ ആക്കിമാറ്റാൻ പുരുഷാധീശ പ്രത്യയശാസ്ത്രം ശ്രമിക്കുന്നിടത്താണ് ദാമ്പത്യത്തിലെ പൊരുത്തക്കേടുകൾ ആരംഭിക്കുന്നതെന്ന് ഈ കഥകൾ സാക്ഷ്യപ്പെടുത്തുന്നു.

ഇങ്ങനെ സാറാ ജോസഫിന്റെ കഥകളെ വിശകലനവിധേയമാക്കുമ്പോൾ അവർ ഉപയോഗിക്കുന്ന സാഹിത്യഭാഷ സവിശേഷ ശ്രദ്ധയർഹിക്കുന്നതാണെന്നു കാണാം. പൊതുമണ്ഡലം കൈകാര്യം ചെയ്യുന്ന ഭാഷ അധികാരവർഗ്ഗത്തിന്റെ സൃഷ്ടിയാണെന്നു തിരിച്ചറിയുന്ന എഴുത്തുകാരികൾ സ്വത്വപ്രകാശനത്തിനായി തനതായ ഭാഷയെ നിർമ്മിക്കുന്നു. സ്ത്രീസ്വത്വാവിഷ്കാരത്തിനായി നിലവിലിരിക്കുന്ന ഭാഷയെ പുനർനിർമ്മിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വെർജീനിയ വുൾഫ് അഭിപ്രായപ്പെടുന്നുണ്ട് (Woolf Virginia, 1998:50). സ്ത്രീയുടെ സ്വത്വപ്രകാശനത്തിനായി അനുയോജ്യമായ ഭാഷ കഥാകാരി രൂപപ്പെടുത്തിയതായി കഥകൾ തെളിയിക്കുന്നു. പ്രാദേശികവും അനാര്യവും കീഴാളവുമാണ് ആ സാഹിത്യഭാഷ എന്നു കാണാം. പെണ്ണെഴുത്ത് അധികാരത്തിന്റെ കീഴിൽ

*ശേഷം പേജ് 54*

കഥ



ചാരുലത

# പുനർജ്ജനി

നിന്നോട് ഇത് പറയാതെ വയ്യ... എന്റെ ഹൃദയത്തിൽ നീ വീണ്ടും പുനർജ്ജനിക്കുകയാണ്. എത്രയോ തവണ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്ന ഓർമ്മകൾ. ഒരു കൈ നീട്ടിയാൽ നിനക്കെന്നെ തൊടാം. മതിഭ്രമം ബാധിച്ച നിസ്സാര വേദനകൾ തുടച്ചു മാറ്റാം. ബാക്കി വെച്ചു പോയ സ്നേഹം തന്നു തീർക്കാം. ജീവിതത്തിനും മരണത്തിനും മീതെയുള്ള സ്നേഹത്തിന്റെ തുടിപ്പാണ് നമ്മൾ.

ബോംബെ നഗരത്തിലെ ഏതോ ഒരു റേഡിയോസ്റ്റേഷനിലായിരുന്നു നിനക്കു ജോലി എന്നെനിക്കറിയാം. ജോലിയുടെ സ്വഭാവവും രീതിയുമൊന്നും വലിയ നിശ്ചയമുണ്ടായിരുന്നില്ല എനിക്ക്. ചെറിയ ജോലിയും തുച്ഛമായ വരുമാനവുമാണെന്ന് നീ പറയുമായിരുന്നു എപ്പോഴും. "പക്ഷേ, പേടിക്കേണ്ട. നമുക്ക് കഴിയാം. തക്കാളിയും കൈപ്പക്കയും പച്ചരിയും അത്രയും അല്ലേ നിനക്കു വേണ്ടൂ... അതിനു കഴിയും."



സാധാരണ ബെൽറ്റിട്ടിട്ടാണ് ഉയരമുള്ള ടവറിന്റെ മുകളിൽ കയറാറെന്ന് നീ പറഞ്ഞിട്ടുണ്ട്. പക്ഷേ, അന്ന് നാട്ടിലേക്ക് വരാനുള്ള തിടുക്കത്തിൽ, പെട്ടെന്നു തീർക്കേണ്ട ഒരു പണിക്കു വേണ്ടി പകരക്കാരനായി ബെൽറ്റിടാതെ നീ ടവറിന്റെ മുകളിലേക്ക് കയറി. എല്ലാ പണിയും കഴിഞ്ഞ് തിരിച്ചിറങ്ങുമ്പോൾ, കാലാണോ മനസ്സാണോ പതറിപ്പോയത്... എത്രയോ ഉയരത്തിൽ നിന്ന്.... എന്തിനായിരുന്നു ആ തിടുക്കം കാട്ടിയത്.... എത്ര നാൾ കഴിഞ്ഞാലും ഞാനിവിടെത്തന്നെ ഉണ്ടാകുമായിരുന്നില്ലെ. നിന്നെ മാത്രം കാത്തിരിക്കുന്ന ആ പാവം അമ്മയും. ഒരു ദൈവത്തിനും അവസരം കൊടുക്കാതെ ഒരു പ്രാർത്ഥനയ്ക്കും സമയം തരാതെ ഒരു മഴത്തുള്ളി ആകാശത്തിൽ നിന്ന് ഭൂമിയിൽ പതിച്ച് അലിഞ്ഞ് ചേരുന്ന ലാഘവത്തോടെ നീ പോയി.

കൊതി തീരാത്ത ഒരു ജീവിതവും പ്രണയവും ആ മഹാനഗരത്തിൽ പൊലിഞ്ഞു

പോയി. പിന്നെയും ഒരുപാടു കാലം താളം തെറ്റിയ മനസ്സു മായി ഞാൻ നിന്റെ അമ്മയുടെ മടിയിൽ തലവെച്ചു കിടക്കുമായിരുന്നു. കാത്തിരി ക്കാൻ ആരുമില്ലാതെ അവരും നിന്റെ അടുത്തേക്ക് വന്നു.

നീ വീണ്ടും തെയ്യങ്ങളുടെ നാട്ടിൽപോയി ജനിച്ചു. മിത്തുക ളുടെ അർത്ഥവും യാഥാർത്ഥ്യവും ഒരു നിമിത്തം പോലെയാകാം എനിക്ക് അന്വേ ഷിക്കാൻ തോന്നിയത്.

നമുക്കൊരു മകളുണ്ടാകു മെന്നും അവൾക്ക് അപർണ യെന്ന പേരിടണമെന്നും നമ്മൾ അവളെ അപ്പു എന്നു വിളിക്കു മെന്നും നീ പറഞ്ഞിരുന്നു. പക്ഷേ 'അപ്പു' നിന്റെ മാത്രം മകളായി.

നിനക്കെന്നെ വിട്ടുപോകാൻ കഴിയില്ല. എനിക്ക് നിന്നേയും...; തെറ്റിപ്പോയ വഴികൾ... ചുവടു കൾ... എല്ലാം നിന്നിലേക്കെ ത്താൻ. പക്ഷേ, നീ പറഞ്ഞു കൊണ്ടേയിരിക്കുന്നു നിനക്ക് മറ്റൊരാളാകാൻ പറ്റില്ലെന്നും, ഞാൻ സ്നേഹിക്കുന്നത് മറ്റാ രെയോ ആണെന്നും. എങ്കിൽ എങ്ങനെയാണ്

"എന്നെ എനിക്ക് തിരിച്ചു കിട്ടാതെ

ഞാൻ ഏതോ ദിവാസ്വപ്ന മായി"

നിന്റെ പ്രിയപ്പെട്ട വരികളാ കുന്നത്; നീ എത്രയോ കേട്ട കവിതയാണത്. ചുള്ളിക്കാടിന്റെ 'ആനന്ദധാര' എന്തിനാണ് നീ നെഞ്ചിലേറ്റി നടക്കുന്നത്. എത്രയോ പാടിയ കവിതയാ ണത്. ഞാൻ ഭ്രാന്താണ് പറയു ന്നത് എന്ന് തോന്നുന്നുവോ? നീ മറന്ന് പോയതാണെല്ലാം. ഞാനൊരോർമ്മ പറയട്ടെ "നമ്മൾ സ്കൂളിൽ പഠിക്കുന്ന കാലം. അത്തപ്പൂക്കളം ഇടാൻ പൂവിറുക്കാൻ മുന്നിലെ ഡോക്ട റുടെ വീട്ടിൽ പോയി. പൊട്ടൻ കരുണാകരൻ എന്നെ പിടിച്ചു വെച്ചു. അയാളെ കടിച്ചു എന്നെയും വലിച്ചു കൊണ്ട് നീ

ഒരുപാട് സ്വപ്നം കണ്ട തല്ലേ നമ്മളൊരുമിച്ചൊരു ജീവിതം. എന്നിട്ടും "ഒന്നു തൊടാതെ പോയി നീ". ഞാൻ എന്റെ ശരീരം ഉപേ ക്ഷിച്ച് നിന്റടുത്തേക്ക് വരാൻ തുടങ്ങുമ്പോൾ നീ എന്നെ തേടി വന്നു. ഇപ്പോൾ നീ പറയുന്നു നിന്നെ ആഗ്രഹിക്കുന്നവരി ലേക്ക് നീ എത്തുകയാ ണെന്ന്.

ഓടിയതും വീട്ടിലെത്തി വല്ല്യമാ മയുടെ കയ്യിൽ നിന്ന് പൊതിരെ അടി വാങ്ങിക്കൂട്ടിയതും ഏതാ ണ്ടൊരു ഓർമ്മവരുന്നുവോ?

വേറൊരാൾക്കും നമ്മളെ അറിയില്ല. അറിയാവുന്ന ഒരേ യൊരാൾ നിന്റെ അമ്മ മാത്രമാ യിരുന്നു. അവരിന്നില്ലല്ലോ.

ഒരുപാട് സ്വപ്നം കണ്ടതല്ലേ നമ്മളൊരുമിച്ചൊരു ജീവിതം. എന്നിട്ടും "ഒന്നു തൊടാതെ പോയി നീ". ഞാൻ എന്റെ ശരീരം ഉപേക്ഷിച്ച് നിന്റടു ത്തേക്ക് വരാൻ തുടങ്ങുമ്പോൾ നീ എന്നെ തേടി വന്നു. ഇപ്പോൾ നീ പറയുന്നു നിന്നെ ആഗ്രഹിക്കുന്നവരിലേക്ക് നീ എത്തുകയാണെന്ന്. അതേ, ഞാൻ ആണ് ആഗ്രഹിച്ചവൾ, കാത്തിരുന്നവൾ.

നീ ചോദിക്കുന്നു നിന്നെ ഞാൻ പ്രണയിക്കുന്നുണ്ടോ എന്ന്. ഉണ്ട് എന്ന് എന്തുകൊ ണ്ടാണ് എനിക്ക് പറയാൻ കഴി യാത്തത്. ഒറ്റ വിളിയിൽ നീ ഓടിയെത്തുമെന്നു പറയു മ്പോഴും എനിക്കറിയാം ആ മഹാനഗരം വിട്ടു നീ പോരില്ല എന്ന്. നിന്റെ ബന്ധങ്ങൾ, സൗഹൃദങ്ങൾ, നിന്നെ നീയായി അറിയുന്നവർ എല്ലാം അവിടെ യാണ്.

ഈ ഭൂമി ഒരു ഭൂതത്താ നാണ്. എന്റെ ജീവിതം ഒരു പാപപരിഹാരവും. നിന്നെ മറന്ന് എന്നെ മറന്ന് എല്ലാം മറന്ന് വേറൊരാളിലേക്ക് പോയ തിലുള്ള ശിക്ഷ. എല്ലാ വിശ്വാ സങ്ങളെയും തള്ളിപ്പറയുന്ന ഒരു ദൃഢവിശ്വാസത്തിനൊപ്പം പോരുമ്പോൾ ഒരു നിശ്വാസം ഒരു തേങ്ങൽ എവിടെയോ ഉണ്ടായിരുന്നുവോ.

'ഞാനും നീയും ഒന്നാ ണെന്നു' പറഞ്ഞ സ്നേഹത്തി നർത്ഥം 'നീ' വേണ്ട, 'ഞാൻ' മാത്രം മതിയെന്നതായിരുന്നോ. എന്റെ ഇഷ്ടങ്ങളും വേദനകളും പരിഹാസവും ഭ്രാന്തും ആണ്. ഓരോ ചുവടിലും ചുട്ടു പൊള്ളുന്ന വൈരുദ്ധ്യം കാരണ മില്ലാത്ത പൊട്ടിത്തെറികൾ... പൊട്ടിത്തെറിക്കാനുള്ള പുരു ഷന്റെ അവകാശം. മുറിവേറ്റു പിടയുന്ന എന്റെ ബോധവും കാഴ്ചയും. 'ഞാൻ ആ വലിയ ലോകത്ത്' ആരുമല്ലെന്ന് മനസ്സി ലാക്കാൻ ഒരുപാട് കാലം വേണ്ടി വന്നു. വേദനകൾ സഹി ക്കാതായപ്പോൾ ഞാൻ എന്റെ മകളെ ചുറ്റിപ്പിടിച്ചു. എന്റെ സ്വപ്നത്തിന്റെ സ്വാതന്ത്ര്യ ത്തിന്റെ ജീവിക്കുന്ന രൂപകം അവളായി.

നിനക്കു തീരുമാനിക്കാം... കാണാം, കാണാതിരിക്കാം; ഈയൊരു ജന്മം നമ്മൾ കാണു മെന്ന് ഞാൻ കരുതിയിട്ടേയില്ല. എനിക്ക് നിന്നെ പിരിഞ്ഞു പോകാൻ കഴിയില്ല. കാണാതി രിക്കാം മിണ്ടാതിരിക്കാം. അതു കൊണ്ട് നിരാശയും ഇല്ല. ഞാൻ കാത്തിരിക്കാം. ഇനി യൊരു ജന്മമുണ്ടെങ്കിൽ കാലം തെറ്റാതെ കുലം തെറ്റാതെ പിറ ക്കാം. കരിയിലയും മണ്ണാങ്ക ട്ടയും കാശിക്കു പോയ കഥ പറ യാൻ; 'ഇളനീര് കുടിച്ച് തൊണ്ടുകൾ വലിച്ചെറിയുന്ന ദേവന്മാരുടെ കഥ കേൾക്കാൻ', നമുക്ക് പുനർജ്ജനിക്കാം.

സോണി ജി.

# ലേഡീസ് കൂപ്പെ : സ്ത്രൈണാനുഭവങ്ങളുടെ പെൺമുറി

അനിതാ നായരുടെ ലേഡീസ്കൂപ്പെ പോസ്റ്റ് കൊളോണിയലിസത്തിൽ പിറന്ന സ്ത്രീവാദ സാഹിത്യമാണ്. വെർജീനിയാവൂൾഫിന്റെ എഴുത്തുകാരിയുടെ മുറി എന്നുള്ള സങ്കല്പമാണ് നോവലിന്റെ ശീർഷകം മുന്നോട്ടുവയ്ക്കുന്നത്. ഉടലെഴുത്തിന്റെ മനോഹര ദൃശ്യാവിഷ്കാരമാണ് ലേഡീസ് കൂപ്പെ. കുടുംബബന്ധങ്ങളിൽ തളച്ചിടുന്ന സ്ത്രീ ആ ലക്ഷമണ രേഖ ലംഘിച്ചാൽ നേരിടുന്ന ശക്തമായ പ്രത്യാഘാതങ്ങൾ നോവലിന്റെ അടിയൊഴുക്കാണ്. ഒരു സ്ത്രീക്ക് ഒറ്റക്ക് സമാധാനജീവിതം നയിക്കാനാവുമോ? പൂർണ്ണതയുണ്ടാവാൻ പുരുഷൻ കൂടിയേ തീരു എന്ന് നിർബന്ധമുണ്ടോ?ഈ സമസ്യകൾക്ക് ഉത്തരം തേടിയുള്ള ഒരു സ്ത്രീയുടെ യാത്ര അതാണ് ലേഡീസ്കൂപ്പെ.

വിലക്കുകൾ സൃഷ്ടിക്കുന്ന ഒറ്റമുറിയിൽ നിന്നും പെൺമയിലേക്ക് ചിറകുവിടർത്തുന്ന കഥാപാത്രമാണ് ലേഡീസ് കൂപ്പെയിലെ തമിഴ് ബ്രാഹ്മണ പെൺകുട്ടിയായ അഖിലാണ്ഡേശ്വരി. അതിനവളെ സഹായിക്കുന്നതാവട്ടെ ഒരു പറ്റം സഹയാത്രികരും. സ്ത്രീ സ്വതന്ത്രയാവേണ്ടതെങ്ങനെയെന്ന് ഈ നോവൽ വരച്ചുകാണിക്കുന്നു. സാമൂഹികവും സാമ്പത്തികവുമായ സ്ത്രീയുടെ റോൾ എങ്ങനെ കൈകാര്യം ചെയ്യുക എന്നതാണ് എഴുത്തുകാരിയുടെ ഏറ്റവും വലിയ വെല്ലുവിളി. മതം, പാരമ്പര്യം എന്നിങ്ങനെ ഭാരതീയ മണ്ണിൽ വേരൂന്നി നിൽക്കുന്ന എല്ലാത്തിനും സ്ത്രീയുടെ സ്വത്വബോധം ആശയക്കുഴപ്പം ഉണ്ടാക്കുന്നു.ഭാരതം, പെൺമയെ മകൾ, അമ്മ, സഹോദരി, ഭാര്യ എന്നിങ്ങനെയുള്ള റോളുകളിൽ തളച്ചിടുന്നു. സ്ത്രീയുടെ ആഗ്രഹങ്ങൾ, ആവശ്യങ്ങൾ എന്നിവയെ മാനിക്കാതെ സന്താനോൽപാദനം എന്ന ഒരു കാര്യത്തിൽ മാത്രം ശ്രദ്ധയൂന്നുന്ന കപടസദാചാരമാണ് ഭാരതത്തിൽ. പുരുഷനു മുന്നിൽ അവൾ തലകുനിക്കേണ്ടതില്ല.സ്ത്രൈണാനുഭവങ്ങൾ പതിത വികാരങ്ങളല്ല സൃഷ്ടിയുടെ ഉദാത്തഭാവമാണെന്നുള്ള ചർച്ചയാണ് ഈ നോവലിന്റെ പ്രമേയം.

സർഗ്ഗാത്മകതയുടെ ഉന്നതിയിൽ എത്തിനിൽക്കുന്ന നോവലാണ് ലേഡീസ് കൂപ്പെ. അനേകം ചെറുകഥാഖണ്ഡങ്ങളായി ഇതിനെ തരം തിരിക്കാം. അനേകം സ്ത്രൈണാനുഭവങ്ങളിലൂടെ കടന്നു ചെന്ന് ഒരു സ്ത്രീ ജീവിക്കേണ്ടതെങ്ങിനെയെന്ന് അച്ഛന്റെ മരണശേഷം സ്വയം തീരുമാനിക്കുന്ന അഖിലാണ്ഡേശ്വരി. ഒരു ‘കറവപ്പശു’വിനെ പോലെ കുടുംബം പുലർത്തിയിരുന്ന അഖിലയ്ക്ക് ഒരു പുരുഷന്റെ സ്നേഹം കുഞ്ഞിന്റെ സാമീപ്യം എന്നിവ നിഷിധമാക്കുന്നു. (ഡി. വിനയചന്ദ്രന്റെ കൂന്തചേച്ചിയെ പോലെ പെൺമയ്ക്കായി ദാഹിക്കുകയാണ് അഖിലയും). ഈ നോവലിലെ ഏറ്റവും ശക്തമായ മൂലകം അഖിലയും അഞ്ച് സഹയാത്രികരും തമ്മിലുള്ള സംഭാഷണമാണ്. ഈ കഥാപാത്രങ്ങളുടെ സ്ത്രൈണാനുഭവങ്ങൾ വൈരുദ്ധ്യങ്ങളാണെങ്കിലും സമാനസ്വഭാവം പുലർത്തുന്നുണ്ട്.

നോവലിലെ അഖിലയുടെ

സഹയാത്രികർ "ജാനകി – ലാളിക്കപ്പെട്ട ഭാര്യയും അങ്കലാപ്പിലായ മാതാവും മകൻ-മകൾ എന്നിവയ്ക്കിടയിൽ മാനസിക പൊരുത്തമില്ലാതെ നീറുന്ന ജാനകി ഒടുവിൽ താൻ 'ഭാര്യ' മാത്രമായിരുന്നുവെന്ന് തിരിച്ചറിയുന്നു. മാർഗരറ്റ് ശാന്തി – രസതന്ത്രാദ്ധ്യാപിക, പുരുഷന്റെ അഹങ്കാരത്തിന്റെ വിളനിലം അവന്റെ ശരീരമാണെന്ന് തിരിച്ചറിഞ്ഞ് ഭർത്താവിന്റെ ആരോഗ്യത്തെ തകർത്ത് മനസ്സിൽ ഇടം നേടുന്നു അവൾ. പ്രഭാദേവി ഉത്തമഭാര്യയായും, മകളായും നോവലിൽ പ്രത്യക്ഷപ്പെടുന്നു. പതിനാലുകാരിയായ ഷീല, മുത്തശ്ശിയുടെ സ്ത്രൈണത പാലിക്കാൻ അവരുടെ ആഗ്രഹം മാനിച്ച് ജഡത്തെ അലങ്കരിക്കുന്ന കൊച്ചുമിടുക്കി. മാരികൊളുന്ത് ഒറ്റരാത്രിയുടെ ആർത്തിയിൽ നിഷ്കളങ്കത നഷ്ടമായവൾ എന്നിവരുടെ പെൺ അനുഭവങ്ങളുടെ ചർച്ചയാണ് നോവലിന്റെ കാതൽ.

കന്യാകുമാരിയിലേയ്ക്കുള്ള യാത്രയിലാണ് അഖില ഈ സഹയാത്രികരെ കണ്ടുമുട്ടുന്നത്. എഴുത്തുകാരി, കന്യാകുമാരി തന്നെ തിരഞ്ഞെടുക്കുന്നത് സ്ത്രീ ശാക്തീകരണത്തിന്റെ പൂർണ്ണ ഭാവം വരച്ചുചേർക്കാനാണ്. പുരുഷന്റെ തുണയില്ലാതെ അനുഷ്ഠാനതലത്തിലേയ്ക്ക് ഉയരുന്ന ദേവീ സങ്കല്പമാണ്, കന്യാകുമാരി. ഈ ബിംബം നോവലിൽ ഇഴ ചേർത്തിരിക്കുന്നത് അഖിലയുടെ ജീവിതത്തിന് കന്യാകുമാരിയിൽ എത്തിച്ചേരുന്നതോടെ നവദിശാബോധം ലഭിക്കും എന്നുള്ള സൂചന തരാനാണ്.

നോവലിലെ ഏറ്റവും ശക്തമായ കഥാപാത്രം മാരികൊളുന്താണ്. ചെട്ടിയാർകോട്ട ആണധികാര വ്യവസ്ഥയുടെ ബിംബമാണ്. 31 വയസ്സുള്ള മാരികൊളുന്തിന്റെ കഥ ജീവിതം തകർത്തെറിയപ്പെട്ട സ്ത്രീ ജീവിതത്തിന്റെ പ്രതീകമാണ്. തകർച്ചയിൽ നിന്നും ഒരു ഫീനിക്സ് പക്ഷിയെ പോലെ ഉയിർക്കൊണ്ട സ്ത്രീ, മാരികൊളുന്ത്. ജോലിയിൽ നിന്നുള്ള വരുമാനം കൊണ്ട് ബലാൽസംഗത്തിൽ നിന്നും ഉരുവായ മകനെ നന്നായി വളർത്തുന്ന സ്ത്രീ. കുടുംബനാഥന്റെ മരണത്തിനു ശേഷം ചെട്ടിയാർ കോട്ടയിൽ ജോലിക്ക് പ്രവേശിക്കുന്നു മാരികൊളുന്ത്. മുരുകേശനാൽ ബലാൽസംഗം ചെയ്യപ്പെട്ട അവൾ വീട്ടിലെത്തിയ ഉടനെ "സോപ്പും ചകിരിയും തേച്ചു കുളിച്ചു. ഒരു കട്ട സോപ്പും ഒരു ചകിരിയും തീരും വരെ...

നോവലിലെ ഏറ്റവും ശക്തമായ കഥാപാത്രം മാരികൊളുന്താണ്. ചെട്ടിയാർകോട്ട ആണധികാര വ്യവസ്ഥയുടെ ബിംബമാണ്. 31 വയസ്സുള്ള മാരികൊളുന്തിന്റെ കഥ ജീവിതം തകർത്തെറിയപ്പെട്ട സ്ത്രീ ജീവിതത്തിന്റെ പ്രതീകമാണ്. തകർച്ചയിൽ നിന്നും ഒരു ഫീനിക്സ് പക്ഷിയെ പോലെ ഉയിർക്കൊണ്ട സ്ത്രീ, മാരികൊളുന്ത്. ജോലിയിൽ നിന്നുള്ള വരുമാനം കൊണ്ട് ബലാൽസംഗത്തിൽ നിന്നും ഉരുവായ മകനെ നന്നായി വളർത്തുന്ന സ്ത്രീ. കുടുംബനാഥന്റെ മരണത്തിനു ശേഷം ചെട്ടിയാർ കോട്ടയിൽ ജോലിക്ക് പ്രവേശിക്കുന്നു മാരികൊളുന്ത്. മുരുകേശനാൽ ബലാൽസംഗം ചെയ്യപ്പെട്ട അവൾ വീട്ടിലെത്തിയ ഉടനെ "സോപ്പും ചകിരിയും തേച്ചു കുളിച്ചു. ഒരു കട്ട സോപ്പും ഒരു ചകിരിയും തീരും വരെ... എനിക്കു സംഭവിച്ചതെല്ലാം തേച്ചു മായ്ച്ചു കളയാൻ വേണ്ടി.. എന്റെ ഭീതികൾ കഴുകി കളയാൻ വേണ്ടി.. ഒന്നും സംഭവിച്ചില്ലെന്നു വിശ്വസിച്ചു ജീവിച്ചാൽ ഒരു കുഴപ്പവുമില്ലെന്നും ഞാൻ കരുതി. ഞാനതിനു ശ്രമിച്ചു"(221: അനിതാ നായർ). കുഞ്ഞ് ഉദരത്തിലുണ്ടെന്നു അറിയും വരെയുള്ള നാട്യം. സൃഷ്ടിശക്തി സ്ത്രീയെ തന്നെ തിരിഞ്ഞു കൊത്തുന്ന അവസ്ഥയാണ് ഇവിടെ. ഇഷ്ടപ്പെടാതെ പിറക്കുന്ന കുഞ്ഞിനെ മുലയൂട്ടാനോ സംരക്ഷിക്കാനോ ഇഷ്ടപ്പെടാത്ത സ്ത്രീയാണ് മാരികൊളുന്ത്. തന്റെ കുഞ്ഞിനെ അവന്റെ അച്ഛന്റെ ജോലിസ്ഥലത്തേയ്ക്ക് വേലക്കാരനായി അയയ്ക്കുന്നു. മുരുകേശന്റെ മരണശേഷം കുഞ്ഞിന്റെ സ്നേഹം, നിഷ്കളങ്കത എല്ലാം തിരിച്ചറിഞ്ഞ് അവനെ അവൾ പണമുണ്ടാക്കി തിരിച്ചെടുത്ത് സംരക്ഷിക്കുന്നു. ഇന്ത്യൻ കോടതിയുടെ കണ്ണുമൂടിയ നിയമത്തിനെതിരെയുള്ള, കുട്ടികളുടെ അവകാശം 5 വയസ്സിനു ശേഷം പിതാവിന്, കറുത്ത ചിരിയാണ് മാരികൊളുന്തിന്റെ ജീവിതം.

ചെട്ടിയാരെ ധനാഢ്യനാക്കിയ പട്ടുനൂൽ പുഴുവിന്റെ ജീവിതം പോലെ മാരികൊളുന്തിനേയും അവിടുത്തെ അന്തേവാസികൾ കശക്കിയെറിഞ്ഞു. സുജാതയുടെ സ്വവർഗ്ഗാനുരാഗത്തിന്റേയും, ശ്രീധരനണ്ണന്റെ

സംഭോഗശൃംഗാരത്തിന്റെയും വേലിയേറ്റത്തിൽ വലിയ റോളൊന്നുമില്ലാതെ പെരുമാറുന്ന മാരികൊളുന്ത് വലിയൊരു തിരിച്ചറിവിൽ എത്തുന്നു. "രണ്ടു പേരുമെന്നെ സ്നേഹിച്ചിരുന്നില്ല. പക്ഷെ രണ്ടുപേർക്കുമെന്റെ ആവശ്യമുണ്ടായിരുന്നു. സ്നേഹിക്കാൻ കഴിയാത്തവർക്ക് ആവശ്യം സാധിച്ചാൽ മതിയല്ലോ. അഥവാ, വേഷം മാറിയ ആവശ്യം തന്നെയല്ലെ സ്നേഹം"(238-അനിതാ നായർ). സ്നേഹത്തെ നിർവചിക്കുന്ന മാരികൊളുന്താണ് അഖിലയ്ക്ക് സ്ത്രൈണാനുഭവങ്ങളുടെ വൈരുദ്ധ്യങ്ങൾ പറഞ്ഞു കൊടുത്തത്.

ഒറ്റയ്ക്ക് ജീവിക്കാൻ അഖിലയെ പ്രാപ്തയാക്കിയത് മാരികൊളുന്തിന്റെ അനുഭവങ്ങളാണ്. ശരീരത്തെ ഒരാഘോഷമാക്കി മാറ്റുന്നിടത്താണ് നോവൽ അവസാനിക്കുന്നത്. പുരുഷനെ തോൽപ്പിക്കാനുള്ള ഉപാധിയാണ് അഖിലയ്ക്ക് ലൈംഗീകത. പങ്കാളിയെ പറഞ്ഞുപറ്റിച്ച് ലൈംഗീക ചൂഷണം നടത്തുന്ന ഉത്തരാധുനിക പുരുഷന്റെ റോളിലേക്ക് അഖില രൂപാന്തരം പ്രാപിക്കുന്നു. ഒരു സ്ത്രീയ്ക്ക് പുരുഷനെ പോലെ ജീവിക്കാനുള്ള അവകാശം സ്ഥാപിക്കുകയാണ് അഖിലയിലൂടെ നോവലിസ്റ്റ്.

ബന്ധങ്ങൾ ബന്ധനങ്ങളാകുന്ന കാഴ്ചയാണ് ലേഡീസ് കൂപ്പെയിൽ കാണുന്നത്. ആധുനിക ഇന്ത്യൻ സ്ത്രീ തന്റെ ചുറ്റുമുള്ള ബന്ധങ്ങളെ നിർവ്വചിക്കുന്നതും സ്ത്രീയുടെ പ്രതിരോധ പ്രകടനങ്ങളുടെ ആവശ്യകതയെ ഉറപ്പിക്കുന്നതുമായ സംഭവങ്ങളാണ് ഈ നോവലിൽ. നോവലിസ്റ്റ് സ്ത്രീ മനസ്സിന്റെ പൊട്ടിത്തെറിക്കലുകൾ അനാവരണം ചെയ്യുന്നു. വൈകാരിക പ്രക്ഷോഭകരാണ് ഇതിൽ പ്രത്യക്ഷപ്പെടുന്ന കഥാപാത്രങ്ങൾ. തീവണ്ടിയിലെ പെൺമുറി സ്ത്രൈണാനുഭവങ്ങളുടെ വൈവിദ്ധ്യങ്ങളിലേക്ക് വിരൽചൂണ്ടുന്നു. അന്യനെ കേട്ടിരിക്കാനുള്ള സ്ത്രീയുടെ കഴിവ്, അതിനു വേണ്ടി ചിലവഴിക്കുന്ന സമയം എന്നിവയുടെ പ്രസക്തി, ജീവിതത്തിൽ അവ എങ്ങിനെ ഉപയുക്തമാവുന്നു എന്നെല്ലാം പ്രസ്താവിക്കുന്ന കൃതിയാണ് ലേഡീസ് കൂപ്പെ.


സ്വയം തിരിച്ചറിവിലൂടെ സ്ത്രീ സഞ്ചരിക്കുന്ന ദൂരം, പുതിയ ദിശാബോധം, ആർജ്ജിക്കുന്ന ശക്തി തുടങ്ങിയവയുടെ ദൃശ്യാവിഷ്കാരമാണ് ലേഡീസ് കൂപ്പെ. സ്ത്രീ പെൺമ തിരിച്ചറിയുമ്പോൾ ദാമ്പത്യ ജീവിതത്തിന്റെ നൈതികത, സ്ത്രീ സമൂഹത്തിൽ അഭിനയിച്ചു ഫലിപ്പിക്കേണ്ടി വരുന്ന റോളുകളുടെ ശൂന്യത എന്നിവ തിരിച്ചറിയപ്പെടുന്നു.

ഒരു സ്വതന്ത്ര വ്യക്തിയായി സ്ത്രീ രൂപപ്പെടേണ്ടതിന്റെ ആവശ്യകതയും അതിന്റെ പ്രായോഗിക വശങ്ങളുമാണ് അനിതാനായർ ലേഡീസ് കൂപ്പെയിലൂടെ അവതരിപ്പിക്കുന്നത്. ഇതിനവരെ പ്രാപ്തയാക്കിയത് അവരുടെ തന്നെ വാക്കുകളിൽ " അറിയേണ്ടതെല്ലാം പഠിപ്പിക്കുകയും പിന്നെ സ്വന്തമിഷ്ടത്തിനു വിടുകയും ചെയ്ത" അമ്മ സൗമിനിയാണ്. ഒരു സ്ത്രീയെ തന്റെ ഇടം കണ്ടെത്താൻ സഹായിക്കുന്നത് മറ്റൊരു സ്ത്രീയാണെന്ന് നോവലിസ്റ്റ് തന്റെ ജീവിതത്തിലൂടെ വ്യക്തമാക്കുന്നു. ●

---

*പേജ് 49 തുടർച്ച*

അസംതൃപ്തവും ദുഃഖിതവുമായിത്തീരുന്ന ജീവിതത്തിൽ നിന്നുയരുന്ന അടിമയുടെ നിലവിളിയുടെ സാഹിത്യരൂപമാണ്. ചിലപ്പോഴത് ഉയർത്തെഴുന്നേൽക്കുന്നവളുടെ പ്രതിഷേധത്തിന്റെയും തിരിച്ചറിഞ്ഞവളുടെ ചെറുത്തുനില്പിന്റെയും സാഹിത്യരൂപമായി മാറും (സാറാ ജോസഫ്, 2002:24). കഥാകാരിയുടെ ഈ വാക്കുകൾ അന്വർത്ഥമാക്കുന്നവയാണ് അവരുടെ കഥകളെന്ന് വിശകലനത്തിൽ നിന്ന് ബോധ്യമാകും. നിലവിലിരുന്ന കഥാരീതികളിൽ നിന്ന് വ്യത്യസ്തമായി ഫെമിനിസ്റ്റ് വിചാരധാരയെ ഉൾക്കൊണ്ടുകൊണ്ട് കഥാരചനയിൽ സാറാ ജോസഫ് വരുത്തിയ പരിവർത്തനങ്ങളാണ് സാഹിത്യത്തിൽ മേൽക്കൈ നേടാൻ അവരെ സഹായിച്ചത്. സ്ത്രൈണാനുഭവങ്ങളുടെ അപ്രകാശിത മേഖലകൾ ആവിഷ്ക്കരിക്കുകയാണ് അവർ തന്റെ രചനകളിൽ. സ്ത്രീയുടെ സംഭ്രാന്തമായ അവസ്ഥകളുടെ ചിത്രീകരണത്തിൽ നിന്നും പുരുഷാധിപത്യ വ്യവസ്ഥയെ എതിർക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്ന തലത്തിലേക്കുള്ള വളർച്ച ആ കഥകളിൽ കാണാം. പുരുഷകേന്ദ്രിതവ്യവസ്ഥ തമസ്കരിക്കുകയും തിരസ്കരിക്കുകയും ചെയ്ത പെൺമയുടെ നിലവിളികളാണ് ആ കഥകളിൽ മുഴങ്ങി കേൾക്കുന്നത്. സാമ്പ്രദായിക വ്യവഹാരം സ്ത്രീയ്ക്കായി സൃഷ്ടിച്ചുവച്ച ഇടങ്ങളിൽ നിന്നും വ്യത്യസ്തമായി - അതിനു ബദലായി - പെണ്ണിന്റെ സ്വത്വപ്രകാശനം സാധ്യമാക്കുന്ന ഇടങ്ങൾ നിർമ്മിക്കാനും ആൺകോയ്മ വ്യവസ്ഥയ്ക്കെതിരെ ചെറുത്തുനിൽപ്പിന്റെ പെൺഭാഷ്യം ചമയ്ക്കാനുമുള്ള ശ്രമങ്ങളാണ് സാറാ ജോസഫിന്റെ രചനകളെ സാഹിത്യമണ്ഡലത്തിൽ അടയാളപ്പെടുത്തുന്നത് എന്നു കാണാം. ●



# നിർഭയം ഈ യാത്ര

യാത്ര

ഹൈഫ

സമയം പുലർച്ചെ 4.30. മേഘങ്ങൾക്കിടയിലൂടെ എത്തിനോക്കിക്കൊണ്ട് ശുഭയാത്രനേർന്ന് പുഞ്ചിരിതൂകുന്ന അർദ്ധചന്ദ്രനെ സാക്ഷിയാക്കി ഞങ്ങൾ യാത്ര ആരംഭിച്ചു. ഞങ്ങൾ വളരെ കുറച്ചുപേർ മാത്രമാണ് ബസ്സിലുണ്ടായിരുന്നത്. പാട്ടും ഡാൻസുമായി ഞങ്ങളുടെ ആഹ്ലാദത്തിമിർപ്പുകൾക്കിടയിൽ ഞങ്ങൾ അധികമാരെയും കണ്ടില്ല. പുറത്ത് പല നിറങ്ങളിലുള്ള ബൾബുകൾ പ്രകാശിക്കുന്നത് വണ്ടിയുടെ ജനാലക്കുള്ളിലൂടെ കാണാമായിരുന്നു. ആ വർണ്ണങ്ങൾക്ക് ശോഭകൂട്ടാനും അന്തരീക്ഷം തണുപ്പുള്ളതാക്കാനും വേണ്ടിയുള്ള നിഗൂഢമായ ശ്രമത്തിലായിരുന്നു ചുറ്റുമുള്ള കാറ്റ്. ഞങ്ങളൊഴികെ ലോകമെമ്പാടും ചിലപ്പോൾ നിദ്രയിലായിക്കാണും. വണ്ടിയിലിരുന്ന് കളിക്കുന്നതിനിടയിൽ ഞങ്ങളുടെ ഗൈഡ് പറഞ്ഞു "നമ്മൾ സൈലന്റ്‌വാലിയിലേക്കാണ് പോകുന്നത്". ചീവീടുകളില്ലാത്ത നിശബ്ദവനത്തെ കാണാൻ ഞങ്ങളേവരും ആകാംക്ഷയോടെ ഇരുന്നു. ആർപ്പുവിളികളോടെ സൈലന്റ് വാലിയിലേക്കുള്ള യാത്രതുടങ്ങി. പോകും വഴി പലരേയും കളിപ്പിച്ചും രസിപ്പിച്ചും ഞങ്ങൾ ഞങ്ങളുടെ കുസൃതികൾ ആരംഭിച്ചു. സൈലന്റ് വാലിയിലേക്കുള്ള ടിക്കറ്റ് എടുക്കാനായി ബസ് നിന്നു. അവിടെ ഞങ്ങൾ പ്രഭാതഭക്ഷണത്തിനായി ഇറങ്ങി. ടിക്കറ്റ് കിട്ടിയെന്നുള്ള വാർത്ത കേട്ടപ്പോൾ ഞങ്ങളെല്ലാവരുടേയും കണ്ണുകൾ തിളങ്ങി. കുന്തിപ്പുഴയെ ലക്ഷ്യമാക്കി നിശബ്ദമായ വനത്തിലൂടെയും താഴ്‌വരകളിലൂടെയും ബഹളം വെച്ചു പായുന്ന നദികളുടെ ഓളങ്ങൾ പോലെ ഞങ്ങളും യാത്രയായി. സൂര്യനെ ആലിംഗനം ചെയ്തുനിൽക്കുന്ന നിശബ്ദമായ മലകളിലൂടെ ഞങ്ങൾ വനയാത്ര നടത്തി. ഇടയ്ക്കിടെ ഞങ്ങളുടെ ഗൈഡ് സൈലന്റ് വാലിയെ കുറിച്ച് വർണ്ണിച്ചു. ഞങ്ങളേവരും അത് ചെവി കൂർപ്പിച്ചു കേട്ടിരുന്നു.

സൈലന്റ് വാലി എന്നത് ഒരു വനപ്രദേശമാണ്. ഈ കാടിന്റെ മാസ്മരികത പറഞ്ഞറിയിക്കാൻ പറ്റാത്തത്രയാണ്. ഇവിടെ ചീവീടുകൾ സ്ഥാനം പിടിക്കാതിരുന്നത് കൊണ്ടാണ് സൈലന്റ്‌വാലിക്ക്

നിശ്ശബ്ദവനം വന്ന പേരു വീണത്. എന്നാൽ ഇതിന്റെ സമീപപ്രദേശങ്ങൾ മൂന്നു രീതിയിലുള്ളതാണ്.

***1. ഇലപൊഴിയും കാടുകൾ***

അവിടെയുള്ള മരങ്ങളുടെ പ്രത്യേകതയെന്നു പറയുന്നത് ഇലകൾ കൊഴിഞ്ഞ് ആകാശത്തേക്ക് കൂർത്തുനിൽക്കുന്നവിധമുള്ള ചില്ലകളായിരിക്കും അവയ്ക്ക്.

***2. മിക്സഡ് ഫോറസ്റ്റ്***

ഇലപൊഴിയും വനങ്ങളുടെ കൂടെ മറ്റ് ചില മരങ്ങളും അടുത്തടുത്തായി കാണപ്പെടുന്നു. ഇവിടുത്തെ മരങ്ങൾ ഫർണിച്ചർ മേക്കിംഗിനും ഉപയോഗിക്കുന്നു.

***3. നിത്യഹരിതവനങ്ങൾ***

60cm ഉയരം വരെ ഇവിടെ മരങ്ങൾ ഉയർന്നു വളരുന്നു. കൂടാതെ സൂര്യപ്രകാശം വളരെ പതിയെ ഭൂമിയിലേക്ക് പതിക്കുന്നു.

സൈലന്റ്‌വാലിയെ നാലായി വിഭജിച്ചിരിക്കുന്നു.

1. സൈരന്ദ്രി
2. വാളക്കാട്
3. നീലിക്കൽ
4. പൂച്ചപ്പാറ

ഇതാണ് സൈലന്റ് വാലിയുടെ പ്രത്യേകത. സിംഹവാലൻ കുരങ്ങിന്റെ മുഖ്യവാസസ്ഥലമാണ് സൈലന്റ് വാലി. ഇവിടെ വ്യത്യസ്തമായൊരു ഓർക്കിഡ് കാണപ്പെട്ടു. പേര് Hipsio Malabarica . കൂടാതെ ഇരുന്നൂറ് വർഷത്തോളം പ്രായമായ ഒരു മുത്തച്ഛൻ മാവിനെയും കണ്ടു. അതെല്ലാം കാടിന്റെ തനതു തനിമയെ വളർത്തുന്നു. പോകുംവഴി ഞങ്ങൾ കാടിന്റെ മക്കളായ കാട്ടുമൃഗങ്ങളെക്കണ്ടു. സിംഹവാലൻ കുരങ്ങിനേയും പുലിയുടെ കാൽപ്പാടുകളും കണ്ടപ്പോൾ തുടങ്ങി വ്യത്യസ്തമായ ഒരനുഭൂതി ഞങ്ങളുടെ ഉള്ളിൽ ഉടലെടുത്തു. എല്ലാവരും കാടിന്റെ



*സിംഹവാലൻ കുരങ്ങ്*

ഭംഗി കണ്ണിമവെട്ടാതെ ആസ്വദിക്കുകയായിരുന്നു. അന്നേരം വനങ്ങൾ ഞങ്ങളുടെ സന്തോഷം കണ്ട് അസൂയപ്പെട്ടിട്ടുണ്ടാകുമോയെന്ന് ഒരു നിമിഷത്തേക്കാണെങ്കിൽ പോലും ഞാൻ സംശയിച്ചു പോയി. കാടിന്റെ ഭംഗിയറിഞ്ഞതിനു ശേഷം ഞങ്ങൾ കുന്തിപ്പുഴ കാണാനായി ടവറിനുമുകളിൽ കയറി. ആകാശത്തെ തൊട്ടു നിൽക്കുന്നപോലുള്ള ടവർ. മുകളിലേക്കെത്തിയപ്പോൾ നാലുഭാഗത്തും മലകളും മേഘങ്ങളും ചുറ്റപ്പെട്ടിരിക്കുന്നു. തെന്നിത്തെന്നിമാറുന്ന മേഘങ്ങൾ മലകൾ തൊട്ടുതലോടിക്കൊണ്ടിരിക്കുകയായിരുന്നു. സമയം ഒരുമണിയോടടുത്തപ്പോൾ ഞങ്ങൾ മടക്കയാത്ര ആരംഭിച്ചു.

അമിതമായ ആഹ്ലാദത്തിന്റെ ക്ഷീണം താമസിയാതെ ഞങ്ങളെ മയക്കത്തിലേക്ക് വീഴ്ത്തി. ഉച്ചഭക്ഷണം കഴിക്കാറായി എന്ന ആരുടേയോ ശബ്ദം കേട്ടാണ് ഞാനുണർന്നത്. അന്നേരം ഞങ്ങളുടെ വാൻ ഒരു ഹോട്ടലിനു മുമ്പിലായിരുന്നു. ഞങ്ങൾ ഓരോരുത്തരായി പുറത്തിറങ്ങി. ഞങ്ങൾ ഹോട്ടലിലേക്ക് പോയി. രാത്രിയെ വധിക്കാനായി സൂര്യൻ കിരണങ്ങൾ എയ്തുകൊണ്ടിരിക്കുകയാണ്. പകൽവെളിച്ചം തിളങ്ങി തുടങ്ങി. സൂര്യൻ ചന്ദ്രനുപകരം മേഘങ്ങൾക്കിടയിലൂടെ രാജപീഠത്തിൽ സ്ഥാനം ഉറപ്പിച്ചിരുന്നു. ഭക്ഷണം കഴിഞ്ഞ് ഞങ്ങൾ മലമ്പുഴയിലേക്ക് യാത്രയായി. പുറത്തേക്ക് നോക്കി കമന്റടിച്ചും പാട്ടുപാടിയും ഞങ്ങൾ മലമ്പുഴയിലെത്തി. അവിടെയെത്തിയപ്പോൾ എല്ലാവർക്കും സന്തോഷത്തിലധികം ആകാംക്ഷയായിരുന്നു. ഞങ്ങൾ ടിക്കറ്റ് എടുത്ത് ഉള്ളിലേക്ക് കടന്നു. അതിനുള്ളിൽ പൂച്ചെട്ടികളിൽ പൂക്കൾ വിരിഞ്ഞു നിൽക്കുന്നു. അതിന്റെ നറുമണം കാറ്റിൽ നിന്നും നുകർന്നതുകൊണ്ടായിരിക്കും പൂമ്പാറ്റകൾ പറന്നെത്തി. ഈ മഹാപ്രപഞ്ചത്തെ നിസ്സാരമായി നോക്കി നിൽക്കുന്ന പൂക്കൾ സൂര്യനോട് സംസാരിക്കുന്നത് പോലെ

എനിക്ക് തോന്നി. അതുകൊണ്ട് തന്നെ ഒത്തിരി നേരം ഞാൻ അതിനെ നോക്കി നിന്നു. കാറ്റിന്റെ ദിശ എങ്ങോട്ടാണെന്ന് നോക്കിയപ്പോൾ 4 ദിക്കിൽ നിന്ന് കാറ്റ് വീശുന്നതായി അനുഭവപ്പെട്ടു. ആ പാർക്കിനുള്ളിൽ ഞങ്ങൾ വീണ്ടും നടന്നു. ഡാമിന്റെ മുകളിലെത്താനുള്ള ഞങ്ങളുടെ ആഗ്രഹം അതിയായി വർദ്ധിച്ചു. അങ്ങനെ ഞങ്ങൾ അതിനു മുകളിലെത്തി. കുതിച്ചു പായുന്ന പുഴയുടെ സ്വാതന്ത്ര്യവും സന്തോഷവും കണ്ട് ഞാൻ അസൂയപ്പെട്ടു. അവയുടെ ഓളങ്ങളിൽ തട്ടി പ്രതിഫലിക്കുന്ന സൂര്യകിരണങ്ങൾ എന്നിൽ പതിക്കുന്നുണ്ടോ എന്ന് ഞാൻ സംശയിച്ചു.

തുടർന്ന് ഞങ്ങൾ നടന്നു നീങ്ങിയെത്തിയത് മലമ്പുഴയ്ക്ക് പേരും പ്രശസ്തിയും നൽകിയ യക്ഷിയുടെ മുമ്പിലായിരുന്നു. കാനായി കുഞ്ഞിരാമൻ എന്ന ശിൽപി അതിമനോഹരമാക്കിയ ആ ശിൽപത്തിന് ഞാൻ മനസ്സ് കൊണ്ട് അഭിനന്ദനങ്ങളർപ്പിച്ചു. തുടർന്ന് പുനർജന്മമെടുത്തെത്തിയ ചന്ദ്രനും സൂര്യനുമിടയിൽ യുദ്ധം നടക്കുമോ എന്ന് കരുതി ഞാൻ മിഴിച്ചുനോക്കി. പക്ഷേ എന്റെ ആകാംക്ഷയ്ക്ക് അറുതി കൽപ്പിച്ചു കൊണ്ട് സൗഹൃദം തൂകുന്ന പുഞ്ചിരിയോടെ പരസ്പരം സ്നേഹവാക്യങ്ങൾ പങ്കുവെച്ച് പുലരിയിൽ കാണാമെന്ന വാഗ്ദാനത്തോടെ സൂര്യൻ ആഴങ്ങളിലേക്ക് മറഞ്ഞു. സൂര്യന്റെ തുടിപ്പ് എത്ര മനോഹരമായിരിക്കുന്നുവെന്ന് പറഞ്ഞറിയിക്കാൻ പറ്റുന്നില്ല. അതിമനോഹരമായ ആ കാഴ്ചവിട്ട് പോവാൻ ഞങ്ങൾക്ക് സങ്കടമായിരുന്നു. എങ്കിലും ചന്ദ്രന്റെ പുനർജന്മമറിഞ്ഞെത്തിയ നക്ഷത്രക്കൂട്ടങ്ങൾ അതിനുചുറ്റും തടിച്ചുകൂടി. തിരിച്ചുപോകും വഴി ഞാൻ ആ പൂക്കളോടും സൂര്യദേവനോടും യാത്രപറഞ്ഞു. പ്രകൃതിസൗന്ദര്യം ഒത്തിണങ്ങിയ പ്രദേശം തന്നെയാണ് 'മലമ്പുഴ' സൂര്യൻ ചന്ദ്രനോട് യാത്രപറയുന്നതിനോടൊപ്പം ഞങ്ങൾ മലമ്പുഴയോടും യാത്ര പറഞ്ഞു. യാത്രയ്ക്കിടയിൽ ഞങ്ങളെ തഴുകിപാഞ്ഞു പോകുന്ന കാറ്റിന്റെ ലക്ഷ്യം എന്തായിരിക്കുമെന്ന് ഞാൻ മനസ്സ് കൊണ്ട് തിരഞ്ഞു. പക്ഷേ, ഉത്തരം കിട്ടിയില്ല. രാത്രി ഭക്ഷണം കഴിഞ്ഞ് ഞങ്ങൾ ഒരു സെക്കന്റ് ഷോ കാണാനുള്ള പുറപ്പാടിലായി. "ഒരു വടക്കൻ സെൽഫി" യും കണ്ട് ഒരു സെൽഫിയുമെടുത്ത് ഞങ്ങൾ യാത്രതിരിച്ചു. രാത്രിയുടെ അവസാനയാമങ്ങളിൽ പുറം ലോകം കാണാൻ എത്തിനോക്കുന്ന പൂമൊട്ടുകളോടും അവയുടെ നറുമണം നുകരുന്ന പൂമ്പാറ്റകളോടും ചിപ്പിക്കുള്ളിൽ സ്ഥാനം പിടിച്ച മഞ്ഞുതുള്ളികളോടും പുഴയിലെ ഓളങ്ങളോടും യാത്ര പറഞ്ഞ് പുലരിവെളിച്ചത്തിന്റെ ആദ്യയാമങ്ങളിൽ ചെറുകാറ്റിന്റെ അകമ്പടിയോടെ ഞങ്ങൾ യാത്രയ്ക്ക് വിരാമം കുറിച്ചു. ●

## കാർട്ടൂൺ



ശാസ്ത്രം

# വെളിച്ചം വിതറാൻ ഗ്രാഫീൻ ബൾബ്



സീമ ശ്രീലയം



രാജ്യാന്തര പ്രകാശവർഷത്തിൽ വെളിച്ചം വിതറാൻ എത്തുകയാണ് ഗ്രാഫീൻ ബൾബുകൾ. എന്താണീ ഗ്രാഫീൻ എന്നാണോ സംശയം? ഒറ്റ ആറ്റത്തിന്റെ മാത്രം കട്ടിയുള്ള കാർബൺ ആറ്റങ്ങളുടെ പാളിയാണ് ഗ്രാഫീൻ. പതിനൊന്ന് വർഷങ്ങൾക്ക് മുൻപ് റഷ്യൻ ശാസ്ത്രജ്ഞരായ കോൺസ്റ്റൻറ്റെയ്ൻ നൊവോസെലോവ്, ആന്ദ്രെ ഗീം എന്നീ ശാസ്ത്രജ്ഞരാണ് മാഞ്ചസ്റ്റർ സർവ്വകലാശാലയിൽ വച്ച് ഈ അത്ഭുത പദാർഥം ആദ്യമായി വേർതിരിച്ചെടുത്തത്. തേനീച്ചക്കൂടുപോലെ ഷഡ്ഭുജാകൃതിയിൽ ഇടതൂർന്ന ക്രിസ്റ്റലീയ ഘടനയുള്ള ദ്വിമാന കാർബൺ ആറ്റങ്ങളുടെ പാളിയാണ് ഗ്രാഫീൻ. ഈ നേട്ടം 2010 ലെ ഊർജതന്ത്ര നൊബേൽ സമ്മാനത്തിന് അർഹമാവുകയും ചെയ്തു. ഭാരം തീരെക്കുറഞ്ഞ, ചുരുട്ടി മടക്കി വയ്ക്കാൻ കഴിയുന്ന ഡിസ്പ്ലേ സ്ക്രീനുകളും അതിവേഗ കമ്പ്യൂട്ടറുകളും മുതൽ ഭാരം കുറഞ്ഞ ബഹിരാകാശ വാഹനങ്ങൾ വരെ നീളുന്നു ഗ്രാഫീന്റെ വിസ്മയങ്ങൾ. ഗ്രാഫീൻ കൊണ്ട് അത്ഭുതങ്ങൾ സൃഷ്ടിക്കാനുള്ള മൽസരത്തിലാണ് പല പ്രമുഖ ഗവേഷണശാലകളും.

ടങ്സറ്റൺ ഫിലമെന്റുപയോഗിക്കുന്ന ഇൻകാൻഡസന്റ് ബൾബുകളെക്കാൾ ഊർജക്ഷമതയുള്ളവയാണ് സിഎഫ്എല്ലുകൾ. അതിനെക്കാൾ ഊർജക്ഷമതയുള്ളവയാണ് എൽഇഡി ബൾബുകൾ. ഇപ്പോഴിതാ ഈ രംഗത്തെ താരമാകാൻ എത്തുകയാണ് ഗ്രാഫീൻ ബൾബുകൾ. മാഞ്ചസ്റ്റർ സർവ്വകലാശാലക്ക് കീഴിലുള്ള നാഷണൽ ഗ്രാഫീൻ ഇൻസ്റ്റിറ്റ്യൂട്ടിലാണ് ഗ്രാഫീൻ ബൾബിന്റെ പിറവി. ഗ്രാഫീൻ ആവരണമുള്ള ഫിലമെന്റാണ് ഇതിൽ ഉപയോഗിക്കുന്നത്. എൽഇഡി ബൾബുകളെ അപേക്ഷിച്ച് പത്ത് ശതമാനം കുറവ് വൈദ്യുതി മതി ഇതിന്. ഊർജക്ഷമതയോടൊപ്പം ആയുസ്സ് കൂടുതലും നിർമ്മാണച്ചെലവ് കുറവും കനം കുറവും പരിസ്ഥിതി സൗഹൃദപരവും ആണെന്നുള്ളത് ഗ്രാഫീൻ ബൾബുകളുടെ ശോഭ കൂട്ടുന്നു. ഗ്രാഫീൻ ആവരണമുള്ള ഫിലമെന്റാണ് ഗ്രാഫീൻ ബൾബുകളുടെ സവിശേഷത. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ ഗ്രാഫീൻ ബൾബുകൾ വ്യാപകമാവുമെന്നും അത് ലോകത്ത് വെളിച്ചം വിതറുമെന്നാണ് ഗവേഷകരുടെ പ്രതീക്ഷ.

തോമസ് ആൽവാ എഡിസൺ വൈദ്യുത ബൾബിൽ ഫിലമെന്റായി ആദ്യം ഉപയോഗിച്ചത് കാർബൺ ആയിരുന്നു. ഇപ്പോൾ ഗ്രാഫീൻ ബൾബിലും ഫിലമെന്റ് കാർബണിന്റെ ഒരു രൂപാന്തരം തന്നെ ! അത് പക്ഷേ ഉരുക്കിനെക്കാൾ ഇരുന്നൂറു മടങ്ങോളം ഉറപ്പുള്ള ഗ്രാഫീൻ ആണെന്നു മാത്രം. ഗ്രാഫീൻ ആവരണം ചെയ്ത ഫിലമെന്റിലൂടെ വൈദ്യുതി കടന്നുപോവുമ്പോൾ താപനില ഏതാണ്ട് 2500 ഡിഗ്രി സെൽഷ്യസ് വരെയെത്തുകയും ദൃശ്യപ്രകാശം ചൊരിയുകയും ചെയ്യും. പക്ഷേ അപ്പോഴും ലോഹ ഇലക്ട്രോഡുകൾ ഉരുകുന്നില്ല എന്നതാണ് പ്രത്യേകത. ഗ്രാഫീന്റെ താപനില കൂടുമ്പോൾ അതിന്റെ താപചാലകത കുറയും എന്ന സവിശേഷതയാണ് ഇതിനു കാരണം. ഗ്രാഫീൻ ബൾബുകൾ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കാനുള്ള ശ്രമത്തിലാണ് ഇപ്പോൾ ഗ്രാഫീൻ ലൈറ്റിങ് കമ്പനി. വിപണിയിൽ എത്താൻ പോവുന്ന ആദ്യ ഗ്രാഫീൻ ഉല്പന്നമാണ് ഇത് എന്ന സവിശേഷതയുമുണ്ട്. നൂറുകണക്കിനും ഗവേഷകരും നിരവധി കമ്പനികളും കൈകോർക്കുന്ന നാഷണൽ ഗ്രാഫീൻ ഇൻസ്റ്റിറ്റ്യൂട്ടും ബ്രിട്ടനിൽ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. ●



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kaladi-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara